# ഉള്ളടക്കം


അതിരൂപതാ അസംബ്ലി വിഷയാവതരണരേഖ
സർക്കുലർ 2

I. ആമുഖം I & II എപ്പാർക്കിയൽ അസംബ്ലി
ഒരവലോകനം 4

II. സുവിശേഷവത്ക്കരണത്തിന്റെ പശ്ചാത്തലത്തിൽ
കുടുംബം നേരിടുന്ന അജപാലന വെല്ലുവിളികൾ 11

III. ഫ്രാൻസീസ് പാപ്പ അതിരൂപതാ അസംബ്ലിക്ക്
നൽകുന്ന ദിശാബോധം 28

IV. അല്മായരുടെ പങ്കാളിത്തവും നേതൃത്വവും
കോട്ടയം അതിരൂപതയിൽ 39

V. മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലി 48

VI. അതിരൂപതാതിർത്തിക്ക് വെളിയിലുള്ള
ക്നാനായക്കാരുടെ അജപാലന ശുശ്രൂഷ 56

Circular No. 155
അതിരൂപതാ അസംബ്ലി
വിഷയാവതരണരേഖ

Catholic Metropolitan s House
P.B. No. 71, Kottayam - 01
Kerala, India

Date: 29-08-2014

പ്രിയ ബഹു. അച്ചാ/സിസ്റ്റർ/ സുഹൃത്തെ,

2014 സെപ്റ്റംബർ 9 മുതൽ 12 വരെ ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്ന മൂന്നാമത് അതിരൂപത അസംബ്ലിയിലെ ഒരംഗമായി തെരഞ്ഞെടുക്കപ്പെട്ടതിൽ ഞാൻ നിങ്ങളെ അഭിനന്ദിക്കുകയും നിങ്ങളുടെ സജീവമായ സാന്നിദ്ധ്യവും സഹകരണവും അസംബ്ലിയുടെ വിജയത്തിനു കാരണമാകട്ടെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. അതിരൂപതയുടെ സമഗ്രമായ നവീകരണത്തിനും അജപാലനപരമായ വളർച്ചയ്ക്കും സഹായകരമായ നിർദ്ദേശങ്ങൾ ഈ അസംബ്ലിയിൽ ഉണ്ടാകുവാൻ നിങ്ങളുടെ സജീവ ഭാഗഭാഗിത്തം ഏറെ സഹായിക്കട്ടെ.

"ഐക്യത്തിലും ശുശ്രൂഷയിലും വിശ്വാസ വെളിച്ചത്തിലേക്ക്" നമ്മുടെ അതിരൂപതയെ നയിക്കാൻ പരിശുദ്ധാത്മാവിനോട് പ്രാർത്ഥിക്കുന്നതോടൊപ്പം വിഷയാവതരണരേഖയിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങളെക്കുറിച്ച് സുചിന്തിതമായ അഭിപ്രായരൂപീകരണവും പ്രായോഗിക നിർദ്ദേശങ്ങളും നൽകുവാൻ ഏവരും ശ്രമിക്കേണ്ടതുണ്ട്.

ഈ അസംബ്ലിയിൽ നമ്മുടെ പരിഗണനയ്ക്കായി വിവിധങ്ങളായ കാലിക വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപ്പാപ്പ തുടങ്ങിവച്ച "സുവിശേഷ ശൈലി" സഭയ്ക്ക് ആകമാനം ഉണർവ് പകരുന്നുണ്ട്. ആ വന്ദ്യ പിതാവിന്റെ അജപാലനശൈലി നമ്മുടെ അതിരൂപതയിലും പ്രാവർത്തികമാക്കാനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ ഈ അസംബ്ലിയിലുണ്ടാവുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. അതുപോലെ റോമിൽ നടക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ വിഷയമായ "സുവിശേഷവത്ക്കരണത്തിന്റെ പശ്ചാത്തലത്തിൽ കുടുംബം നേരിടുന്ന അജപാലന വെല്ലുവിളികൾ" നമ്മുടെ സമൂഹത്തിലും ഇന്ന് ഏറെ പ്രസക്തമാണ്. കുടുംബങ്ങൾ തമ്മിലുള്ള കൂട്ടായ്മ വളർത്തി അതിൽ നിന്നും ഉത്ഭൂതമാകുന്ന





വിശ്വാസജീവിത മൂല്യങ്ങൾ മക്കൾക്ക് പകർന്നു നൽകുമ്പോഴാണ് ക്നാനായ സമൂഹത്തിന്റെ ക്രൈസ്തവസാക്ഷ്യം കൂടുതൽ പ്രശോഭിതമാകുന്നത്. ഇക്കാര്യത്തിൽ വൈദികരും സന്യസ്തരും അൽമായരും ഒന്നുചേർന്നു ഉണർന്ന് പ്രവർത്തിക്കുമ്പോൾ നമ്മുടെ സമുദായം വിശ്വാസ സമൂഹവും, മിഷനറി സമൂഹവുമായി രൂപാന്തരപ്പെടും.

സാർവത്രികസഭയുടെ നിർദ്ദേശങ്ങളുടേയും സീറോമലബാർ സഭയുടെ പൈതൃകത്തിന്റെയും അടിസ്ഥാനത്തിൽ സമ്മേളിക്കുന്ന അതിരൂപത അസംബ്ലി നമ്മുടെ മുന്നോട്ടുള്ള അജപാലന പ്രവർത്തനങ്ങൾക്ക് വ്യക്തമായ ദർശനങ്ങൾ നൽകേണ്ടതുണ്ട്. അതിനാൽ അസംബ്ലിയുടെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധിയെന്ന നിലയിൽ നിങ്ങൾക്കുള്ള ഉത്തരവാദിത്തം വലുതാണെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു. ഫൊറോനകളിലും ഇടവകകളിലും നടത്തിയ വിവിധ ചർച്ചകളിൽനിന്നും ക്രോഡീകരിച്ച ഈ വിഷയാവതരണരേഖ ആഴത്തിൽ പഠിച്ച് അവധാനപൂർവ്വം ചിന്തിച്ച് പരിശുദ്ധാത്മാവിന്റെ നിറവിനായി പ്രാർത്ഥിച്ചു കൊണ്ട് ഈ അസംബ്ലിയിൽ എല്ലാവരും പങ്കെടുക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അതിരൂപതയിലെ മുഴുവൻ ദൈവജനത്തിന്റെ ആത്മീയ-ഭൗതിക വളർച്ചയ്ക്ക് ഉപകാരപ്രദമാകുന്ന നല്ല നിർദ്ദേശ ങ്ങൾ രൂപപ്പെടുത്തുവാൻ ഈ അസംബ്ലിക്ക് കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവം,

**മാർ മാത്യു മൂലക്കാട്ട്**
കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

# I. ആമുഖം – I & II എപ്പാർക്കിയൽ അസംബ്ലി ഒരവലോകനം

## I. പ്രഥമ എപ്പാർക്കിയൽ അസംബ്ളി

പ്രാദേശികസഭയായ രൂപതയുടെ അജപാലനശുശ്രൂഷ ഫലപ്രദമായി നിർവ്വഹിക്കുന്നതിനു ആവശ്യമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും നല്കി രൂപതാദ്ധ്യക്ഷനെ സഹായിക്കുന്ന സമിതിയാണ് എപ്പാർക്കിയൽ അസംബ്ലി. ശതാബ്ദി പിന്നിട്ട കോട്ടയം അതിരൂപതയുടെ പ്രഥമ എപ്പാർക്കിയൽ അസംബ്ലി മഹാജൂബിലി വർഷത്തിലാണ് നടന്നത്. സഭയെയും അതുവഴി സമുദായത്തെയും നവീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ആദ്യ അസംബ്ലി വിളിച്ചു കൂട്ടിയത്. പതിനേഴ് നൂറ്റാണ്ടുകളായി കേരള സഭയിൽ തനതായ ആചാരാനുഷ്ഠാനങ്ങളോടും പാരമ്പര്യങ്ങളോടുംകൂടി ക്രൈസ്തവ വിശ്വാസം അഭംഗുരം കാത്തുസൂക്ഷിക്കുന്ന ക്നാനായ സമുദായത്തിന്റെ ക്രൈസ്തവസാക്ഷ്യത്തെപ്പറ്റി വിശദമായ വിലയിരുത്തൽ അസംബ്ലിയിൽ നടത്തി. 2000 സെപ്റ്റംബർ 11 മുതൽ 15 വരെ ചൈതന്യ പാസ്റ്ററൽ സെന്ററിലാണ് അസംബ്ലി നടന്നത്. സഭയുടെ മക്കളെന്ന നിലയിലും സമുദായാംഗങ്ങളെന്ന നിലയിലുമുള്ള സ്വത്വബോധത്തിൽ വളരുവാൻ ഉതകുന്ന പല പ്രായോഗിക നിർദേശങ്ങളും പ്രഥമ അസംബ്ലി മുന്നോട്ടുവച്ചു. സമുദായ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടനകൾ വഴി സജീവമാക്കുവാനും തനിമയിൽ വളരുവാനും അതു സഹായകരമാവുകയും ചെയ്തു.

ഇടവകതലത്തിൽ കൂടാരയോഗങ്ങൾ സജീവമാകുന്നതിന് അസംബ്ലി നിമിത്തമായി. ദൈവവിളി പ്രോത്സാഹന മേഖലയിൽ കൂടുതൽ സാധ്യതകൾ കണ്ടെത്തുന്നതിനും അസംബ്ലി ഉപകരിച്ചു. തിരുനാളിനോടനുബന്ധിച്ച് കവലകളിൽ നടന്നു വന്നിരുന്ന വചന പ്രഘോഷണം ദേവാലയത്തിലേക്കു മാറ്റണമെന്ന നിർദേശം അസംബ്ലി മുന്നോട്ടു വയ്ക്കുകയും അത് നടപ്പിലാവുകയും ചെയ്തു. തിരുനാളുകൾ കൂടുതൽ ആത്മീയശോഭയുള്ളതാക്കുന്നതിനും ആഢംബരഭ്രമം കുറയ്ക്കുന്നതിനും അസംബ്ലി നല്കിയ നിർദേശങ്ങൾ ഉപകരിച്ചു. തിരുനാളുകളിലെ ആഢംബരഭ്രമവും പ്രകടനപരതയും കുറയ്ക്കുന്നതിന് നല്ല നിർദ്ദേശങ്ങൾ നല്കിയെങ്കിലും അവ വേണ്ടവിധം സ്വീകരിക്കപ്പെട്ടിട്ടില്ല. അജപാലന ശുശ്രൂഷ കൂടു





തൽ ഫലപ്രദമാക്കുന്നതിന് വൈദികർക്ക് ഫോർമേഷൻ കോഴ്സുകൾ തുടങ്ങിയതും അസംബ്ലിക്കു ശേഷമാണ്.

ക്നാനായ സമൂഹത്തിന്റെ ക്രൈസ്തവ സാക്ഷ്യം എന്ന വിഷയാവതരണ രേഖയുടെ അടിസ്ഥാനത്തിൽ രൂപതയും സമുദായവും നേരിടുന്ന വെല്ലുവിളികളെക്കുറിച്ച് സമഗ്രമായ പഠനം നടത്തുവാനും, ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ നൂതനമായ ആശയങ്ങളും പ്രായോഗിക നിർദേശങ്ങളും ഉൾക്കൊണ്ടുകൊണ്ട് നിയതമായ കർമ പരിപാടികൾ നടപ്പാക്കുവാനും ആദ്യ അസംബ്ലി സഹായകമായി.

## II. രണ്ടാം എപ്പാർക്കിയൽ അസംബ്ലി

2008 ജനുവരി ഒമ്പതു മുതൽ 11 വരെ തീയതികളിൽ നടന്ന രണ്ടാമത് എപ്പാർക്കിയൽ അസംബ്ലി പ്രധാനമായും ലക്ഷ്യംവച്ചത് ശതാബ്ദി ആഘോഷങ്ങൾക്കായി അതിരൂപതയെ ഒരുക്കുക എന്നതായിരുന്നു. കുടുംബം, ഇടവക, അതിരൂപത എന്നീ തലങ്ങളിൽ മൂന്നുവർഷംകൊണ്ട് വിവിധങ്ങളായ കർമപരിപാടികളിലൂടെ സമുദായാംഗങ്ങളെ തനിമയിലേക്കും ഒരുമയിലേക്കും വിശ്വാസനിറവിലേക്കും നയിക്കുവാൻ അസംബ്ലി സഹായിച്ചു.

സമുദായ ബോധവത്കരണത്തിലും വിശ്വാസപരിശീലനത്തിലും കുടുംബങ്ങൾക്ക് വലിയ പങ്കു വഹിക്കാനാകുമെന്ന് ഈ അസംബ്ലി വിലയിരുത്തി. വരുംതലമുറയെ സമുദായ സ്നേഹത്തിൽ വളർത്തുന്നതിന് പ്രയോജനം ചെയ്യുന്ന തനിമയിൽ ഒരു ജനത എന്ന പുസ്തകം എല്ലാ വീടുകളിലും എത്തിക്കുവാൻ കഴിഞ്ഞതും സമുദായ ബോധവത്കരണ ക്ലാസുകൾ ഇടവകതോറും നടത്തുവാൻ കഴിഞ്ഞതും ഏറെ ശ്ലാഘനീയമാണ്. നമ്മുടെ വിശ്വാസപൈതൃകത്തിന്റെ ഭാഗമായ കുടുംബപ്രാർത്ഥന, നോമ്പാചരണങ്ങൾ, കൗദാശിക ജീവിതം തുടങ്ങിയവയ്ക്ക് അർഹിക്കുന്ന പ്രാധാന്യം കുടുംബങ്ങളിൽ നൽകണമെന്ന് അസംബ്ലി നിർദേശിച്ചു.

ഇടവകയുടെ ബോർഡുകളിൽ ക്നാനായ കത്തോലിക്കാ ദേവാലയം എന്നു രേഖപ്പെടുത്തണമെന്ന അസംബ്ലി നിർദേശം എല്ലായിടത്തും തന്നെ നടപ്പാക്കി എന്നതു പ്രത്യേകം ശ്രദ്ധേയമാണ്. ഇടവകയുടെ അജപാലനകാര്യങ്ങളിൽ പ്രത്യേക ശുശ്രൂഷ ചെയ്യുന്ന പാരിഷ് കൗൺസിൽ അംഗങ്ങൾ, ദേവാലയ ശുശ്രൂഷികൾ, കൈക്കാരന്മാർ, അൾത്താര ബാലന്മാർ, മതാധ്യാപകർ എന്നിവർക്കായി പ്രത്യേക പരിശീലനങ്ങളും കൂട്ടായ്മകളും ഒരുക്കണമെന്ന് അസംബ്ലി

നിർദേശിക്കുകയുണ്ടായി. ഇടവക തിരുനാളുകളുടെ ആർഭാടങ്ങൾ കുറയ്ക്കണമെന്ന അസംബ്ലി നിർദേശം ചിലയിടങ്ങളിലെങ്കിലും പൂർണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഇടവകകളെപ്പറ്റി സമഗ്രമായി അറിയാൻ സാധിക്കുന്ന ക്നാനായ പോർട്ടൽ യാഥാർഥ്യമാക്കിയെങ്കിലും അത് എല്ലായിടത്തും അപ്ഡേറ്റ് ചെയ്യപ്പെടുന്നുണ്ടോ എന്ന സംശയം നിലനിൽക്കുന്നു.

**ശതാബ്ദി സ്മാരക പദ്ധതികൾ**

ശതാബ്ദി മുന്നിൽ കണ്ടുകൊണ്ട് അതിരൂപതാതലത്തിൽ പ്രധാനമായും മൂന്നു പദ്ധതികളാണ് അസംബ്ലി വിഭാവനം ചെയ്തത്.

**1. ശതാബ്ദി സ്മാരക വിദ്യാഭ്യാസ ഫണ്ട് (CEFAK):** സാമ്പത്തിക പരാധീനതമൂലം അതിരൂപതയിലെ വിദ്യാർത്ഥികളിൽ ആർക്കും ഉന്നതപഠനത്തിനുള്ള അവസരം നിഷേധിക്കപ്പെടുന്നില്ല എന്നു ഉറപ്പുവരുത്തുകയായിരുന്നു പദ്ധതിയുടെ ലക്ഷ്യം. മൂന്നു ഘട്ടമായി അറുനൂറോളം കുട്ടികൾക്ക് ഈ പദ്ധതിവഴി ഇതുവരെ സഹായം നല്കുവാൻ കഴിഞ്ഞിട്ടുണ്ട്. പ്രതീക്ഷിച്ച രീതിയിൽ ഫണ്ട് സമാഹരിക്കുവാൻ കഴിയാതെ വന്നതുകൊണ്ട് വിദ്യാർത്ഥികളുടെ പഠന ചെലവ് പൂർണമായും നൽകുവാൻ കഴിയുന്നില്ലെങ്കിലും, കുടുംബങ്ങൾക്ക് സാമ്പത്തികപ്രതിസന്ധിയിൽ ആശ്വാസം നല്കുവാൻ ഈ സഹായം ഉപകരിക്കുന്നുണ്ട്. ഒരു തുടർ പദ്ധതി എന്ന നിലയിൽ ആഗതമാകുന്ന അതിരൂപത അസംബ്ലിക്കും ഈ പദ്ധതിയുടെ സാധ്യതകൾ പഠനവിഷയമാക്കാവുന്നതാണ്.

**2. മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി:** ചികിത്സാചെലവുകൾ കുതിച്ചുയരുന്ന സാഹചര്യത്തിൽ കുടുംബങ്ങൾക്കു സഹായകമാകുംവിധത്തിൽ കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റി മുഖേനയും മലബാർ സോഷ്യൽ സർവീസ് സൊസൈറ്റി മുഖേനയുമാണ് ഈ പദ്ധതി നടപ്പിലാക്കിയത്. കെ.എസ്.എസ്.എസിലൂടെ 2688 കുടുംബങ്ങൾക്കായി 1,29,24,151 രൂപ സഹായം നല്കുവാൻ കഴിഞ്ഞു. കെ.എസ്.എസ്.എസ് ഈ പദ്ധതി ഇപ്പോഴും തുടരുന്നു. 3314 കുടുംബങ്ങൾ ഇപ്പോൾ പദ്ധതിയിലുണ്ട്. മലബാർ സോഷ്യൽ സർവീസ് സൊസൈറ്റി വഴി 1560 കുടുംബങ്ങളെ പദ്ധതിയിൽ ചേർക്കുകയും, 15 ലക്ഷം രൂപ ക്ലെയിം ഇനത്തിൽ വിതരണം ചെയ്യുകയും ചെയ്തു. ഇൻഷ്വറൻസ് പരിരക്ഷയുടെ നേട്ടങ്ങൾ കൂടുതൽ ജനങ്ങളിൽ എത്തിക്കുന്നതിന് ഈ പദ്ധതി സഹായകരമാകുന്നു.





**3. എന്റെ സ്നേഹവീട്:** എല്ലാ കുടുംബങ്ങൾക്കും വാസയോഗ്യമായ വീട് ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി വിഭാവനം ചെയ്തത്. എല്ലാ വീടുകളിലും എത്തിച്ച കുടുക്ക വഴിയാണു ഇതിനുള്ള തുക സമാഹരിച്ചത്. ഈ പദ്ധതിക്കു വേണ്ടി 1,06,46,600 രൂപ സമാഹരിക്കുവാനും 133 കുടുംബങ്ങൾക്ക് ഭവനപുനരുദ്ധാരണത്തിനായി എഴുപതിനായിരം രൂപ വീതവും, 11 കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ വീതവും നൽകാൻ കഴിഞ്ഞത് സമുദായാംഗങ്ങളുടെ സഹോദരസ്നേഹവും സാമൂഹ്യപ്രതിബദ്ധതയും പ്രതിഫലിപ്പിക്കുന്നതായിരുന്നു.

ശതാബ്ദിയുമായി ബന്ധപ്പെട്ട ആഘോഷങ്ങൾ ഫൊറോനകൾ കേന്ദ്രീകരിച്ച് നടത്തിയത് ശതാബ്ദിയുടെ ആവേശം അതിരൂപതയുടെ എല്ലാ ഭാഗത്തുമുള്ള ജനങ്ങളിൽ എത്തിക്കുവാൻ സഹായിച്ചു. ശതാബ്ദി സമാപനത്തോടനുബന്ധിച്ച് നടന്ന സാംസ്കാരിക റാലി ക്നാനായ മക്കളുടെ വലിയ കൂട്ടായ്മ വിളിച്ചോതുന്നതായിരുന്നു. ക്നാനായ മക്കൾ കുടിയേറിയ നാട്ടിലൊക്കെ ശതാബ്ദി ആഘോഷങ്ങളുടെ അലയടി ഉയർന്നതു ശ്രദ്ധേയമായിരുന്നു. സമാപന സമ്മേളനത്തിൽ പങ്കെടുക്കാൻ രാഷ്ട്രപതി പ്രതിഭാ പാട്ടീൽ എത്തിയതു പ്രത്യേകം സ്മരണീയമാണ്. ഒരു സമുദായം എന്ന നിലയിൽ പൊതുസമൂഹത്തിന്റെ അംഗീകാരവും ആദരവും നേടിയെടുക്കുവാനും അതോടൊപ്പം സമുദായാംഗങ്ങളിൽ ആത്മവിശ്വാസവും സ്വത്വബോധവും വളർത്തുവാനും ശതാബ്ദി ആഘോഷങ്ങൾ വഴിയൊരുക്കി.

**ചർച്ചാനിർദ്ദേശങ്ങൾ**

1. രണ്ടാം അസംബ്ലിയുടെ ഫലമായി രൂപം കൊണ്ട ശതാബ്ദി വിദ്യാഭ്യാസ സഹായഫണ്ടിന്റെ വിനിയോഗവും വിപുലപ്പെടുത്തുന്നത് സംബന്ധിച്ച്:
   - ഫണ്ട് ശേഖരണം ഒരു തുടർപ്രക്രിയ ആക്കുക.
   - ഫണ്ടിന്റെ പ്രയോജനം ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഡിഗ്രി വിദ്യാർത്ഥികൾക്ക് കൂടി ലഭ്യമാക്കുക.
   - ഫണ്ടിന്റെ പ്രയോക്താക്കളുടെ പക്കൽനിന്നും പ്രതീക്ഷിക്കുന്ന തിരിച്ചടവിന്റെ രീതിയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഒരു മാസത്തെ ശമ്പളം കൂടി സ്വീകരിക്കുക.

- ഇടവക പ്രവർത്തനങ്ങളോട് ആത്മാർത്ഥമായി സഹകരിക്കുന്ന കുടുംബങ്ങൾക്ക് മാത്രം ഫണ്ടിന്റെ പ്രയോജനം പരിമിതപ്പെടുത്തുക.
- വർഷത്തിൽ ഏതാനും ഞായറാഴ്ചകളിലെ സ്ത്രോത്ര കാഴ്ച ഫണ്ടിലേക്ക് ഉൾച്ചേർക്കുക.
- ആഘോഷ വേളകളിൽ ചിലവഴിക്കുന്ന തുകയുടെ നിശ്ചിത ശതമാനം ഫണ്ടിലേക്ക് സ്വീകരിക്കുക.
- തിരുനാളവസരങ്ങളിലെ നടവരവിന്റെ നിശ്ചിത ശതമാനം ഫണ്ടിലേക്ക് സ്വീകരിക്കുക.
- സന്യാസ സമൂഹങ്ങളിലെ വിദ്യാഭ്യാസ സഹായഫണ്ടുകൾ അതിരൂപതാ വിദ്യാഭ്യാസ ഫണ്ടുമായി ഏകോപിപ്പിക്കുക.
- ഓരോ ഇടവകയുടെയും വാർഷിക വരുമാനത്തിൽനിന്നും നിശ്ചിത തുക തിരട്ട് ഫീസിനോടൊപ്പം വിദ്യാഭ്യാസ സഹായഫണ്ടിലേക്ക് സ്വീകരിക്കുക.
- ഫണ്ടിന്റെ പ്രയോക്താക്കളെ കണ്ടെത്തുന്നതിൽ വ്യക്തമായ മാനദണ്ഡങ്ങളും സുതാര്യതയും ഉറപ്പ് വരുത്തുക.
- ഫണ്ട് വിനിയോഗം സംബന്ധിച്ചുള്ള പരാതികൾ പരിഹരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
- തിരുനാളുകൾക്കും നിർമാണപ്രവർത്തനങ്ങൾക്കും സെസ് ഏർപ്പെടുത്തി ഫണ്ട് വിപുലീകരിക്കുക.
- ഫണ്ടിന്റെ വിനിയോഗത്തിൽ പിന്നോക്ക മേഖലകൾക്ക് കൂടുതൽ പരിഗണന നല്കുക.
- വാർഷിക കുടുംബ വരുമാനത്തിന്റെ ഒരു ശതമാനമെങ്കിലും CEFAK-ലേക്ക് ലഭിക്കത്തക്കവിധത്തിൽ വീടുകൾക്ക് കുടുക്ക നൽകുക.
- വിദേശ ഫണ്ടിംഗ് ഏജൻസികളിൽനിന്നും സംഭാവന സ്വീകരിക്കുക.
- ക്രിസ്മസ്, ഈസ്റ്റർ അവസരങ്ങളിൽ കുടുംബങ്ങളിലേക്ക് കവർ നൽകി സംഭാവനകൾ സ്വീകരിക്കുക.
- ഫണ്ടിന്റെ വിതരണവും തിരിച്ചടവും ഇടവക തലത്തിൽ പാരിഷ് കൗൺസിലിന്റെ നേതൃത്വത്തിൽ ആക്കുക.





- ഫണ്ട് കരുതൽ ധനമായി സൂക്ഷിച്ച് പലിശകൊണ്ട് മാത്രം സഹായം നൽകുക.
- ഫണ്ടിന്റെ പ്രയോക്താക്കളെ കണ്ടെത്തുന്നതിനായി ഒരു "Aptitude hunt" നടത്തുക.
- ഫണ്ടിന്റെ ഗുണഭോക്താക്കളെ കൂടെക്കൂടെ വിളിച്ച് ചേർക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.
- സാമ്പത്തിക സഹായം നൽകുന്നതോടൊപ്പം മൽസരപരീക്ഷകളിൽ വിജയിക്കുന്നതിനാവശ്യമായ പരിശീലന പദ്ധതികൾ ആവിഷ്ക്കരിക്കുക.
- ഫണ്ടിന്റെ ഗുണഭോക്താക്കളുടെ പഠനപുരോഗതിയും സ്വഭാവരീതികളും വിലയിരുത്തുന്നതിന് ഇടവകതലത്തിൽ കമ്മിറ്റി രൂപീകരിക്കുക.
- വിദ്യാഭ്യാസ ഫണ്ടിന്റെ പ്രയോജനം മെഡിക്കൽ, എൻജിനീയറിംഗ്, എം.ബി.എ., എം.സി.എ, സി.എ., സിവിൽ സർവ്വീസ് എന്നീ പഠനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തുക.
- തിരിച്ചടവിന്റെ സമയത്ത് ലഭിച്ച തുകയുടെ 20 ശതമാനമെങ്കിലും അധികം വാങ്ങുക.
- ഫണ്ട് ശേഖരണത്തിൽ ആത്മാർത്ഥമായി സഹകരിച്ച ഇടവകകളുടെ പേര് വിവരം വെളിപ്പെടുത്തുകയും അംഗീകരിക്കുകയും ചെയ്യുക.

2. മെഡിക്കൽ ഇൻഷുറൻസ് പദ്ധതിയുടെ പ്രയോജനം കൂടുതൽ കുടുംബങ്ങൾക്ക് ലഭിക്കത്തക്കവിധത്തിൽ വിപുലപ്പെടുത്തുന്നത് സംബന്ധിച്ച്:
   - പദ്ധതിയിൽ എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തുന്നതിന്റെ ഉത്തരവാദിത്വം കൂടാരയോഗ ഭാരവാഹികളെ ഏൽപ്പിക്കുക.
   - cashless ഇൻഷുറൻസ് പദ്ധതികൾ നടപ്പാക്കാൻ ശ്രമിക്കുക.
3. ക്നാനായ പോർട്ടൽ സമയബന്ധിതമായി അപ്ഡേറ്റ് ചെയ്യുന്നതിന് എല്ലാ ഇടവകകളിലും കമ്പ്യൂട്ടർവൽക്കരണം പ്രോത്സാഹിപ്പിക്കുക.

4. ‘എന്റെ സ്നേഹവീട്’ പദ്ധതിയുടെ പ്രയോജനം കൂടുതൽ വ്യാപിപ്പിക്കുന്നത് സംബന്ധിച്ച്:
   - മെയിന്റനൻസിനുള്ള സഹായം മാത്രം നൽകാതെ സമ്പൂർണ്ണ ഭവനങ്ങൾ നിർമ്മിക്കുന്നതിന് സഹായം നൽകുക.
   - പദ്ധതിയുടെ പ്രയോജനം വയനാട്, മലബാർ, ഹൈറേഞ്ച് മേഖലകളിലെ അർഹതപ്പെട്ടവർക്ക് മാത്രമായി പരിമിതപ്പെടുത്തുക.
5. സമുദായ ബോധവൽക്കരണ പരിപാടികൾ ഊർജ്ജിതപ്പെടുത്തണം. മതപഠനത്തിന്റെ ഭാഗമായി, ചെറിയ ക്ലാസുകൾ മുതൽ സമുദായ പഠനം ഉൾപ്പെടുത്തണം.



# II. സുവിശേഷവത്ക്കരണത്തിന്റെ പശ്ചാത്തലത്തിൽ കുടുംബം നേരിടുന്ന അജപാലന വെല്ലുവിളികൾ

**ഫാ. ജോസ് കോട്ടയിൽ**

റോമൻ സിനഡുകൾ 2014-ലും 2015-ലും കൂടുന്ന പശ്ചാത്തലത്തിൽ നടക്കുന്ന കോട്ടയം അതിരൂപതാ അസംബ്ലി കുടുംബത്തെക്കുറിച്ച് ഗൗരവപൂർവം പരിചിന്തിക്കുന്നത് തികച്ചും ഉചിതമാണ്. നമ്മുടെ കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികളും അവയ്ക്കുള്ള പരിഹാരങ്ങളും കണ്ടെത്തി കുടുംബത്തിന്റെ അജപാലനം ശക്തമാക്കുവാൻ അതു സഹായിക്കും.

## I. കുടുംബം നേരിടുന്ന പ്രതിസന്ധികൾ

സമൂഹത്തിന്റെയും സഭയുടെയും പിള്ളത്തൊട്ടിലായ കുടുംബം ലോകത്താകമാനം ഒരുപാടു ശക്തികളാൽ വെല്ലുവിളിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഒരുകണക്കിന് കുടുംബബന്ധങ്ങൾ തകർച്ചയുടെ വക്കിലാണുതാനും. ഈ വെല്ലുവിളികളിൽ ചിലത് ആഭ്യന്തരവും ചിലതു ബാഹ്യവുമാണ്. ഈ പ്രതിഭാസത്തിന് കേരളവും ശക്തമായി വിധേയപ്പെട്ടുകൊണ്ടാണിരിക്കുന്നത്. അവയിൽ പ്രധാനപ്പെട്ടവ നമുക്ക് ഹ്രസ്വമായി കാണാം.

### എ) വിവാഹമോചനം

കുടുംബബന്ധങ്ങൾക്കു പുകൾപെറ്റ നാടാണ് നമ്മുടേത്. 1980-ൽ റോമിൽ കുടുംബത്തെക്കുറിച്ച് നടന്ന സിനഡിൽ നമ്മുടെ പിതാക്കന്മാർ പറഞ്ഞത് വിവാഹമോചനം കേട്ടുകേൾവി പോലും ഇല്ലെന്നാണ്. യൂറോപ്പിലും മറ്റു പലയിടങ്ങളിലും അന്ന് വിവാഹമോചനങ്ങൾ വസന്ത പോലെ പടർന്നിരുന്നു. 1998-ൽ ഏഷ്യൻ സിനഡ് റോമിൽ നടക്കുമ്പോൾ നമ്മുടെ പിതാക്കന്മാർ പറഞ്ഞു, വിവാഹമോചനങ്ങൾ ഇവിടെയും കടന്നുവന്നിരിക്കുന്നു. 2005-ൽ കേരളത്തിൽ കുടുംബക്കോടതികൾ തുടങ്ങുമ്പോൾ 5000-ൽ താഴെ കേസുകൾ മാത്രമാണ് ഉണ്ടായിരുന്നത്. 2011 വരെ ഓരോ വർഷവും ആയിരത്തിനും രണ്ടായിരത്തിനും ഇടയിൽ വർദ്ധനയുണ്ടായി. 2011 മുതൽ അത് ഓരോ വർഷവും ഇരട്ടിയായി വർദ്ധിക്കുന്നുവെന്നത് നമ്മെ ഇരുത്തിചിന്തിപ്പിക്കണം. നമ്മുടെ ഓരോ രൂപതയിലും ശരാശരി 80 കേസുകളെങ്കിലും അസാധുവായി പ്രഖ്യാപിക്കുന്നതിന് വരു

ന്നുണ്ടെന്നതും നാം ഓർക്കണം. കുടിയേറ്റം വഴി പാശ്ചാത്യസം സ്കാരവുമായി നാം ഇടപഴകുന്നതു കൊണ്ട്, വിവാഹം സ്ഥിര മായി നില്ക്കേണ്ട ബന്ധമാണെന്ന ബോധ്യം കുറഞ്ഞുവരുന്നു. ഫ്രാൻസിസ് മാർപാപ്പാ പറയുന്നതുപോലെ നൈമിഷികതയുടെ സംസ്കാരം നമ്മെയും സ്വാധീനിക്കുന്നു (പ്രസംഗം, 2014 ഫെബ്രു വരി11). നീണ്ടുനില്ക്കുന്ന ബന്ധങ്ങൾ പറ്റില്ലെന്ന ചിന്ത പ്രചരിക്കു ന്നുണ്ട്. തോന്നലുകൾക്കും വികാരങ്ങൾക്കും വ്യക്തിഗത ആഗ്രഹ ങ്ങളുടെ സഫലീകരണത്തിനും അമിതമായ ഊന്നൽ ഇന്നു കൊടു ക്കുന്നു. വിവാഹം ആമരണം നിലനില്ക്കേണ്ട ബന്ധമാണെന്ന ഈശോയുടെ പ്രബോധനം വീണ്ടും ഉറപ്പിക്കുകയാണ് വേണ്ടത് (മത്താ 19:3-12; മർക്കോ 10:1-12; ലൂക്കാ 16:18, cf. ഉത്പ 1:26-28, 2:18 -25). ഏകഭാര്യാ ഭർത്തൃബന്ധത്തിനും സുസ്ഥിരമായ വിവാഹജീ വിതത്തിനും തുല്യതയാർന്ന ബന്ധത്തിനും ഈശോ ഊന്നൽ നല്കി. കുടുംബത്തിന്റെ ഭദ്രതയാർന്ന സംസ്കാരത്തിന് ക്രിസ്തു മതം നല്കിയ സംഭാവന വലുതാണ്. അതു മറക്കുന്നുവെന്നതാണ് അപകടകരം.

### ബി) ഉപഭോഗസംസ്കാരം

ആവശ്യം കൊണ്ടു തൃപ്തിപ്പെടാതെ, ആഡംബരം, ധൂർത്ത് എന്നിവയ്ക്കായി കടമെടുത്തും ക്രെഡിറ്റ് കാർഡ് മുഖേനയും നാം സാധനങ്ങൾ വാങ്ങിക്കൂട്ടുകയാണ്. കേരളം ഇക്കാര്യത്തിൽ ഇന്ത്യ യിലെ സംസ്ഥാനങ്ങളിൽ മുന്നിലാണ്. ടി.വി.കളും വാഹനങ്ങളും മൊബൈൽ ഫോണുകളും കമ്പ്യൂട്ടറുകളും വലിയ വീടുകളും ബ്യൂട്ടി പാർലറുകളും ജ്വല്ലറികളും മദ്യശാലകളും എല്ലാം കൂടുതൽ കേരള ത്തിലാണുള്ളത്. ഉപഭോക്തൃസംസ്കാരത്തിൽ ഒരാൾ വിലമതി ക്കപ്പെടുന്നത് അയാൾ എന്താണോ അതിനല്ല, അയാൾക്ക് എന്തുണ്ടോ എന്നതിനാണെന്നത് വിശുദ്ധ ജോൺപോൾ രണ്ടാ മൻ മാർപാപ്പാ കൂടെക്കൂടെ പറഞ്ഞിരുന്ന ഒരു കാര്യമാണ്. ഈ സംസ്കാരത്തിൽ ആസ്വദിക്കാവുന്നതും ഉപയോഗിക്കാവുന്നതും മാത്രമേ നല്ലതും വൈശിഷ്ട്യവുമായി പരിഗണിക്കുകയുള്ളൂ. ഇതിന്റെ പ്രത്യാഘാതം കുടുംബത്തിൽ പ്രകടമാകുന്നതിന്റെ ലക്ഷ ണമാണ് വൃദ്ധരും കുഞ്ഞുങ്ങളും ആസ്വാദ്യജീവിതത്തിന് ഭാരവും ശല്യവുമായിക്കരുതി ഒഴിവാക്കാൻ ശ്രമിക്കുന്നത്. കഴുത്തറപ്പൻ മത്സ രങ്ങളും ഏതു വിധേനയും ധനം സമ്പാദിക്കാനുള്ള ശ്രമവും ഭൗതി





കതയും സുഖലോലുപതയും ആർത്തിയുമെല്ലാം ഇതിന്റെ ഫല മാണ്.

പ്രതിവിധി: ലാളിത്യമാർന്ന ജീവിതശൈലി, അത് ഭാരതത്തിന്റെ പ്രത്യേകതയാണ്, വീണ്ടും കണ്ടെത്തണം.

സുവിശേഷത്തിന്റെ ആഹ്വാനവും അതുതന്നെയാണല്ലോ.

### സി) ആഗോളവത്കരണം

ആഗോളവത്കരണം ഇറക്കുമതി ചെയ്യുന്നത് വസ്തുക്കൾ മാത്ര മല്ല; മൂല്യങ്ങളുമാണ്. പലപ്പോഴും അവ അസാന്മാർഗികമാണ്. താളം തെറ്റിയ ധാർമ്മികതയിൽ കുടുംബമൂല്യങ്ങൾ തള്ളിപ്പറയുന്ന സംസ്കാരം അതു വളർത്തുന്നു. സ്വതന്ത്രവിവാഹം, പരീക്ഷണ വിവാഹം, സ്വവർഗവിവാഹം, വിവാഹമോചനം, ഗർ ഛിദ്രം, ഗർഭ നിരോധനം, ദയാവധം, സ്വതന്ത്രസെക്സ്, വിവാഹപൂർവ-വിവാ ഹേതര ലൈംഗികബന്ധങ്ങൾ, കൃത്രിമ ജീവോത്പാദനം എന്നിവ കൂടി ഇറക്കുമതി ചെയ്യുന്നു. ഇവ നടപ്പാക്കുന്നതിനും നിയമം മൂലം അംഗീകരിപ്പിക്കുന്നതിനും പുറത്തുനിന്നുള്ള സഹായം വലുതാ ണ് (ഉദാ. സ്വവർഗബന്ധം കുറ്റരഹിതമാക്കിയ ഡൽഹി വിധി വന്ന പ്പോൾ എത്ര വിദേശീയർ സന്തോഷപ്രകടനത്തിന് പങ്കെടുത്തു).

ആഗോളവത്കരണത്തിന്റെ ഫലമായി നമ്മുടെ സമ്പദ്ഘടന എപ്പോഴും ചാഞ്ചാട്ടത്തിലാണ്. കേരളത്തിൽ അതിന്റെ പ്രത്യാ ഘാതം കൂടുതൽ അനുഭവിക്കുന്നത് കൃഷിക്കാരാണ്. അവരാണ് ജനസംഖ്യയിൽ 70%. ഈ അസ്ഥിരതയുടെ ബലിയാടുകളാകുന്ന സാധാരണക്കാർ ആകുലതയുടെയും മാനുഷിക പിരിമുറുക്കത്തി ന്റെയും അടിമകളായി പലപ്പോഴും ആത്മഹത്യയിൽച്ചെന്ന് അവ സാനിക്കുന്നു. ആത്മഹത്യകളുടെയും ആത്മഹത്യാശ്രമങ്ങളുടെയും ശതമാനത്തിലും കേരളീയർ മുമ്പിൽത്തന്നെയാണ്. ലക്ഷത്തിൽ 29 പേർ കേരളത്തിൽ ആത്മഹത്യ ചെയ്യുന്നു, ദേശീയ ശരാശരി 9.5 ആണ്.

### ഡി) മാധ്യമങ്ങളുടെ നിഷേധപരമായ സ്വാധീനം

മാധ്യമങ്ങൾ - പത്രം, ടി.വി, സിനിമ, ഇന്റർനെറ്റ്, സൈബർ ക്ലിനിക്കുകൾ, മൊബൈൽ ഫോൺ, ഫേസ്ബുക്ക്, വാട്ട്സ് അപ്പ് - ഒരു പുതിയ സംസ്കാരം സൃഷ്ടിക്കുകയും അതിനെ പിൻതുണ യ്ക്കുകയും ചെയ്യുന്നു. മാധ്യമങ്ങളുടെ സ്വാധീനത്തിൽ കുടുംബമൂ ല്യങ്ങളുടെ പവിത്രത - പരസ്പരവിശ്വസ്തത, വിവാഹത്തിന്റെ

അഖണ്ഡത, കുടുംബസമർപ്പണം - അവമതിക്കപ്പെടുന്നു. ഈ മൂല്യങ്ങളൊക്കെ വ്യക്തിയുടെ വളർച്ചയ്ക്ക് വിഘാതമായിട്ടും ജീവിതത്തിന്റെ ഭാരമായിട്ടും അവതരിപ്പിക്കപ്പെടുന്നു. ഉപഭോഗസംസ്കാരം പ്രോത്സാഹിപ്പിക്കപ്പെടുന്നു. അശ്ലീലചിത്രങ്ങളും സാഹിത്യവും കുടുംബത്തിന്റെ ശ്രീകോവിലിൽ എത്തിപ്പെടുന്നു. കുടുംബാംഗങ്ങളുടെ സമാധാനം തകർക്കുകയും ചെയ്യുന്നു. വിവാഹമോചനങ്ങൾ സ്വീകാര്യമാണെന്നും സെക്സ് വെറും വിനോദത്തിനുള്ളതാണെന്നും സ്വവർഗരതി സ്വാഭാവികമാണെന്നും ഒക്കെ മാധ്യമങ്ങൾ പ്രചരിപ്പിക്കുന്നു. മാധ്യമങ്ങളുടെ അപകടസാധ്യതകളാണിവ. അതിനാൽ, മാധ്യമങ്ങൾ ശരിയായി ഉപയോഗിക്കാൻ കുടുംബങ്ങൾ പരിശീലിപ്പിക്കപ്പെടണം. വിവരങ്ങൾ ഏറെ നല്കുന്നുണ്ടെങ്കിലും അവ മിക്കപ്പോഴും വെറും ഉപരിപ്ലവങ്ങളാകുന്ന അപകടസാധ്യതയും ഉണ്ട്.

**ഇ) മേധാവിത്വം**

ക്രൈസ്തവജീവിതത്തിൽ ആധിപത്യം പാടില്ലെന്നത് ഈശോയുടെ വ്യക്തമായ പ്രബോധനമാണ്. എങ്കിലും പുരുഷമേധാവിത്വവും സ്ത്രീകൾക്കെതിരായുള്ള വിവേചനവും ഇന്നും നിലനില്ക്കുന്നു. സ്ത്രീകളെ രണ്ടാംതര പൗരന്മാരായി കാണുന്നു. ഭാര്യാഭർത്താക്കന്മാർ തുല്യപങ്കാളികളെന്ന ആശയം ഉറപ്പിക്കപ്പെടണം. എങ്കിൽ മാത്രമേ എല്ലാ മനുഷ്യരിലും ഒന്നുപോലെ പ്രകാശിക്കുന്ന ദൈവികചരായ വെളിവാക്കപ്പെടുകയുള്ളൂ.

കുടുംബജീവിതത്തിൽ പ്രവേശിക്കുന്നവർക്കിടയിൽ ഇന്ന് തങ്ങളുടെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള വർദ്ധിച്ച അവബോധമുണ്ട്. അത് സ്വാർത്ഥതയും വ്യക്തിഗതകാര്യവുമായി ചുരുങ്ങാതെ പരസ്പരം വ്യക്തിത്വം കാത്തുസൂക്ഷിക്കുന്നതിനും വളർത്തുന്നതിനും ഇടയാക്കണം. വിവാഹത്തിലൂടെ ഒരാളുടെ വ്യക്തിത്വം ഇല്ലാതാകുന്നതും പരസ്പരം ഇരുവരും തോന്ന്യാസം ജീവിക്കുന്നതും ഒരുപോലെ അപകടമാണ്. മറിച്ച് രണ്ടുപേരും ആത്മാർത്ഥമായ ആത്മദാനം നടത്തി വളരുന്നതിലാണ് വിവാഹത്തിന്റെ വിജയമടങ്ങിയിരിക്കുന്നത്. അതിന് സ്ത്രീയും പുരുഷനും പരസ്പരം എല്ലാ കാര്യങ്ങളിലും പങ്കുചേരുക ആവശ്യമാണ്. സ്ത്രീയുടെ മഹത്വവും തുല്യതയും അംഗീകരിക്കപ്പെടുകയെന്നതും പ്രധാനപ്പെട്ട കാര്യമാണ്.

**എഫ്) ദുരുപയോഗങ്ങൾ (Abuses)**

വളരെ ആഴത്തിൽ, വിശദമായി ഗവേഷണം നടത്തേണ്ട മേഖലയാണിത്. കുടുംബങ്ങൾ പലവിധത്തിലുള്ള ദുരുപയോഗങ്ങൾ അനുഭവിച്ചുകൊണ്ടാണിരിക്കുന്നത്. കുട്ടികൾ, ജീവിതപങ്കാളി, പ്രായമായവർ, ഇവരൊക്കെ വിവിധ തരത്തിൽ ചൂഷണം ചെയ്യപ്പെടുന്നുണ്ട്. ശാരീരികമായി, വൈകാരികമായി, ലൈംഗികമായി വാക്കുകളിലൂടെ.... ഒക്കെ പീഡനം നടക്കാറുണ്ട്. ഇവിടെ ഞാൻ വാക്കുകളിലൂടെയുള്ള പീഡനത്തെക്കുറിച്ച് മാത്രം പരാമർശിക്കുകയാണ്. മിക്ക കുടുംബങ്ങളിലും ഇതു സംഭവിക്കുന്നുണ്ട്. വാക്കുകൾക്ക് ആഴത്തിൽ മുറിപ്പെടുത്താനുള്ള കരുത്തുണ്ട്. താഴ്ത്തിക്കെട്ടാനും പ്രതിയോഗിയുടെ ദൗർബല്യത്തെ പെരുപ്പിച്ചു കാണിക്കാനും ഉദ്ദേശിച്ചുള്ള പ്രയോഗങ്ങൾ സാധാരണമാണ്. പല കുടുംബങ്ങളിലും ചില അംഗങ്ങൾ ആസൂത്രിതമായ വൈകാരിക പീഡനം അനുഭവിക്കാറുണ്ട്. പുച്ഛിച്ചു സംസാരിക്കുക, ബോധപൂർവ്വം അപമാനിക്കുക, അധിക്ഷേപിച്ച് സംസാരിക്കുക, കുറ്റപ്പെടുത്തി താരതമ്യം ചെയ്യുക ഇവയൊക്കെ വാക്കുകൾകൊണ്ട് വ്രണപ്പെടുത്തുന്ന മേഖലകളാണ്. ഇതിന്റെയൊക്കെ പരിണതഫലമായി വ്യക്തികൾ തങ്ങൾ ഒന്നിനും യോഗ്യതയില്ലാത്തവരാണെന്ന ചിന്തയിലേക്ക് താഴുന്നു. കേരളത്തിൽ എല്ലാത്തരത്തിലുമുള്ള പീഡനങ്ങൾ അടിക്കടി വർദ്ധിച്ചു വരികയാണെന്നാണ് വാർത്ത. ക്രൂരതയ്ക്ക് കിട്ടുന്ന സാംസ്കാരിക അംഗീകാരവും മാനസിക രോഗങ്ങളും, മദ്യം - മയക്കുമരുന്നുകൾക്കുള്ള അടിമത്തവും വ്യക്തിത്വ വൈകല്യങ്ങളുമാണ് ഇതിന്റെ പിന്നിലെ പ്രധാന കാരണങ്ങൾ. ബന്ധങ്ങൾ മനോഹരമാക്കാൻ ഫ്രാൻസിസ് മാർപാപ്പാ നല്കുന്ന കുറുക്കുവഴി പ്രായോഗികമാക്കണം. Silence, I am sorry, I thank you (2014 ഏപ്രിൽ 02).

**ജി) കുടിയേറ്റം**

കേരളീയർ വൻതോതിൽ കുടിയേറുന്ന ഒരു സമൂഹമാണ്, അതിൽ പ്രത്യേകിച്ചും ക്നാനായക്കാർ. സാമ്പത്തികമായ നേട്ടം അത് കുടുംബങ്ങൾക്കും സമൂഹത്തിനും നല്കിയിട്ടുണ്ട്. എന്നാൽ, യൂറോപ്പിലും അമേരിക്കയിലും ആസ്ട്രേലിയായിലുമൊക്കെ കുടിയേറിയിരിക്കുന്നവർ തിരിച്ചുവരില്ല. രണ്ടാം തലമുറയുടെ അവസ്ഥ എന്തായിരിക്കും? മുൻകൂട്ടിക്കണ്ട് പദ്ധതികൾ ആവിഷ്കരിക്കണം. പങ്കാളികളിൽ ഒരാൾ വിദേശത്തും മറ്റെആൾ നാട്ടിലുമായിരിക്കുന്നതിന്റെ പ്രത്യാഘാതങ്ങളും ചിന്തിക്കണം; ദാമ്പത്യ അവിശ്വസ്തതയും മാധ്യമങ്ങളുടെ ദുരുപയോഗവും അവരുടെയിടയിൽ ശക്തമാണ്. ഒറ്റ പേരൻറ് കുട്ടികളെ വളർത്തുന്നതിന്റെ പ്രശ്നങ്ങളും ഗൗരവപൂർവം കാണണം.

### എച്ച്) വിശ്വാസവും മൂല്യങ്ങളും അവഗണിക്കുന്നു

ഒരേ വിശ്വാസവും മൂല്യങ്ങളും ചിന്താഗതിയും താത്പര്യങ്ങളും പ്രതീക്ഷകളും ഉള്ളതു ഒന്നിച്ചുള്ള ജീവിതം സുകരമാക്കും. എന്നാൽ, അടുത്തകാലത്ത് വിവാഹങ്ങൾ നടക്കുമ്പോൾ ഇക്കാര്യങ്ങൾ വേണ്ടവിധം പരിഗണിക്കാതെ വരുന്നുണ്ട്. അന്യമതസ്ഥരും ചില പ്രത്യേക പ്രത്യയശാസ്ത്രങ്ങളിലോ പ്രസ്ഥാനങ്ങളിലോ പ്രവർത്തിക്കുന്നവരും തമ്മിലുള്ള വിവാഹബന്ധങ്ങൾ കുടുംബജീവിതത്തിലെ സമാധാനാന്തരീക്ഷത്തിന് കോട്ടം വരുത്തുന്നുണ്ട്. ആശയങ്ങളും അനുഷ്ഠാനങ്ങളും കൂട്ടിമുട്ടുമ്പോൾ കുടുംബങ്ങളിൽ ഗൗരവാവഹമായ സംഘർഷങ്ങൾ, നിരാശകൾ ഉണ്ടാകുന്നതും അനുഭവമാണ്.

വിവാഹത്തിന് ഒരു വിശ്വാസമാനമുണ്ട്. അതിനാൽ, വിവാഹിതരാകുന്നവർക്ക് വിശ്വാസത്തിന്റെ കാര്യത്തിലുള്ള യോജിപ്പും പ്രധാനപ്പെട്ടതാണ്. ഐക്യവും അവിഭാജ്യതയും വിവാഹത്തെക്കുറിച്ചുള്ള ദൈവികപദ്ധതിയുടെ ഭാഗമായി കാണാൻ കഴിയണം. പരസ്പരം ദമ്പതികൾ വിശ്വാസം പരിപോഷിപ്പിക്കണം.

### ഐ) ലൈംഗികതയെക്കുറിച്ച് തെറ്റായ ധാരണകൾ

ലൈംഗികതയെക്കുറിച്ച് വളരെ സങ്കീർണ്ണമായ ആശയങ്ങളാണ് മനുഷ്യർ പ്രചരിപ്പിക്കുന്നത്. ഒരു കളിതമാശയായി, ആനന്ദപ്രകടനമായി, വിനോദമായി ഒക്കെ ലൈംഗികതയെ കണക്കാക്കുന്നവരുണ്ട്. ഒരാശ്വസിപ്പിക്കലിന്, പ്രോത്സാഹനത്തിന്, നന്ദി സൂചകമായി, ആശയവിനിമയത്തിന്, സുഖദായകമായി, സ്നേഹപ്രകടനമായി ഒക്കെ ഇതിനെ ഉപയോഗിക്കുന്നവരുണ്ട്. വേറൊരു വശത്ത് വളരെ സ്വാർത്ഥപരമായി കീഴടക്കാനും വില പേശാനും ടെൻഷൻ അകറ്റാനും ശിക്ഷയായിട്ടും ചൂഷണം ചെയ്യാനും വേണ്ടിയൊക്കെ ലൈംഗികത ഉപയോഗിക്കപ്പെടുന്നുണ്ട്.

വൈവാഹിക ജീവിതത്തിന് ആഴമാർന്ന പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന രണ്ട് ആത്യന്തികമായ കാഴ്ചപ്പാടുകൾ സെക്സിനെക്കുറിച്ച് ചില മനസ്സുകളിൽ നിലനില്ക്കുന്നുണ്ട്.

ഒന്ന്, ഇപ്പോഴും ചിലരൊക്കെ വച്ചുപുലർത്തുന്ന പഴയ മനോഭാവത്തിൽ ലൈംഗികതയും വിവാഹവും അവശ്യമായ ഒരു തിന്മയാണ്. കൂടുതൽ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന രണ്ടാമത്തെ





കാഴ്ചപ്പാടിൽ വിവാഹം എന്നു പറയുന്നതുതന്നെ സെക്സാണ്. കേരളം ഒരു ലൈംഗിക വിപ്ലവത്തിന് അടിപ്പെട്ടു കഴിഞ്ഞു. വിവാഹത്തിനു മുമ്പും വിവാഹത്തിനു പുറമെയുമുള്ള ലൈംഗിക ബന്ധങ്ങളും സ്വവർഗ്ഗ ലൈംഗിക ബന്ധങ്ങളും സ്ത്രീകളും കുട്ടികളും ലൈംഗിക പീഡനത്തിന് വിധേയമാക്കപ്പെടുന്നതും നമ്മുടെ സമൂഹത്തെ കാർന്നു തിന്നുകൊണ്ടിരിക്കുന്ന തിന്മകളാണ്. യുവാക്കൾ WIFE-നെ നിർവ്വചിക്കുന്നത് Wonderful Instrument For Enjoyment Entertainment എന്നാണ്. ഗർഭനിരോധന മാർഗ്ഗങ്ങൾ മനുഷ്യശരീരത്തെ സുഖിക്കാനുള്ള ഒരു വസ്തുവായി മാത്രം മാറ്റിയിരിക്കുകയാണ്. യുവാക്കൾക്കും കൗമാരപ്രായക്കാർക്കും ലൈംഗിക ശിക്ഷണം നല്കുക എന്നത് അനിവാര്യമായിത്തീർന്നിരിക്കുന്നു. ലൈംഗികതയ്ക്ക് സ്നേഹവും പ്രജനനവുമായി ഉള്ള ബന്ധത്തെക്കുറിച്ച് അവരെ ഗൗരവപൂർവ്വം പഠിപ്പിക്കേണ്ടിയിരിക്കുന്നു. കാരണം ഈ മൂല്യങ്ങൾ രണ്ടും ദൈവികപദ്ധതിയിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നവയാണ്. ലൈംഗികതയുടെ പവിത്രമായ മാനവും ഇതരലിംഗത്തിൽപ്പെട്ടവരോടുള്ള ആദരവും വിശ്വസ്തതയും ഇവർക്കു പറഞ്ഞുകൊടുക്കേണ്ടതുണ്ട്.

### ജെ) ലക്ഷ്യങ്ങളിലെ വ്യത്യസ്തത

വിവാഹം ഒരു പ്രതിജ്ഞാബദ്ധതയാണ്. എങ്കിലും വിവാഹിതരാകുമ്പോൾ ഈ പ്രതിജ്ഞാബദ്ധതയുടെ യഥാർത്ഥ സ്വഭാവം ലക്ഷ്യമായി പരിഗണിക്കപ്പെടാറില്ല. വിവാഹത്തിലെ പല പൊട്ടിത്തെറികൾക്കും കാരണം പങ്കാളികളിൽ ഒരാൾക്കോ രണ്ടുപേർക്കുമോ വിവാഹത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് വ്യക്തതയില്ലാത്തതാണ്. ജീവിതപങ്കാളികൾക്ക് അവരുടെ ഭൗതിക, സാമ്പത്തിക, ആദ്ധ്യാത്മിക ലക്ഷ്യങ്ങളെക്കുറിച്ച് വ്യക്തത ലഭിക്കേണ്ടതുണ്ട്. മുൻകാലങ്ങളിൽ കുടുംബത്തിന് ആവശ്യമായവ എത്തിച്ചുകൊടുക്കുന്ന കുടുംബനാഥനും വീട്ടുജോലികൾ ചിട്ടയായി നിർവഹിക്കുന്ന ഗൃഹനാഥയും ഉണ്ടായാൽ എല്ലാം ഭംഗിയായി എന്ന ക്രമമായിരുന്നു. എന്നാൽ ഇന്ന് വിവാഹം കൂടുതൽ ഒരു തുല്യപങ്കാളിത്തമായാണ് വീക്ഷിക്കപ്പെടുന്നത്. ഇന്ന് വിവാഹത്തിൽ നിന്ന് മാനസികവും വൈകാരികവുമായ സംതൃപ്തിയും സന്തോഷവും വ്യക്തിത്വനിറവും പ്രതീക്ഷിക്കപ്പെടുന്നുണ്ട്. ഇവ നിറവേറ്റപ്പെടുന്നില്ലെങ്കിൽ വിവാഹ ജീവിതത്തിൽ പ്രശ്നങ്ങളുണ്ടാകും. ഇവിടെയും

ആവശ്യമായി വരുന്നത് വിവാഹത്തിനുള്ള ആഴമാർന്ന ഒരുക്കവും വ്യക്തിപരമായി ആരോഗ്യകരമായ വ്യക്തിത്വം രൂപപ്പെടുത്തിയെടുക്കലുമാണ്.

സ്ത്രീയുടെയും പുരുഷന്റെയും ആവശ്യങ്ങൾ തമ്മിൽ നല്ല അന്തരമുണ്ട്. ഈ വ്യത്യാസങ്ങളെക്കുറിച്ച് അവബോധമുണ്ടായിരിക്കുക രണ്ടുപേർക്കുമാവശ്യമാണ്. പുരുഷന്റെ ആവശ്യങ്ങൾ ഈ അവരോഹണ ക്രമത്തിലാണ്. 1. സൗഹൃദം (Companionship) 2. ലൈംഗിക സംതൃപ്തി, 3. സ്നേഹം, 4. മക്കൾ, 5. കുടുംബം. സ്ത്രീയുടെ ആവശ്യങ്ങൾ ഈ ക്രമത്തിലാണ് 1. വൈകാരിക സ്നേഹം (Affection) 2. സുരക്ഷിതത്വം, 3. സൗഹൃദം (Companionship), 4. മക്കൾ, 5. ലൈംഗിക സംതൃപ്തി.

**കെ) ജീവനെതിരായ സംസ്കാരം**

മനുഷ്യവംശത്തിന്റെ നിലനില്പ് ഉറപ്പാക്കേണ്ടത് കുടുംബമാണ്. കുഞ്ഞുങ്ങളെ ഉത്തരവാദിത്വപൂർവം ജനിപ്പിച്ച് വളർത്താൻ കുടുംബങ്ങൾ കടപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ഏറെ വിസ്മരിക്കപ്പെട്ടിരിക്കുന്നു. ജനനനിരക്ക് നമ്മുടെ ഇടയിൽ കുത്തനേ കുറഞ്ഞിരിക്കുന്നു. ആ കുറവിന്റെ മാനുഷികവും സാമൂഹികവുമായ പരിണതഫലങ്ങൾ വേണ്ടപോലെ പരിഗണിക്കുന്നില്ല. നമ്മുടെ സമൂഹത്തിന്റെ ഉന്മൂലനം തന്നെ നടക്കത്തക്ക രീതിയിൽ കാര്യങ്ങൾ പോകുന്നു. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾക്കിടയിൽ ദമ്പതികൾക്ക് ശരാശരി 1.3 കുഞ്ഞുങ്ങളേ ഇപ്പോൾ ഉള്ളൂ. 2.2 കുഞ്ഞുങ്ങളെങ്കിലും ഉണ്ടെങ്കിലേ സ്റ്റാറ്റസ് ക്വോ നിലനിറുത്തപ്പെടുകയുള്ളൂ എന്നത് യു.എൻ.ഒ.യുടെ കണക്കാണ്. ഗർഭനിരോധനമനോഭാവം, ഗർഭച്ഛിദ്രം, വന്ധ്യംകരണം എന്നിവ ശക്തമാണ്.

കുട്ടികളെ വളർത്തുന്നതിലുള്ള വെല്ലുവിളികളും ഇന്ന് ഏറെയാണ്. മിക്ക മാതാപിതാക്കന്മാരും മതപരമായ കാര്യങ്ങളിൽ കുട്ടികളുടെമേൽ വലിയ സമ്മർദ്ദമൊന്നും ചെലുത്തുന്നില്ല. കുടുംബങ്ങളും വിദ്യാലയങ്ങളും ക്രൈസ്തവസമൂഹങ്ങളും കൈകോർത്ത് വിദ്യാദാനം നടത്തണം. വിശ്വാസകൈമാറ്റവും ക്രൈസ്തവവളർത്തലും യഥാർത്ഥ ജീവിതസാക്ഷ്യത്തിൽ നിന്നുവരുവാൻ ഇടയാകണം. ബുദ്ധിമുട്ടുള്ള ജീവിതസാഹചര്യങ്ങളിൽ ജീവിക്കുന്ന കുടുംബങ്ങൾക്ക് കൂടുതൽ അജപാലനശുശ്രൂഷ ഉറപ്പാക്കണം.





**എൽ) ബന്ധു (In-law) പ്രശ്നങ്ങൾ**

നമ്മുടെ സംസ്കാരത്തിൽ വിവാഹത്തെ ഒരു സ്ത്രീയും പുരുഷനും മാത്രം ഉൾപ്പെടുന്ന ഒരു ബന്ധമായി മാത്രമല്ല പരിഗണിക്കുന്നത്. രണ്ടു കുടുംബങ്ങളുടെ - മാതാപിതാക്കളും സഹോദരങ്ങളും അങ്കിളുമാരും ആന്റിമാരും ഒക്കെ ഉൾപ്പെട്ട - ഒരു ലയനമാണ് വിവാഹത്തിലൂടെ നടക്കുന്നത്. ഭാര്യയുടെയോ ഭർത്താവിന്റെയോ ബന്ധുക്കളുടെയോ അമിതമായ ഇടപെടൽ കുടുംബജീവിതത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കും. ദമ്പതികളുടെ മാതാപിതാക്കൾ കുഞ്ഞുങ്ങളെ അമിതമായി ലാളിക്കുന്നതും അവരിൽ നിന്ന് സംരക്ഷിക്കാൻ ശ്രമിക്കുന്നതും ദമ്പതികളുടെ ആരോഗ്യകരമായ ബന്ധത്തിന് ക്ഷത മേൽപ്പിക്കും. യുവദമ്പതികൾക്ക് പുതിയ സാഹചര്യങ്ങളുമായി ഇണങ്ങിച്ചേരാൻ ധാരാളം സ്വാതന്ത്ര്യവും സഹായവും ആവശ്യമായി വരും.

**എം) ആഭ്യന്തര വെല്ലുവിളികൾ**

നാൾതോറും കുടുംബങ്ങൾക്കുള്ളിൽ പ്രകോപനങ്ങളും അസ്വസ്ഥതകളും നിസ്സംഗതകളും ആശയവിനിമയ പ്രശ്നങ്ങളും ചൂഷണങ്ങളും വർദ്ധിച്ചുവരുന്നു. ഇന്നത്തെ സാമൂഹിക ചുറ്റുപാടുകളിൽ കുടുംബാംഗങ്ങൾ അന്തമില്ലാത്ത സമ്മർദ്ദങ്ങൾക്ക് വിധേയപ്പെടേണ്ടിവരുന്നു. അതുമൂലം കുടുംബത്തിന്റെ കൂട്ടായ്മയും സ്ഥിരതയും അവതാളത്തിലാവുന്നു. ഒന്നിനും സമയം തികയാതെ വരുന്നതുകൊണ്ട് വ്യക്തികൾ തമ്മിൽ അകലുന്നു.

**എൻ) അനുദിന ജീവിതത്തിലെ ആഭ്യന്തര പ്രതിസന്ധികൾ**

ഏത് കുടുംബത്തിനും ഒഴിവാക്കാൻ പറ്റാത്ത ചില ക്ലേശങ്ങൾ ഉണ്ട്. ചിലപ്പോൾ അവ തങ്ങളുടെ ജീവിതതാളത്തെത്തന്നെ പിടിച്ചുകുലുക്കുന്നവയായിരിക്കും. ഒരു അംഗത്തിന്റെ മരണം, വാർദ്ധക്യം, ഒരംഗം മയക്കുമരുന്നിനടിമയാകുന്നത്, കുടുംബാംഗങ്ങൾ മദ്യപാനാസക്തിയിലാവുന്നത്, വികലാംഗനായ ഒരു കുട്ടി, അപ്രതീക്ഷിതമായ കടുത്ത ആരോഗ്യപ്രതിസന്ധി, ബിസിനസ്സ് പരാജയം, കുടുംബാന്തരീക്ഷത്തിൽത്തന്നെയുള്ള ലൈംഗിക അരാജകത്വങ്ങൾ..... അങ്ങനെ നീളുന്നു ഈ പ്രതിസന്ധികൾ. മിക്ക കുടുംബങ്ങളും ഇങ്ങനെയുള്ള പ്രതിസന്ധികളെ നേരിടാൻ കെല്പുള്ളവയല്ല. ഈ സാഹചര്യങ്ങളിൽ കുടുംബങ്ങൾക്ക് സഭയിൽ നിന്നും

സമൂഹത്തിൽ നിന്നും സുഹൃദ്-ബന്ധുവലയങ്ങളിൽ നിന്നും സഹായം ആവശ്യമായി വരും. ചില സാഹചര്യങ്ങളിൽ പ്രഫഷണൽ സഹായംതന്നെ വേണ്ടിവരും. എന്നാൽ അങ്ങനെയുള്ള സഹായം തേടാൻ പലപ്പോഴും കുടുംബങ്ങൾ വൈമനസ്യം കാണിക്കുന്നുവെന്നതാണ് സങ്കടകരം.

ഈ സാഹചര്യങ്ങളിൽ ഒരു നല്ല കുടുംബപ്രേഷിതന്റെ (Family Apostolate) സേവനം ഫലപ്രദമായിരിക്കും. കുടുംബത്തിൽ, വ്യക്തികൾ തമ്മിലുള്ള ഉരസലുകൾ, സ്പർദ്ധകൾ, സാമ്പത്തിക പ്രതിസന്ധികൾ, വൈകാരിക സംഘർഷങ്ങൾ, നിരന്തരമായ പരാജയങ്ങൾ..... ഇവയൊക്കെ കൈകാര്യം ചെയ്യുന്നതിനു പരിശീലനം ലഭിച്ച ഒരു കുടുംബപ്രേഷിതന് സഹായിക്കാൻ സാധിക്കും. കുടുംബബന്ധങ്ങളിലെ വിള്ളലുകളെ പരിഹരിക്കുന്നതിന് ഫാമിലി കൗൺസലിങ്ങുപോലുള്ള മാർഗങ്ങൾ നമുക്ക് വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. എങ്കിൽ മാത്രമേ തകരുന്ന കുടുംബങ്ങളിൽ സൗഖ്യവും അനുരഞ്ജനവും പുനന:സ്ഥാപിക്കാൻ നമുക്കു സാധിക്കുകയുള്ളൂ. തക്കസമയത്ത് ഇടപെടുകയാണെങ്കിൽ ഒരളവുവരെ പ്രശ്നങ്ങൾ വരാതിരിക്കാനും ഇതു സഹായിക്കും. അതിനാൽ, കുടുംബപ്രേഷിതത്വം ഊർജ്ജിതമാക്കണം.

**ഒ) കുടുംബജീവിതത്തിനു പര്യാപ്തമായ ഒരുക്കമില്ലായ്മ**

കുടുംബജീവിതത്തിനുള്ള സംപുഷ്ടമായ ഒരുക്കത്തിന്റെ ആവശ്യത്തെക്കുറിച്ച് ഇന്നും നമ്മൾ പൂർണ്ണമായി ബോധവാന്മാരല്ല. എന്തിനും ഏതിനും പരിശീലനം നിർദ്ദിഷ്ടമാക്കുന്ന ഒരു സമൂഹത്തിലാണ് ഇതു സം വിക്കുന്നതെന്ന് ഓർമ്മിക്കുക. താഴെപ്പറയുന്ന കാര്യങ്ങൾക്കാണ് ഈ ഒരുക്കം അത്യാവശ്യമായിരിക്കുന്നത്.

**പി) വിവാഹവും കുടുംബ ജീവിതവും ഒരു ദൈവവിളിയാണ്**

ക്രൈസ്തവ ധാരണയനുസരിച്ച് വിവാഹവും കുടുംബജീവിതവും വിശുദ്ധിയിലേക്കുള്ള ഒരു ദൈവവിളിയാണ്. കുടുംബം ഒരു കൂട്ടായ്മയെന്ന അപ്പസ്തോലിക പ്രബോധനം ഇങ്ങനെ പഠിപ്പിക്കുന്നു: "തങ്ങളുടെ ജീവിതാവസ്ഥയ്ക്ക് അനുയോജ്യമായ കടമകളും മഹത്ത്വവും പൂർത്തീകരിക്കുന്നതിന് ആവശ്യമായ അഭിഷേകം ഈ വിശിഷ്ഠ കൂദാശയിലൂടെ ദമ്പതികൾക്ക് ലഭിക്കുന്നുണ്ട്. ദാമ്പത്യത്തിന്റെയും കുടുംബത്തിന്റെയും കടമകൾ നിർവ്വഹിക്കാൻ ഈ കൂദാശയുടെ കെട്ടുറപ്പ് മതിയായതാണ്. ഈ കൂദാശയിലൂടെ ക്രിസ്തുവിന്റെ ആത്മാവ് ദമ്പതികളിലേക്ക് ആഴ്ന്നിറങ്ങി അവരുടെ വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയെ സുദൃഢമാക്കുന്നു. താന്താങ്ങളുടെ തന്നെ പരിപൂർണ്ണതയെ പരിപോഷിപ്പിക്കാനും വിശുദ്ധീകരണത്തിന് പരസ്പര പൂരകങ്ങളായി വർത്തിക്കാനും അങ്ങനെ ഒന്നിച്ച് ദൈവത്തെ മഹത്ത്വപ്പെടുത്താനും അതിലൂടെ അവർക്ക് സാധിക്കുന്നു." ഈ വിളിയെ ദൈവം ആഗ്രഹിക്കുന്ന വഴിയായി ഉൾക്കൊള്ളാനും പ്രത്യുത്തരിക്കാനും ദമ്പതികളെ ഈ പ്രഖ്യാപനം ആഹ്വാനം ചെയ്യുന്നു. പര്യാപ്തമായ പരിശീലനവും നിരന്തരമായ ഒരുക്കവും കൂടാതെ ഇത് സാധിച്ചെടുക്കുക അസാധ്യമ.ാണ്.





സഭ ബോധപൂർവ്വകവും ക്രമാനുസാരവുമായ വിവാഹ ഒരുക്കത്തിന് നിർദ്ദേശിക്കുന്നത് മൂന്നു ഘട്ടങ്ങളിലായിട്ടുള്ള പരിശീലനമാണ്.

1. വിദൂരം (Remote) 0-12 വയസ്സ്, 2. അടുത്ത് (Proximate) 12-34, 3. ഏറ്റവും അടുത്ത് (Immediate) പങ്കാളിയ കണ്ടെത്തൽ, വിവാഹം ഉറപ്പിക്കൽ, വിവാഹാഘോഷം.

ജീവിതപങ്കാളിയെ ആഴത്തിൽ സ്നേഹിക്കുന്നതിനും പങ്കാളിക്കു കൊടുത്ത വാഗ്ദാനങ്ങൾ നിറവേറ്റുന്നതിനും ചില മൂല്യങ്ങൾ വളർത്തിയെടുക്കുക അത്യാവശ്യമാണ്. നിർഭയത്വം, പ്രത്യാശ, സഹിഷ്ണുത, ഉദാരത, വിട്ടു വീഴ്ചാമനോഭാവം... ഇവയൊക്കെ ആർജ്ജിച്ചെടുക്കണം. വിവാഹത്തിലും കുടുംബജീവിതത്തിലും വിജയം എന്നത് സ്വയമേവ സംഭവിക്കുന്നതല്ല. അത് ബോധപൂർവ്വം ജീവിച്ചു നേടേണ്ടതാണ്. വിവാഹജീവിതം വിജയകരമാക്കുന്നതിന് ചില പാടവങ്ങൾ ആർജ്ജിച്ചെടുക്കേണ്ടതുണ്ട്. ആശയവിനിമയം, പ്രശ്നപരിഹാരം, വ്യത്യസ്ത പ്രകൃതങ്ങളെ കൈകാര്യ ചെയ്യൽ, മക്കളെ പരിശീലിപ്പിക്കൽ, കുടുംബവും ജോലിയും തമ്മിൽ സംയോജിപ്പിക്കൽ, ബന്ധുക്കളെയും ബന്ധങ്ങളെയും നിലനിറുത്തൽ, ഇവയൊക്കെ വൈദഗ്ദ്ധ്യം ആവശ്യമുള്ള മേഖലകളാണ്.

**ക്യു) സ്നേഹം പരിശീലിക്കൽ**

സ്നേഹിക്കാനുള്ള കഴിവ് ദൈവം നമുക്ക് തന്നിട്ടുണ്ട്. സ്ത്രീയുടെയും പുരുഷന്റെയും മാനവികതയിൽ അത് ആലേഖനം ചെയ്തിട്ടുണ്ട്. എന്നാൽ അത് പുഷ്ടിപ്പെടുത്താനുള്ള കടമ നമ്മുടേതാണ്.

ഓരോ വ്യക്തിയുടെയും മൗലികവും നൈസർഗ്ഗികവുമായ വിളി സ്നേഹിക്കുക എന്നതാണ്. സ്നേഹം പകർന്നു കൊടുക്കാനും സംരക്ഷിക്കാനുമുള്ള ദൗത്യം കുടുംബത്തിനുള്ളതുകൊണ്ട് ഒരു ശരിയായ പരിശീലനം അത്യാവശ്യമാണ്. സ്നേഹം സ്വീകരിക്കാനും പകരാനുമുള്ള കഴിവ് അപ്പോഴേ കിട്ടുകയുള്ളൂ. അപരന്റെ ആവശ്യങ്ങൾ തന്റേതുതന്നെ ആയിത്തീരുന്ന അവസ്ഥാവിശേഷം അതിലൂടെയേ നടപ്പിൽ വരികയുള്ളൂ.

ദാമ്പത്യ സ്നേഹത്തിന്റെ സവിശേഷമായ ലക്ഷണങ്ങളും അതിനുള്ള മൂല്യവും എന്താണെന്ന് പോൾ ആറാമൻ മാർപാപ്പാ അവതരിപ്പിച്ചിട്ടുണ്ട്.

1. അത് മാനുഷികമാണ്, പൂർണ്ണ മനുഷ്യനുൾപ്പെട്ടതാണ്. എന്നു പറഞ്ഞാൽ അതിന് വൈകാരികതലം മാത്രമല്ല, ആദ്ധ്യാത്മിക തലംകൂടിയുണ്ട്. 2. അത് സംപൂർണ്ണസ്നേഹമാണ്. അതിൽ ഒരു പരിപൂർണ്ണ സ്വയംദാനം ഉൾപ്പെട്ടിട്ടുണ്ട്. 3. അത് വിശ്വസ്തവും മരണംവരെ നിലനില്ക്കുന്നതുമാണ്. മൂന്നാമതൊരാൾക്ക് അവരുടെ രഹസ്യാത്മകതയിൽ പ്രവേശനമില്ലാത്തതും (Exclusive) ആണ്. 4. അത് ജീവദായകമാണ്. കാരണം അത് ദമ്പതികളുടെ ഒന്നിച്ചു ചേരലിൽ മാത്രം അവസാനിക്കുന്നില്ല. മറിച്ച് പുതുജീവൻ സൃഷ്ടിക്കുന്നതിലേക്ക് നീളുന്നതാണ് (മനുഷ്യജീവൻ, 9). വിവാഹത്തെക്കുറിച്ചുള്ള ക്രൈസ്തവ കാഴ്ചപ്പാട് അത് ശാരീരികവും വൈകാരികവും ആദ്ധ്യാത്മികവും പ്രകൃത്യതീതവുമായ വശങ്ങളുടെ ഒരു സമഗ്രയോജിപ്പാണ് എന്നതാണ്. അതുകൊണ്ടുതന്നെ ദാമ്പത്യസ്നേഹം പക്വമാകണമെങ്കിൽ സ്നേഹത്തെക്കുറിച്ചുള്ള ശിക്ഷണം ആവശ്യമാണ്.

**ആർ) അയഥാർത്ഥമായ പ്രതീക്ഷയും കാല്പനികപ്രേമവും**

വിവാഹത്തെക്കുറിച്ച് സിനിമ, ടി.വി., നോവലുകൾ, ചെറുകഥകൾ ഒക്കെവഴി അവതരിപ്പിക്കപ്പെടുന്നത് യാഥാർത്ഥ്യത്തിൽ നിന്ന് വേറിട്ട ഒരു ചിത്രമാണ്. ഈ വികലമായ കാഴ്ചപ്പാടോടെ വിവാഹത്തിൽ പ്രവേശിക്കുന്നവർ തീർച്ചയായും വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കും. മാധ്യമങ്ങൾ ഊന്നൽ കൊടുക്കുന്നത് കാല്പനികപ്രേമത്തിനാണ്. പക്ഷേ അത് ഭാവനാത്മകമാണ്. മാറിവരുന്ന ജീവിതയാഥാർത്ഥ്യങ്ങളെ നേരിടാൻ കാല്പനികപ്രേമത്തിന് ശക്തിയില്ല. വികാരമൂർച്ഛയാണ് വിവാഹത്തിന്റെ പരമമായ ലക്ഷ്യമെന്ന





വഴിതെറ്റിക്കുന്ന ആശയം പ്രചരിപ്പിക്കുന്നതിലൂടെ കുറ്റകരമായ കാൽവയ്പ്പാണ് കാല്പനികപ്രേമത്തിന്റെ വക്താക്കൾ നടത്തുന്നത്. എന്നാൽ നിർവ്യാജമായ സ്നേഹം വളർത്തിയെടുക്കാൻ പ്രേമവികാരങ്ങൾക്കും കാല്പനിക സങ്കല്പങ്ങൾക്കും അതീതമായ ചിലതൊക്കെ ആവശ്യമാണ്. സ്നേഹം പണിതുയർത്തുന്നത് മറ്റൊരു വ്യക്തിയോടുള്ള കരുതലിന്റെ പ്രതിജ്ഞാബദ്ധതയിലാണ്. അത് കൂടുതൽ ദൃഢവും കുറച്ചു മാത്രം സ്വയംകേന്ദ്രീകൃതവുമാണ്. യുവജനങ്ങൾക്ക് യഥാർത്ഥ മാനുഷികസ്നേഹത്തിന്റെ മേഖലയെക്കുറിച്ച് ആഴമുള്ള ബോധവത്കരണം നല്കപ്പെടേണ്ടതുണ്ട്.

**II. കുടുംബത്തിന്റെ ദൈവികപദ്ധതി**

സമൂഹത്തിന്റെയും സഭയുടെയും ഭദ്രത കുടുംബത്തെ ആശ്രയിച്ചാണിരിക്കുന്നത്. Family is the way for the man, for the society and for the Church എന്നത് ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ സുചിന്തിതമായ അഭിപ്രായമാണ്.

വിവാഹവും കുടുംബവും ദൈവികപദ്ധതി ജീവിക്കുകയാണ് പ്രധാനമായും ചെയ്യേണ്ടത്. കുടുംബമേ, നീ എന്താണോ, അതാവുക എന്ന ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ ആഹ്വാനം അതാണ് അർത്ഥമാക്കുന്നത് (കുടുംബം ഒരു കൂട്ടായ്മ, 17). വിവാഹവും കുടുംബവും യഥാർത്ഥത്തിൽ ജീവന്റെയും സ്നേഹത്തിന്റെയും ഒരു ഗാഢസമൂഹമാണ് (cf. GS, 48). സ്നേഹം സംരക്ഷിക്കുകയും വെളിപ്പെടുത്തുകയും പങ്കുചേരുകയും ചെയ്യുന്ന ജീവന്റെ സമൂഹമാണ് കുടുംബം.

**എ) കുടുംബം ത്രിയേകദൈവത്തിന്റെ ഐക്കൺ**

കുടുംബം ത്രിയേകദൈവത്തിന്റെ ഐക്കൺ ആണെന്ന് ഫ്രാൻസിസ് മാർപാപ്പാ പറയുന്നത് നാം ചിന്താവിഷയമാക്കണം (പ്രസംഗം, ഏപ്രിൽ 2). വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പാ കുടുംബം ദൈവത്തിന്റെ സദൃശമാണെന്ന് പണ്ടേ പറഞ്ഞിട്ടുണ്ട്. ദൈവത്തിന്റെ ഛായയിലാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. സ്ത്രീയും പുരുഷനുമായി അവർ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു (ഉത്പ 1:27). ആറു മൂല്യങ്ങൾ കുടുംബത്തിലും വിവാഹജീവിതത്തിലും ജീവിക്കണം. ദൈവത്തിന്റെ ആന്തരികത സ്നേഹവും കൂട്ടായ്മയും പങ്കുചേരലും ഗാഢബന്ധവും അനന്യമായ വ്യക്തിത്വങ്ങളും തുല്യതയും ഒക്കെയാണ്. ആ മൂല്യങ്ങൾ ജീവിതത്തെ അർത്ഥപൂർണ്ണമാക്കും.

**ബി) കുടുംബത്തിന്റെ കൗദാശികമാനം**

കുടുംബത്തിന്റെ കൗദാശികമാനവും നാം മറക്കരുത്. വിവാഹമെന്ന കൂദാശയിൽ നല്കപ്പെടുന്ന കൃപാവരം വിവാഹജീവിതത്തിന്റെ എല്ലാ ഘട്ടങ്ങളിലും നവീകരിക്കപ്പെടുന്നുണ്ട്. വിവാഹജീവിതത്തിന്റെയും കുടുംബജീവിതത്തിന്റെയും ഉത്തരവാദിത്വങ്ങൾ നിർവഹിക്കാൻ അതവരെ പ്രാപ്തരാക്കും. ക്രിസ്തുവും സഭയും തമ്മിലുള്ള സ്നേഹം - അതു വ്യവസ്ഥയില്ലാത്തതും ഔദാര്യമുള്ളതും നിസ്വാർത്ഥവും ത്യാഗപൂർണവും വിശ്വസ്തവും സംപൂർണവും നിരന്തരം ക്ഷമിക്കുന്നതും അവസാനം വരെ സ്നേഹിക്കുന്നതുമാണ് - ദമ്പതികൾ തങ്ങളുടെ ജീവിതത്തിൽ ജീവിക്കാൻ പരിശ്രമിക്കണം.

ഗാർഹികസഭയാകാനും കുടുംബങ്ങൾ വിളിക്കപ്പെട്ടിട്ടുണ്ട് (തിരുസഭ, 11; അല്മായ പ്രേഷിതത്വം, 11). വിശ്വാസം, സ്നേഹം, പ്രത്യാശ, വിശുദ്ധി, പ്രേഷിതത്വം, പ്രാർത്ഥന എന്നിവയ്ക്ക് സാക്ഷ്യം വഹിക്കുന്നതുവഴി കുടുംബങ്ങൾ ഗാർഹികസഭയാകും.

സി) കുടുംബത്തിന്റെ ദൗത്യങ്ങൾ

കുടുംബങ്ങൾ പ്രധാനമായും നാലു ദൗത്യങ്ങൾ നിർവഹിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു.

1) വ്യക്തികളുടെ കൂട്ടായ്മ രൂപീകരിക്കുക.
ഇതിന് താഴെപ്പറയുന്ന കാര്യങ്ങൾ അംഗീകരിക്കണം.

എ) ഭാര്യാ ഭർത്താക്കന്മാർ തുല്യരും പരസ്പരപൂരകങ്ങളുമാണെന്ന് അംഗീകരിക്കണം.

ബി) വിവാഹത്തെ ജീവിതകാലം മുഴുവൻ നീണ്ടുനില്ക്കുന്ന ഒരു ബന്ധമായി കാണണം.

സി) രണ്ടുപേരും പരസ്പരം ആത്മദാനം നടത്തണം.

ഡി) കുടുംബത്തിലെ ഓരോ അംഗത്തിന്റെയും അനന്യതയും മഹത്വവും അംഗീകരിക്കണം. ഓരോ വ്യക്തിക്കും അർഹമായത് നല്കണം. കുട്ടികൾ, അംഗവിഹീനർ, രോഗികൾ, വൃദ്ധർ എന്നിവർക്ക് പ്രത്യേക പരിഗണനയും സ്നേഹവും നല്കണം.

ഇ) കൂട്ടായ്മ വളർത്തുന്നതിന് കുടുംബാംഗങ്ങൾ ഒന്നിച്ചു പ്രാർത്ഥിക്കുക, ഒന്നിച്ച് ആശയവിനിമയം നടത്തുക, ഒന്നിച്ച് ഭക്ഷിക്കുക, ഒന്നിച്ച് കളിക്കുക, ഒന്നിച്ച് നടക്കുക.... ഒന്നിച്ച് ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ കഴിയുന്നിടത്തോളം വർദ്ധിപ്പി





ക്കുക. ജന്മദിനങ്ങൾ, നാമഹേതുകതിരുനാളുകൾ, വിവാഹ വാർഷികങ്ങൾ, മാമ്മോദീസാ മുങ്ങിയ ദിനങ്ങൾ എന്നിവ ഹൃദ്യമായി ആഘോഷിക്കുക.

**2) ജീവനു ശുശ്രൂഷ ചെയ്യുക**

ഭാര്യാ ഭർത്താക്കന്മാരുടെ ആഴമുള്ള സ്നേഹം ജീവസംക്രമണത്തിലേക്ക് ചൂഴ്ന്നുനില്ക്കുന്നതാണ്. ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ ദമ്പതികൾ പങ്കുചേരാൻ പ്രത്യേകം വിളിക്കപ്പെട്ടിരിക്കുന്നു. ഉത്തരവാദിത്വത്തോടെ ദമ്പതികൾ ഈ കടമ നിർവഹിക്കണം. ദാമ്പത്യബന്ധത്തിൽനിന്ന്, പ്രത്യേകവിധമായി, ദമ്പതികളുടെ പരസ്പരമുള്ള സ്നേഹപ്രകാശനത്തിൽനിന്ന്, ജീവനെ വേർതിരിക്കാൻ അവർക്കവകാശമില്ല. അങ്ങനെ ചെയ്യുന്നത് ദൈവസ്ഥാപിതമായ ക്രമത്തിനെതിരായ പ്രവൃത്തിയാണ്.

കുട്ടികൾക്ക് വിദ്യാഭ്യാസം നല്കുകയെന്നതും ജീവന്റെ ശുശ്രൂഷയുടെ ഭാഗമാണ്. കുട്ടികളുടെ ആദ്യത്തെ അധ്യാപകർ മാതാപിതാക്കൾ തന്നെയാണ്. ഓരോ അംഗത്തിന്റെയും കഴിവുകളുടെ വികസനം, ദൈവത്തോട് ഭക്തിയും സഹോദരങ്ങളോട് സ്നേഹാദരവുകളും ഉള്ള കുടുംബാന്തരീക്ഷം എന്നിവ സൃഷ്ടിക്കാൻ കുടുംബം തയ്യാറായിരിക്കണം.

**3) സമൂഹത്തിന്റെ വികസനത്തിൽ പങ്കുചേരുക**

സമൂഹത്തിന്റെ ഏറ്റവും ചെറിയ ഘടകമാണ് കുടുംബം. സാമൂഹികമൂല്യങ്ങൾ കുടുംബത്തിൽ നിന്നാണ് ഒരുവൻ സ്വന്തമാക്കുന്നത്. സ്നേഹം, ആദരം, കരുതൽ, വിശ്വസ്തത, സമർപ്പണം, സത്യസന്ധത എന്നിവ വീട്ടിൽ ഇല്ലെങ്കിൽ, സമൂഹത്തിൽ അവ ഉണ്ടാകുകയില്ല. ദരിദ്രരോടു പ്രത്യേക ദീനാനുകമ്പ കുടുംബത്തിൽ പുലർത്തണം. സത്യം, നീതി, സ്നേഹം എന്നിവ പുലരുന്ന ഒരു സമൂഹസൃഷ്ടിയിൽ കുടുംബം പങ്കുചേരണം. കുടുംബത്തിന്റെ ദൈവദത്തമായ അവകാശങ്ങളുടെ സംരക്ഷണത്തിനും കുടുംബങ്ങൾ മുന്നോട്ടുവരേണ്ടതാണ്. മുകളിൽ പറഞ്ഞ മൂന്നു കാര്യങ്ങളും ലോകത്തിലെ ഏതു കുടുംബത്തിനും ബാധകമാണ്. താഴെപ്പറയുന്നത് ക്രിസ്തീയ കുടുംബത്തിന് പ്രത്യേകമായിട്ടുള്ള കാര്യമാണ്.

**4) സഭയുടെ ജീവനിലും ദൗത്യത്തിലും പങ്കുചേരൽ**

കുടുംബം ഗാർഹികസഭയാണ്. സഭാ രഹസ്യത്തിന്റെ സജീവച്ഛായയും ചരിത്രപരമായ അവതരണവും ആകണം കുടുംബം.

അതിന് കുടുംബജീവിതത്തിലെ ദൈനംദിനാനുഭവങ്ങളും പ്രവർത്തനങ്ങളും വിശുദ്ധമായിരിക്കണം. ജനനം, വിദ്യാഭ്യാസം, വിവാഹം, തൊഴിൽ, രോഗം, മരണം എന്നിങ്ങനെ കുടുംബത്തിൽ നടക്കുന്ന എല്ലാറ്റിനും ദൈവത്തിലേക്ക് നമ്മെ നയിക്കാനും ദൈവത്തെ നമുക്ക് വെളിപ്പെടുത്താനും ശക്തിയുണ്ട്. പ്രാർത്ഥനയ്ക്ക് കുടുംബത്തിൽ സ്ഥാനം നല്കണം. ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബങ്ങൾ ഒന്നിച്ച് നിലനില്ക്കും. ഭക്ഷണസമയം ദൈവസ്നേഹത്തെയും ദൈവപരിപാലനയെയും അനുഭവിക്കാനുള്ള സമയവുമാണ്.

ഈ നാലു ദൗത്യങ്ങളും ഗൗരവപൂർവം പരിഗണിച്ച് നമുക്ക് നമ്മുടെ കുടുംബങ്ങളെ അനുഗ്രഹപ്രദമാക്കാം.

**III. കുടുംബങ്ങളുടെ നവീകരണത്തിന് നടപ്പാക്കാവുന്ന ചില കാര്യങ്ങൾ**

1) ദമ്പതീകൂട്ടായ്മകൾ രൂപീകരിച്ച് ഇടവകയുടെ പ്രവർത്തനത്തിൽ അവരെ സജ്ജരാക്കുക. അവർ ഫാമിലി മിനിസ്റ്റേഴ്സ് ആകണം.
2) കൗൺസലിങ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. ചുരുങ്ങിയ പക്ഷം ഫൊറോനതലത്തിലെങ്കിലും വേണം.
3) സഭാ പ്രബോധനങ്ങൾ പഠനവിഷയമാക്കുന്ന സെമിനാറുകൾ ക്രമമായി ഇടവകയിൽ സംഘടിപ്പിക്കുക (ഇവ ജനങ്ങൾക്ക് അറിയില്ല എന്ന് പഠനം).
4) വിവാഹ ഒരുക്കസെമിനാർ ചെറുഗ്രൂപ്പുകളിൽ ഫലപ്രദമായി നടത്തുക. ജീവിതനവീകരണവും വിശ്വാസനവീകരണവും സംഭവിക്കണം. വികാരിയച്ചനുമായുള്ള കണ്ടുമുട്ടൽ ഔദ്യോഗികതയ്ക്കപ്പുറം പ്രബോധനത്തിനുള്ള അവസരമാക്കുക.
5) വിവാഹജീവിതചക്രമനുസരിച്ച്, അതിന്റെ പ്രശ്നങ്ങളും ദൗത്യങ്ങളും ബോധവത്കരിക്കുക. വിവാഹ-കുടുംബജീവിതങ്ങളുടെ സൗന്ദര്യം ജീവിക്കാൻ കഴിയണം.
6) വിവാഹ-കുടുംബജീവിതങ്ങളിൽ പ്രശ്നമുള്ളവരെ പ്രത്യേകം പരിചരിക്കുക. അതിന് സംവിധാനം ഒരുക്കുക. ഹോം മിഷൻ & ഹോം വിസിറ്റ് ശക്തിപ്പെടുത്തുക.
7) വിവാഹവാർഷികങ്ങൾ, പ്രത്യേകിച്ച്, ജൂബിലികൾ (25, 50, 60) ആഘോഷിക്കുക. വിവാഹവാർഷികങ്ങളും കുടുംബത്തിൽ ആഘോഷിക്കുക.





8) കുടുംബജീവിതം പരിപോഷിപ്പിക്കുന്ന ധ്യാനങ്ങൾ സംഘടിപ്പിക്കുക.
9) കുമാരീകുമാരന്മാർക്ക് ജീവിതദർശനക്ലാസ്സുകൾ നിർബന്ധമായും റസിഡൻഷ്യൽ പ്രോഗ്രാമോടെ നടത്തുക (+1, +2 കഴിയുന്നതിനു മുൻപ്).

## ചർച്ചാവിഷയങ്ങൾ

1. കുടുംബങ്ങൾക്കുവേണ്ടി അതിരൂപതയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുക?
2. കുടുംബങ്ങൾക്കുവേണ്ടി കൂടുതലായി ചെയ്യേണ്ട കാര്യങ്ങൾ നിർദ്ദേശിക്കുക?
3. കുടുംബത്തെക്കുറിച്ചുള്ള സഭാപ്രബോധനങ്ങൾ, പ്രത്യേകിച്ച് വിവാഹമോചനം, ജീവിതസംക്രമണം എന്നിവയെക്കുറിച്ചുള്ള പ്രബോധനങ്ങൾ, സഭാംഗങ്ങൾക്ക് എത്രമാത്രം അറിവുണ്ട്? ആ പ്രബോധനങ്ങൾ സ്വീകരിക്കപ്പെടുന്നുണ്ടോ? സ്വീകരിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഏവ?
4. അതിരൂപതയിലെ കുടുംബങ്ങൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ ഏവ? പരിഹാരങ്ങൾ നിർദ്ദേശിക്കുക?
5. ക്നാനായ മക്കളുടെ കുടിയേറ്റത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തി അതിന് പ്രതിവിധികൾ നിർദ്ദേശിക്കുക? (1. വിദൂരം (Remote) 0-12 വയസ്സ്, 2. അടുത്ത് (Proximate) 12-24, 3. ഏറ്റവും അടുത്ത് (Immediate) പങ്കാളിയെ കണ്ടെത്തൽ, വിവാഹം ഉറപ്പിക്കൽ, വിവാഹാഘോഷം).

# III. ഫ്രാൻസീസ് പാപ്പ അതിരൂപതാ അസംബ്ലിക്ക് നൽകുന്ന ദിശാബോധം

**ആമുഖം**

ഫ്രാൻസീസ് പാപ്പായുടെ ദർശനങ്ങളും ജീവിതശൈലിയും വിശ്വാസികൾക്ക് നൽകുന്ന ദിശാബോധവും എല്ലാവരുടെയും ശ്രദ്ധയാകർഷിക്കുകയാണ്. യഥാർത്ഥത്തിൽ ഇവയ്ക്ക് നൂതനത്വമൊന്നുമില്ല. യേശു പ്രസംഗിച്ചതും പുതിയനിയമ ഗ്രന്ഥകാരന്മാർ രേഖപ്പെടുത്തിയതും ആദിമക്രൈസ്തവർ ജീവിച്ചതും രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രഖ്യാപിച്ചതും തുടർന്നു മാർപ്പാപ്പാമാർ പഠിപ്പിച്ചതും ഒന്നുതന്നെ. എന്നാൽ ആദർശങ്ങളും ജീവിതശൈലിയും തമ്മിൽ സംഘർഷങ്ങളില്ലാതെ സംസർഗ്ഗമായിരുന്നു എന്നതാണ് ഫ്രാൻസീസ് പാപ്പായിലെ നൂതനത്വം. ക്രിസ്തീയ ജീവിതശൈലിയിലും സഭാശുശ്രൂഷാമേഖലയിലും നൂറ്റണ്ടുകളിലൂടെ, പ്രത്യേകിച്ച് ഫ്യൂഡലിസത്തിന്റെ സ്വാധീനത്തിൽ, കയറിപ്പറ്റിയ ശക്തിയേറിയ വൈറസുകളെ (23-ാം യോഹന്നാൻ മാർപ്പായുടെ വാക്കുകളിൽ എമ്പയർ ഡസ്റ്റ് ) തുടച്ചുമാറ്റാൻ രണ്ടാം വത്തിക്കാൻ കൗൺസിലിൽ പിതാക്കന്മാർ ഈടുറ്റ പ്രമാണരേഖകളിലൂടെ പരിശ്രമിച്ചു. എന്നിട്ടും മാറാതിരുന്ന മാറാലകളെ തുടച്ചുമാറ്റാൻ ജീവിതശൈലിയുടെ പിൻബലത്താലുള്ള പ്രബോധനങ്ങളിലൂടെ ഫ്രാൻസീസ് പാപ്പാ പരിശ്രമിക്കുന്നു.

സഭയിലും സമൂഹത്തിലും ഉന്നതശ്രേണിയിൽ മാറ്റങ്ങൾ വന്നാൽ അതു വളരെ സ്വാധീനം ചെലുത്തും. അതു എല്ലാവരും വീക്ഷിക്കുകയും മാതൃകയാക്കുകയും ചെയ്യും. സാധാരണക്കാരിലും മാറ്റങ്ങളുണ്ടാകാൻ അതു വഴിയൊരുക്കും. ഫ്രാൻസീസ് പാപ്പായുടെ വരവോടെ പരിവർത്തനോന്മുഖമായ പുത്തനുണർവ്, നവോന്മേഷം സഭയിലുണ്ടായിക്കൊണ്ടിരിക്കുന്നു. പീഠത്തിലിരിക്കുന്ന ഈ ദീപത്തിൽനിന്ന് സഭാനേതൃത്വത്തിലുള്ളവരും സന്ന്യസ്തരും അത്മായരും ഈ പ്രകാശം ഏറ്റുവാങ്ങി സഭയേയും സമൂഹത്തേയും പ്രകാശപൂർണ്ണമാക്കാൻ ശ്രമിക്കട്ടെ. പീഠത്തിലെ ദീപം കാലം കെടുത്തും എന്നാലും ഏറ്റുവാങ്ങിയ ദീപശകലങ്ങൾ കെട്ടുപോകാതെ സഭയേയും സമൂഹത്തേയും നിരന്തരം ഉജ്ജ്വലിപ്പിക്കുമെന്നു പ്രത്യാശിക്കാം.





**1. അജപാലന ദർശനങ്ങൾ**

സഭാചരിത്രത്തിൽ സഭാനവീകരണത്തിന് പലരും ശ്രമിച്ചിട്ടുണ്ടെങ്കിലും ഈ രംഗത്ത് അധികാരവും ആദർശവും ആർജ്ജവത്വവും ജീവിതശൈലിയും ഒത്തുവന്ന വ്യക്തിയാണ് ഫ്രാൻസീസ് പാപ്പാ. ഇതാണ് ലോകത്തെ ആകർഷിച്ചത്. സുവിശേഷമൂല്യങ്ങൾക്ക് എത്ര പഴകി തഴമ്പിച്ച മാനുഷിക പാരമ്പര്യങ്ങളേക്കാൾ അദ്ദേഹം വിലകല്പിച്ചു. അങ്ങനെ സഭയിലെ രാജകീയശൈലിവിട്ട് സാധാരണക്കാരന്റെ ജീവിതശൈലിയും അധികാരത്തിന്റെയും ആജ്ഞാശക്തിയുടെയും മേലങ്കി വലിച്ചെറിഞ്ഞ് എളിയ ശുശ്രൂഷയുടെ ഭൃത്യവേഷവും സ്വീകരിക്കുവാൻ അദ്ദേഹം മനസ്സുകാണിച്ചു. സഭ ഒരു ആഗോളസ്ഥാപനമെന്ന കാഴ്ചപ്പാടും അതിന്റെ ഉപോത്പ്പന്നങ്ങളായ ബ്യൂറോക്രസിയും കരിയറിസവും സഭയുടെ അർബുദമാണെന്നും സഭ ദൈവജനമാണെന്ന സാധാരണക്കാരന്റെ കാഴ്ചപ്പാടാണ് ആരോഗ്യപരമെന്നും പാപ്പാ പഠിപ്പിക്കുന്നു. കാനൻനിയമത്തിന്റെ കാർക്കശ്യത്തേക്കാൾ, ദൈവാസ്ത്രന്മാരുടെ സങ്കീർണ്ണമായ നിർവചനങ്ങളേക്കാൾ, സാധാരണക്കാരന്റെ ജീവിതാനുഭവങ്ങൾക്ക് അദ്ദേഹം കൂടുതൽ പ്രാധാന്യം നൽകി. നീതിയുടേയും സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും നിറം ചാർത്തിയ അദ്ദേഹത്തിന്റെ ഇടയസ്വരത്തിന് ഇന്നു ലോകം കാതോർക്കുന്നു.

**a. കാരുണ്യത്തിന്റെ സഭ**

സുവിശേഷത്തിന്റെ ഹൃദയം കാരുണ്യമാണ്. "ശാന്തശീലനും വിനീതഹൃദയനുമായ" യേശുവിന്റെ മൗതികശരീരമായ സഭ അധികാരശക്തിയുടെ യജമാനത്തിയല്ല, പ്രത്യുത കാരുണ്യത്തിന്റെ ശുശ്രൂഷയിൽ ഒരു ദാസിയാണ്. പൗരോഹിത്യത്തിന്റെ ത്രിവിധ ശുശ്രൂഷകളിൽ അജപാലനത്തിന് മുൻഗണന നൽകിയ ഫ്രാൻസീസ് പാപ്പാ ഇടയന്റെ കാരുണ്യത്തിന്റെ ഭാവത്തിന് പ്രത്യേക പ്രാധാന്യം നൽകി. വൈദികരും അത്മായരും സാധാരണക്കാരോടൊപ്പമായിരിക്കണമെന്നും അനുദിനജീവിതത്തിലെ പച്ചയായ യാഥാർത്ഥ്യങ്ങളോട് ബന്ധപ്പെട്ടും ക്ലേശിതരിൽ സഹിക്കുന്ന യേശുവിനെ തൊട്ടറിഞ്ഞും ജീവിക്കണമെന്ന് പാപ്പാ പഠിപ്പിക്കുന്നു. പാവപ്പെട്ടവരുടെ ആവശ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്ന ഒരു പ്രേഷിതകൂട്ടായ്മയായിരിക്കണം സഭ. ദേവാലയങ്ങളിലും വച

നവേദികളിലും ഓടിയെത്താൻ തിരക്കിട്ടോടുന്നതിനേക്കാൾ വഴിയോരത്ത് വ്രണിതനായി സഹായഹസ്തം തേടുന്ന ഒരുവന്റെ ശുശ്രൂഷയ്ക്കായി തങ്ങുന്നതാണ് കൂടുതൽ പ്രധാനം. വഴിയോരത്ത് കിടക്കുന്നവന്റെ മുഖം തിരിച്ചറിയാൻ ശ്രമിക്കണ്ട, കുരിശിനോടൊപ്പം നിലത്തുകിടക്കുന്ന അവശനായ യേശുവിന്റെ മുഖം അവനിൽ കണ്ടാൽ മതി; അവന്റെ വ്യണങ്ങൾ യേശുവിന്റെ ക്ഷതങ്ങൾതന്നെ.

കാരുണ്യം കാണിക്കുന്നതിൽ ഒരിയ്ക്കലും മടുപ്പുതോന്നരുതെന്ന വി. പൗലോസിന്റെ വാക്കുകൾ പാപ്പാ ഓർമ്മിപ്പിക്കുന്നു. സൗജന്യമായി നൽകപ്പെടുന്ന കാരുണ്യത്തിന്റെ സങ്കേതമാകണം സഭ. അതിൽ ഓരോ വ്യക്തിയും ക്ഷമിക്കപ്പെട്ടതായും സ്വീകരിക്കപ്പെട്ടതായും സ്നേഹിക്കപ്പെടുന്നതായും അനു വപ്പെടണം. സുവിശേഷത്തിന്റെ സന്തോഷം അനുഭവിച്ചു കൊണ്ട് വിശുദ്ധിയുടെ പാതയിലൂടെ മുമ്പോട്ടു പോകാനുള്ള പ്രചോദനവും അവനും അവൾക്കും സഭയിൽ ലഭിക്കണം. മുറിവുകൾ ഉണക്കുവാനും ഹൃദയങ്ങളെ ജ്വലിപ്പിക്കാനും സാധിക്കുന്ന വ്യക്തികളെയാണ് ഇന്നു സഭയ്ക്ക് ആവശ്യം. ശുഷ്ക്കമായ ചില പാരമ്പര്യങ്ങളിലും നിയമങ്ങളുടെ നൂലാമാലകളിലും കുരുങ്ങിക്കിടക്കാതെ അമ്മയുടെയും ആട്ടിടയന്റെയും മനോഭാവം സ്വീകരിച്ച ഒരു സഭയ്ക്കുമാത്രമേ അതു സാധിക്കൂ.

യേശു ലോകത്തിലേക്കു വന്നത് പാപികളെ രക്ഷിക്കുവാനാണ്; വിധിപറയുവാനും ശിക്ഷിക്കുവാനുമല്ല. ഇതേ മനോഭാവത്തോടെ സഭ പാപാവസ്ഥയിൽ കഴിയുന്നവരോടും സഭയുടെ മുഖ്യധാരയിൽനിന്ന് അകന്നുനിൽക്കുന്നവരോടും സവിശേഷമായ ഔദാര്യവും കരുണയും കാണിക്കണം. അവരുടെ ഇടയിലേക്ക് ഇറങ്ങിച്ചെല്ലുന്നവരാകണം സഭാശുശ്രൂഷകർ. അവർ ജീവിക്കുന്ന സാഹചര്യം മനസ്സിലാക്കേണ്ടത് വളരെ പ്രധാനമാണ്.

ദൈവത്തിന്റെ കാരുണ്യത്തിന്റെ കൂദാശയായ കുമ്പസാരത്തെ മാർപാപ്പ അതിയായി പ്രോത്സാഹിപ്പിക്കുന്നു. സഭയിൽ ഉന്നതസ്ഥാനീയരായ പുരോഹിതരും പതിവായി കുമ്പസാരിപ്പിക്കണം. ജനങ്ങൾക്ക് എളുപ്പത്തിൽ കുമ്പസാരിക്കാനുള്ള സൗകര്യം ഇടവകകളിലും സന്ന്യാസ ഭവനങ്ങളിലും ഒരുക്കണമെന്നും നിർദ്ദേശിക്കുന്നു. ഈ കൂദാശയുടെ പരികർമ്മത്തിന് എപ്പോഴാണ് സൗകര്യമെന്ന് വിശ്വാസികൾ അറിറഞ്ഞിരിക്കണം. ദൈവത്തിന്റെ കരു





ണയുടെ നിദർശനമാകണം ഓരോ കുമ്പസാരക്കാരനും. കുമ്പസാരക്കൂട് ഒരു പീഡനകൂടാരമല്ല പ്രത്യുത ദൈവത്തിന്റെ ക്ഷമിക്കുന്ന സ്നേഹം അനുഭവവേദ്യമാകേണ്ടിടമാണ്. ആർദ്രതയാൽ അലിയുന്നതാവണം വൈദികന്റെ ഹൃദയം. അതു കേവലം വൈകാരികമോ ആവേശപരമായ ഒന്നോ ആകരുത്. കുമ്പസാരക്കാരൻ ഒരേസമയം വൈദ്യനും ജഡ്ജിയുമാണ്; വൈദ്യൻ സുഖം പകരുന്നു, ജഡ്ജി പാപം മോചിക്കുന്നു.

ക്രിസ്തുവിന്റെ തുടർച്ചയായ സഭയോടൊത്ത് നാം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യണം. സഭ എല്ലാവരുടെയും ഭവനമായിരിക്കണം. ഇടവകയുടെ അതിർത്തിക്കുള്ളിലുള്ള എല്ലാ മതവിഭാഗത്തിൽപ്പെട്ടവരും ഇടവകയുടെ ഭാഗമാണ്. എല്ലാവരുടെയും രക്ഷയും സത്യത്തിലും നീതിയിലും സ്നേഹത്തിലും അടിസ്ഥിതമായ സമൂഹനിർമ്മിതിയും വികാരിയുടെയും വിശ്വാസികളുടെയും വ്യഗ്രതയാകണം.

**b. ദരിദ്രരോടു പക്ഷംചേരൽ**

ജനനംമുതൽ മരണംവരെ ദാരിദ്ര്യത്തിന്റെ പാതയിലൂടെ സഞ്ചരിച്ച യേശു ദരിദ്രരോടു പ്രത്യേക പരിഗണന കാണിച്ചവനാണ്. ഈ പരിഗണന സഭയ്ക്കുമുണ്ടാകണം. അവരോടു അവഗണന കാണിക്കുന്നതിനെ മാർപ്പാപ്പാ ശക്തമായി അപലപിക്കുന്നു. അവരുടെ ആവശ്യങ്ങൾക്ക് സഭയിൽ മുൻഗണന ഉണ്ടാകണം. അവരെ സ്നേഹിക്കണം. അവരുടെ ഹൃദയങ്ങളെ തൊട്ടറിഞ്ഞ ശുശ്രൂഷയായിരിക്കണം സഭാനേതൃത്വത്തിനുണ്ടായിരിക്കേണ്ടത്. അതിന് ദാരിദ്ര്യജീവിതശൈലി സഭാശുശ്രൂഷകർക്കും സഭാപ്രസ്ഥാനങ്ങൾക്കുമുണ്ടാകണം. ആർഭാടവും ധൂർത്തും സഭാംഗങ്ങൾക്ക് മാത്രമല്ല ആഘോഷങ്ങൾക്കും സഭാസ്ഥാപനങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും യോജിച്ചതല്ല. എല്ലാവരിലേക്കും ഇറങ്ങിച്ചെല്ലേണ്ട സഭ പ്രഥമവും പ്രധാനവുമായി ഇറങ്ങിച്ചെല്ലേണ്ടത് ദരിദ്രരിലേക്കും രോഗികളിലേക്കും അവഗണിക്കപ്പെട്ടവരിലേക്കുമാണ്. സമുദായവും രാഷ്ട്രീയവും തഴയുന്നവരുടെ അടുത്തേക്ക് സഭ ആദ്യം പോകണം. സഭയിൽ ആരും തഴയപ്പെടരുത്, മാറ്റിനിർത്തപ്പെടരുത്. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ശബ്ദമാകണം സഭ; അവർക്കുവേണ്ടി ശബ്ദിക്കണം. വേദനിക്കുന്നവരോട് നിസ്സംഗത കാണിക്കുന്നത് ഒരു ക്രിസ്ത്യാനിക്ക് ഒരിയ്ക്കലും ചേർന്നതല്ല. യഥാർത്ഥ ക്രിസ്ത്യാനി

പാവപ്പെട്ടവരിലും രോഗികളിലും വികലാംഗരിലും അവനെ കണ്ടെത്തുന്നു, ആരാധിക്കുന്നു. അവിടുത്തെ മുറിവുകൾ തിരിച്ചറിയുന്നു. ആ മുറിവുകളെ നാം ഇവിടെ ശുശ്രൂഷിച്ചാൽ സ്വർഗ്ഗത്തിലിരുന്നു ഈശോ സ്വന്തം മുറിവുകൾ കാണിച്ചുകൊണ്ടു പറയും നിന്നെ ഞാൻ കാത്തിരിക്കുന്നു എന്ന്.

ആഗോളവൽക്കരണവും ഉപഭോഗസംസ്ക്കാരവും ദരിദ്രനെ കൂടുതൽ ദരിദ്രനാക്കുന്നു. അവ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് ദരിദ്രനേയും രോഗിയേയും വൃദ്ധരേയും പ്രയോജനരഹിതരെന്നു കരുതുന്നവരേയും പാർശ്വങ്ങളിലേക്കു തള്ളിനീക്കാൻ ധൃതികൂട്ടുന്നു. ആധുനിക സംസ്ക്കാരത്തിന്റെ സംഭാവനയാണ് വലിച്ചെറിയൽ അഥവാ പാഴാക്കൽ സംസ്ക്കാരം . അതിന്റെ ഇരകളായ ദുർബലരും ദരിദ്രരും രോഗികളായ വയോവൃദ്ധരും വൈകല്യം പ്രാപിച്ചവരും വലിച്ചെറിയപ്പെടാനുള്ള ആപത്തിലാണ്. ഏറ്റവും കാര്യക്ഷമതയുള്ള യന്ത്രങ്ങൾക്കായി കുതിക്കുന്ന ബിസിനസ്സ് ലോകത്തിൽ കാര്യക്ഷമതകുറഞ്ഞ യന്ത്രങ്ങളോടൊപ്പം കാര്യക്ഷമത കുറഞ്ഞ മനുഷ്യരേയും വലിച്ചെറിയുന്ന പ്രവണത ആപൽക്കരമാണ്. കടിഞ്ഞാണില്ലാത്ത കാപ്പിറ്റലിസം ശക്തരെ കൂടുതൽ ശക്തരാക്കും നിസ്സഹായരെ കൂടുതൽ നിസ്സഹായരാക്കും.

ഇന്നത്തെ അനീതി നിറഞ്ഞ സാമ്പത്തിക-സാംസ്ക്കാരിക വ്യവസ്ഥിതികൾ സൃഷ്ടിക്കുന്ന അസമത്വവും ദരിദ്രന്റെമേൽ കെട്ടിവയ്ക്കുന്ന അടിമത്വത്തിന്റെ നുകവും തട്ടിമാറ്റാൻ സഭാംഗങ്ങൾ മുമ്പോട്ടുവരണം. ദരിദ്രന്റെ നിലവിളി കേട്ട് വിനയത്തോടും ആദരവോടുംകൂടെ സഹായഹസ്തവുമായി ചെല്ലാനും അവരെ വിമോചിപ്പിക്കാനും സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാനും ഓരോ സഭാംഗവും വിളിക്കപ്പെട്ടിരിക്കുന്നു. ദരിദ്രന്റെ കാര്യങ്ങളിൽ ദൈവത്തിന് എത്രമാത്രം ഉത്കണ്ഠയുണ്ടെന്ന് ദൈവവചനം നമ്മെ പഠിപ്പിക്കുന്നു (പുറ 3: 7-10). അവരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുവാനും നമുക്കുള്ളത് പങ്കുവയ്ക്കുവാനും സാധിക്കണം.

**c. അജപാലന മുൻഗണനയും ശൈലിയും**

അജപാലകൻ പ്രയോജനരഹിതനായ, ജാഗ്രതയുള്ള ഭൃത്യനേപ്പോലെ കടമനിർവഹിക്കുന്നവനാണ്. സഭയുടെ പുണ്യത്തിന്റെ ഭണ്ഡാകാരത്തിൽനിന്ന് ഒരു പരിചാരകനേപ്പോലെ മേശക്കരികിൽനിന്നു വിളമ്പുന്നവനാകണം അയാൾ. വൈദികന്റെ ആത്മീയതയുടെ നിറവിന്റെ അനിവാര്യത ഇതു വ്യക്തമാക്കുന്നു. അവൻ ആധിപത്യത്തിന്റെ മേലങ്കി അഴിച്ചുവച്ച് പരിചാരകന്റെ ഏപ്രൺ അണിയേണ്ടവനാണ്. അജപാലകരെയാണ് ദൈവജനത്തിനാവശ്യം, അല്ലാതെ സർക്കാരുദ്യോഗസ്ഥരേപ്പോലെ പെരുമാറുന്ന പുരോഹിതരെയല്ല. നിഷ്ക്രിയതയുടെയും നിർവികാരിതയുടെയും ഷണ്ഢത്വമല്ല അവന്റെ ബ്രഹ്മചര്യം. അത് ഫലം പുറപ്പെടുവിക്കുന്ന അജപാലന പിതൃത്വമുള്ളതായിരിക്കണം. അവന്റെ ശുശ്രൂഷാശൈലി അജഗണസൗഹൃദമുള്ളതാകട്ടെ. പാവങ്ങളോട് പക്ഷം ചേരുന്നതിന് അനുപേക്ഷണീയമായ ദാരിദ്ര്യമനോഭാവവും ജീവിതശൈലിയും അവൻ സ്വന്തമാക്കേണ്ടതുണ്ട്. സുതാര്യതയുള്ളവനും ജനങ്ങളുടെ മനസ്സറിയാൻ വ്യഗ്രതയുള്ളവനും പ്രതികരണങ്ങളിലും വിയോജിപ്പുകളിലും ദൈവസ്വരമുണ്ടോയെന്ന് തിരിച്ചറിയുന്നവനുമാകണം. അതോടൊപ്പം മുഖസ്തുതികളിൽ കോൾമയിർകൊള്ളുന്നവനാകരുത്. വിശ്വാസികളോടൊപ്പം യാത്രചെയ്യുന്നവനും അവരുടെ കണ്ണുകളിലെ ഉൽക്കണ്ഠകളും ഹൃദയത്തിന്റെ നൊമ്പരങ്ങളും മുറിപ്പാടുകളുടെ എണ്ണവും ആഴവും അറിയുന്നവനുമാകണം. ആടുകളുടെ മണമുള്ളവനാണ് യഥാർത്ഥ ഇടയൻ. തുറന്നുകിടക്കുന്ന വാതായനങ്ങളിലൂടെ വിശ്വാസികളെ ഉൾക്കൊള്ളുന്നവനും വരാത്തവരെ അന്വേഷിച്ച് പുറത്തേക്കിറങ്ങുന്നവനുമാണവൻ. വൈദികൻ മദ്ബഹായുടെയും വചനവേദിയുടെയും മാത്രം ഭാഗമാകാതെ സാധാരണക്കാരുടെ ജീവിതസാഹചര്യവുമായി ഇടപഴക്കേണ്ടവനാണ്.

സുവിശേഷത്തിന്റെ സന്തോഷം നൽകുന്നതാവണം അജപാലന ശൈലി. പക്ഷപാതമോ നീതികേടോ സമ്പന്നപ്രീണനമോ കൂടാതെ എല്ലാവരേയും സമത്വചിന്തയോടെ കാണുന്ന ശുശ്രൂഷയാണ് ആവശ്യം. കുടുംബതകർച്ചയുള്ളയിടങ്ങളിലും അസ്വസ്ഥതയും പിണക്കവുമുള്ള രംഗങ്ങളിലും ക്രിയാത്മകമായി ഇടപെട്ട് സുവിശേഷസന്തോഷം പകരുന്നതാകട്ടെ അജപാലനശുശ്രൂഷ. ഇടവകയുമായി അകന്നുനിൽക്കുന്നവരുടെ ഇടയിലേക്കു കടന്നുചെന്ന് അനുരഞ്ജനത്തിന്റെ വക്താവാകണം. അകത്തോലിക്കരുമായി അടുത്തിടപഴകുകയും സംവദിക്കുകയും ചെയ്യണം.

**d. വചനപ്രഘോഷണം**

സുവിശേഷപ്രഘോഷണത്തിന്റെ സവിശേഷവേദി ആരാധനക്രമസാഹചര്യമാണ്. ദൈവവും അവിടുത്തെ ജനവും തമ്മി

ലുള്ള സംഭാഷണത്തിന്റെ പരമമായ നിമിഷമാണത്. ഈശോ ജനവുമായി നടത്തിയ സംഭാഷണം ഒരിയ്ക്കൽകൂടെ ഏറ്റെടുക്കലാണ് സുവിശേഷപ്രസംഗം (സുവി. ആനന്ദം 137). പ്രസംഗകൻ സമൂഹത്തിന്റെ ഹൃദയം അറിയണം; അതു തിരുക്കർമ്മത്തിനു ജീവനും അർത്ഥവും നൽകേണ്ടതാണ്. പ്രസംഗം ഹ്രസ്വമായിരിക്കണം; നീണ്ടുപോയാൽ തിരുക്കർമ്മത്തിന്റെ താളക്രമത്തെ ബാധിക്കും. പ്രസംഗകനേക്കാൾ കർത്താവായിരിക്കണം ശ്രദ്ധാകേന്ദ്രം. സഭയാകുന്ന അമ്മയുടെ മക്കളോടുള്ള സംസാരമാണ് പ്രസംഗം. ധാർമ്മികവും മതപരവുമായ പ്രബോധനങ്ങൾക്കു മുമ്പു വരേണ്ടത് ദൈവത്തിന്റെ രക്ഷാകരസ്നേഹത്തിന്റെ പ്രഘോഷണമാണ്. വിശ്വാസിയുടെ ഹൃദയത്തെ കർത്താവിന്റെ ഹൃദയത്തോടു ചേർത്തുനിർത്താൻ സാധിക്കണം. സുവിശേഷപ്രസംഗത്തിന്റെ ലക്ഷ്യം മാനസാന്തരവും രൂപാന്തരവുമാണ്.

ഇതിനു ഒരുക്കം വലിയ ചുമതലയാണ്. വി. ഗ്രന്ഥം മനനം ചെയ്യപ്പെടണം. പഠനത്തിന്റെയും പ്രാർത്ഥനയുടെയും വിചിന്തനത്തിന്റെയും ഒരു നീണ്ട സമയം ഇതിനുവേണ്ടി നീക്കിവയ്ക്കണം. ഒരുങ്ങാത്ത പ്രസംഗകന് ആത്മീയതയില്ല, സത്യസന്ധതയും ഉത്തരവാദിത്വവുമില്ല. വായനകൾ അതിന്റെ മുഴുവൻ ശോഭയോടുകൂടെ വൈദികന്റെ ഹൃദയത്തിൽ പ്രതിധ്വനിച്ചിട്ടുങ്കിൽ വിശ്വാസികളുടെ ഹൃദയത്തിലും പ്രതിധ്വനിക്കും. വൈദികന്റെ വിശുദ്ധിയുടെ തോത് വചനപ്രഘോഷണത്തിന്റെ ഫലസിദ്ധിയെ വളരെ സ്വാധീനിക്കും (ന. 149). സാധാരണ ജനങ്ങൾക്ക് മനസ്സിലാകുന്ന ലളിതഭാഷയും പ്രഘോഷണരീതികളും അവലംബിക്കുകയെന്നത് വളരെ പ്രധാനമാണ്. ഇന്നത്തെ സംഭവങ്ങളിലൂടെ സുവിശേഷം വായിച്ചറിയാൻ അവസരമൊരുക്കണം.

സുവിശേഷപ്രഘോഷണം വൈദികരുടെ മാത്രം കുത്തകയല്ല. സുവിശേഷം സ്വീകരിച്ചവർ അതു പങ്കുവയ്ക്കാൻ കടപ്പെട്ടവരാണ്. എപ്പോഴും സുവിശേഷം പ്രസംഗിക്കുക, ആവശ്യമുണ്ടെങ്കിൽ മാത്രം വാക്കുകൾ ഉപയോഗിക്കുക. വാക്കുകൾ ഉപയോഗിക്കാതെ സുവിശേഷപ്രഘോഷണം സാധ്യമാണ്. നമ്മുടെ ജീവിതസാക്ഷ്യംവഴി അതു സാധിക്കും. ആദ്യം സാക്ഷ്യം വരണം പിന്നെ സ്വാഭാവികമായും വാക്കുകളും. ഫ്രാൻസീസ് പാപ്പായുടെ വാക്കുകളാണിത്. ഈ സുവിശേഷം സന്തോഷം നൽകുന്നതാണ്. ജീവിതക്ലേശങ്ങളുടെ മദ്ധ്യത്തിലും സന്തോഷവും സമാധാനവുമുള്ള ഒരു





സമൂഹം വലിയ സാക്ഷ്യം തന്നെയാണ്. ഇടവകജനങ്ങളുടെ സുവിശേഷജീവിതസാക്ഷ്യം പുളിമാവുപോലെ ചുറ്റുമുള്ള അക്രൈസ്തവരോടുള്ള പ്രഘോഷണമാണ്.

യേശുവിനെ കണ്ടുമുട്ടുവാനും അനുഭവിക്കാനുമുതകുന്ന പരിശീലനപദ്ധതിയാണ് മതപഠനമേഖലയിൽ അനിവാര്യം. സിദ്ധാന്തങ്ങളും ധാർമ്മികസംഹിതകളും പഠിച്ചുപാസ്സാകുന്നു എന്നതിനേക്കാൾ സുവിശേഷജീവിതശൈലി പരിശീലിപ്പിക്കുന്നതിന് മുൻഗണന നൽകണം. ഇന്നത്തെ സാഹചര്യത്തിൽ ഓഡിയോ-വീഡിയോ മാദ്ധ്യമങ്ങൾ പരിശീലനരംഗത്തെ അനിവാര്യതയാണ്. ഇടവകയിൽ മുതിർന്നവർക്കായി ബൈബിൾ ക്ലാസ്സുകൾ സംഘടിപ്പിക്കണം. കത്തോലിക്കാ പ്രസിദ്ധീകരണങ്ങളും ദൃശ്യ-ശ്രാവ്യ മാദ്ധ്യമപ്രസിദ്ധീകരണങ്ങളും ആവശ്യമാണ്.

**e. ആരാധനാസമൂഹ രൂപീകരണം**

കാർമ്മികരായ വൈദികരുടെ ഒരുക്കവും ശ്രദ്ധയും ആരാധനാസമൂഹത്തെ ഒരുക്കുന്നതും ആരാധനക്രമത്തിന്റെ ഫലസിദ്ധിക്ക് വളരെ നിർണ്ണായകമാണ്. അതിന്റെ കുറവ് തിരുക്കർമ്മങ്ങളെ വെറും ചടങ്ങുകളായി തരംതാഴ്ത്തും. ബാഹ്യമായ ആഘോഷങ്ങളുടെയും താളക്കൊഴുപ്പുകളുടെയും വർദ്ധനവും വിശുദ്ധരിൽ കേന്ദ്രീകൃതവും (sancto-centric) കാര്യസാദ്ധ്യതക്കുവേണ്ടിമാത്രവുമുള്ള (utilitarian) ഭക്തിപ്രകർഷവും ആരാധനക്രമശുശ്രൂഷകളുടെ ആന്തരികത നഷ്ടപ്പെടുത്തുകയും ക്രിസ്തുവിനെ കണ്ടെത്താൻ തടസ്സമാവുകയും ചെയ്യും. ക്രിസ്തുകേന്ദ്രീകൃതമായ (Christo-centric) ആദ്ധ്യാത്മികതയാണ് ആരാധനക്രമത്തിലും ഭക്താനുഷ്ടാനങ്ങളിലും ആവശ്യമായിരിക്കുന്നത്. ദൈവജനത്തിന്റെ സജ്ജീവഭാഗഭാഗിത്വം ഉറപ്പാക്കുകയും അതിനെതിരായിട്ടുള്ളതെല്ലാം വർജ്ജിക്കുകയും ചെയ്യണം.

**2. സമർപ്പിതജീവിത ദർശനങ്ങൾ**

സഭയിൽ എല്ലാവരും പൊതുപൗരോഹിത്യം ഉള്ളവരും ഓരോ ജീവിതാന്തസ്സിലേക്കു വിളിക്കപ്പെട്ടവരുമാണ്. തങ്ങളുടേതായ വിളിയിൽ ഓരോരുത്തരം സമർപ്പണബോധത്തോടെ പ്രത്യുത്തരിക്കാൻ കടപ്പെട്ടവരുമാണ്. എങ്കിൽത്തന്നെയും ദൈവത്തിന്റെയും മനുഷ്യരുടെയും സേവനത്തിനായി സവിശേഷമായി സമർപ്പിക്കാൻ വിളിക്കപ്പെട്ടവരാണ് സന്ന്യാസിമാർ. ക്രിസ്തുവിന്റെ ജീവിതത്തെ

അടുത്തനുകരിക്കാനും സുവിശേഷാദർശങ്ങളുടെ ഊർജ്ജസ്വല രായ സാക്ഷികളായി, ലോകത്തിന്റെ പ്രകാശവും ലവണവുമായി, ജീവിക്കുവാൻ നിയോഗിക്കപ്പെട്ടവരാണ് അവർ. ഈ നിലയിൽ കന്യാസ്ത്രികളുടെ സേവനങ്ങളെ ഫ്രാൻസീസ് പാപ്പാ മുക്ത കണ്ഠം പ്രശംസിക്കുന്നു. അവർ സഭയ്ക്കും പൊതുസമൂഹത്തിനും വലിയ സമ്മാനമാണ്. ലോകത്തിൽ അധമസംസ്ക്കാരത്തിന്റെ വേലിയേറ്റത്തിൽ ഒരു പ്രതിസംസ്ക്കാരത്തിന്റെ - സുവിശേഷസം സ്ക്കാരത്തിന്റെ - പുളിമാവായി വർത്തിച്ചുകൊണ്ട് ലോകത്തെ തട്ടി യുണർത്താൻ പാപ്പാ സന്ന്യസ്തരെ ഉദ്ബോധിപ്പിക്കുന്നു. സമർപ്പി തർ രൂപതയിൽ വെറും ജോലിക്കാരല്ല; അവർ രൂപതയെ ധന്യമാ ക്കുന്ന സമ്മാനമാണ് അവരുടെ സഹകരണം സഭയ്ക്ക് വളരെ വിലപ്പെട്ടതാണ്. അതേസമയം വ്രതങ്ങളെ ഹാസ്യനുകരണങ്ങളായി മാറ്റിയാൽ കന്യാവ്രതം ഫലം പുറപ്പെടുവിക്കാത്ത ഷണ്ഡന്മാരുടെ ജീവിതരീതിയായി മാറുമെന്ന് പാപ്പാ മുന്നറിയിപ്പും നല്കി.

അന്തരാത്മാവ് ശ്രവിക്കുന്ന ഉൾവിളിക്ക് നൽകുന്ന ക്രിയാ ത്മകമായ പ്രത്യുത്തരമാണ് സന്ന്യാസജീവിതം. ദൈവികപുണ്യ ങ്ങളിലുള്ള ശ്രേഷ്ഠമായ വളർച്ചയാണത്. സുവിശേഷോപദേശങ്ങ ളായ വ്രതത്രയങ്ങൾ ആത്മാർത്ഥതയോടെ ജീവിക്കുമ്പോൾ ഭൗതി കതയുടെയും ഉപഭോഗസംസ്കാരത്തിന്റെയും ഒഴുക്കിനെതിരേ ഒരു വെല്ലുവിളിയും തിരുത്തൽശക്തിയുമായി മാറും. അതേസമയം കാല ത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കി ഇന്നിന്റെ ആവശ്യങ്ങ ളോടും പരിതസ്ഥിതികളോടും ഫലപ്രദമായി പ്രതികരിക്കാൻ അവർക്കു സാധിക്കണം. അതിന് ഓരോ സമൂഹവും അതതിന്റെ സ്ഥാപക ചൈതന്യത്തോടുള്ള വിശ്വസ്തത കൈവെടിയാതെ കാലോചിതമായി നവീകരിക്കേണ്ടിയിരിക്കുന്നു.

### 3. വൈദിക-സന്ന്യാസ പരിശീലനം

ജീവിതാവസാനംവരെ തുടരേണ്ട ഒരു നിരന്തര പ്രക്രിയ യാണ് വൈദികരുടെയും സന്ന്യസ്തരുടെയും പരിശീലനം; എങ്കിലും അവയുടെ പ്രാരംഭ ഘട്ടത്തിൽ അർത്ഥികളെന്നനിലയിൽ അവരെ സഹായിക്കുകയെന്നതാണ് പരിശിലകരുടെ മുഖ്യദൗത്യം. ദൈവരാജ്യസംസ്ഥാപനം ലക്ഷ്യമാക്കി, ദൈവസ്നേഹവും പര സ്നേഹവും കോർത്തിണക്കി, ഒരു പുതിയ സൃഷ്ടിയാവുക എന്ന താണ് പരിശീലനത്തിന്റെ ലക്ഷ്യം. നല്ല ഇടയനായ യേശുവുമാ





യുള്ള അടുപ്പമാണ് ഇതിന്റെ കാതൽ. പരിശീലകരുടെ ജീവിത ശൈലി നല്ല വൈദികനും സന്ന്യസ്തരുമാകാൻ പരിശീലിതരെ പ്രചോദിപ്പിക്കുന്നവയാകണം.

പരിശീലന മേഖല ഒരു അനുഷ്ഠാന-ആദ്ധ്യാമികതയുടെ (cultic spirituality) തലത്തിൽനിന്ന് കൂടുതൽ അജപാലക-പ്രവാ ചക ദൗത്യനിർവഹണ കേന്ദ്രീകൃതമാകണം. പരിശീലിതർ ഉത്തര വാദിത്വപരമായ തീരുമാനങ്ങളിലൂടെയും സ്വതന്ത്രമായ തെരഞ്ഞെ ടുപ്പുകളിലൂടെയും വ്യക്തിത്വരൂപീകരണം സാധിക്കേണ്ടിയിരിക്കു ന്നു. പരിശീലിതരെ തെരഞ്ഞെടുക്കുന്നതിനുമുമ്പ് അവരുടെ കുടും ബപശ്ചാത്തലം പരിഗണനയ്ക്കെടുക്കണം. എണ്ണത്തിനു പ്രാധാന്യം നൽകാതെ ഗുണനിലവാരത്തിനു പ്രാധാന്യം നൽകണം. സ്ഥിരത യുള്ള പരിശീലനപദ്ധതിയാണ് വേണ്ടത്. ദരിദ്രരോടും രോഗിക ളോടും അനുകമ്പയും കാരുണ്യവും ഉള്ള പരിശീലനത്തിന് ഊന്നൽ നൽകണം. പക്വതവന്നതിനുശേഷം സെമിനാരിയിൽ സ്വീകരിക്കു ന്നതാണ് അഭികാമ്യം. വൈദിക-സന്ന്യാസ പരിശിലനത്തിൽ ഇട വകയ്ക്കും വികാരിക്കുമുള്ള സവിശേഷമായ റോൾ കൂടുതൽ വ്യക്തമാക്കണം.

### ചോദ്യങ്ങൾ

1. കാരുണ്യത്തിന്റെ കൂദാശയായ കുമ്പസാരത്തിന്റെ വലിയ പ്രാധാന്യത്തേപ്പറ്റി ഫ്രാൻസിസ് പാപ്പാ വളരെയേറെ പ്രസ്താ വിക്കുന്നുണ്ട്. ഈ പ്രാധാന്യം ഇടവകയിൽ നല്കുന്നുണ്ടോ? ഇതു പ്രോത്സാഹിപ്പിക്കുന്നതിനും ഫലപ്രദമായും എളുപ്പ ത്തിലും കുമ്പസാരിക്കുന്നതിനും ഇടവകയിൽ എന്ത് ക്രമീക രണം ചെയ്യേണ്ടതുണ്ട്?
2. നമ്മുടെ അതിരൂപതയിലെ വൈദിക-സന്യാസ ശുശ്രൂഷകൾ ക്രിസ്തുവിന്റെ അജപാലനശൈലിയിൽ നടത്തപ്പെടേണ്ടവയാ ണ്. എന്നാൽ ഈ രംഗത്ത് ലൗകായകത്വത്തിന്റെ അതിപ്രസരം ഉണ്ടോ? നല്ല ഇടയനടുത്ത മനോഭാവത്തിലേക്കു വരേണ്ട ശുശ്രൂ ഷാമേഖലകളും അതിനുള്ള നിർദ്ദേശങ്ങളും നൽകുക.
3. നല്ല ദൈവവിളികൾ പ്രത്യേകിച്ച് പെൺകുട്ടികളുടെ സന്ന്യാ സദൈവവിളികൾ വളരെ കുറയുന്നതായി കാണുന്നു. എന്താണ് പ്രധാനകാരണങ്ങൾ? വൈദികരുടെയും ഇടവകയിലെ സമർപ്പി

തരുടെയും പ്രവർത്തനങ്ങളും ജീവിതശൈലിയും ദൈവവിളി കുറയുവാൻ കാരണമാകുന്നുണ്ടോ? ഇടവകതലത്തിൽ ഇതിന് എന്ത് പ്രോത്സാഹനം നൽകാൻ സാധിക്കും?

4. യേശു എല്ലാ മനുഷ്യരുടെയും രക്ഷക്കായി വന്നു. സഭ രക്ഷയുടെ കൂദാശയുമാണ്. എങ്കിൽ ഇടവകയിലെ അജപാലന ശുശ്രൂഷ വിശ്വാസികളുടെ ഇടയിൽ മാത്രം ഒതുങ്ങുന്നില്ല. ഇടവകാതിർത്തിക്കുള്ളിൽ താമസിക്കുന്ന മറ്റു മതസ്തരോടുള്ള ദൗത്യനിർവഹണം- പ്രേഷിതമേഖലയിലും, നല്ല സമൂഹ നിർമ്മിതിയിലും- എങ്ങനെയെല്ലാം നിറവേറ്റാൻ സാധിക്കും? പരസ്പര ഐക്യവും സഹവർത്തിത്വവും എങ്ങനെ വളർത്താൻ സാധിക്കും.

5. നമ്മുടെ വ്യക്തി-പൊതു-മതജീവിതത്തിൽ ആഡംബരത്തിന്റെയും പ്രകടനപരതയുടെയും അതിപ്രസരം ഉണ്ടോ? ഭവന നിർമ്മാണം തുടങ്ങി പള്ളിനിർമ്മാണം, ആഘോഷങ്ങൾ (പള്ളിയിലും ഭവനങ്ങളിലും), സന്യസ്തരുടെ സ്ഥാപനങ്ങൾ, വൈദിക-സന്യസ്ത ജീവിതശൈലി എന്നിവ കൂടുതൽ ലളിതമാക്കേതുണ്ടോ? അതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ.



# IV. അല്മായരുടെ പങ്കാളിത്തവും നേതൃത്വവും കോട്ടയം അതിരൂപതയിൽ

മാമ്മോദീസാ വഴി സഭയിൽ ഉൾച്ചേരുന്നവരാണ് ക്രൈസ്തവ വിശ്വാസികൾ. ദൈവജനത്തിന്റെ സമൂഹമായ സഭയിൽ മെത്രാന്മാരും വൈദികരും സന്യസ്തരും അല്മായരും ദൈവരാജ്യസ്ഥാപനത്തിനായി തങ്ങളുടെ കർമ്മമണ്ഡലങ്ങളിൽ വേല ചെയ്യുന്നു. തിരുപ്പട്ടം സ്വീകരിക്കാത്തവരോ സഭ അംഗീകരിച്ചിട്ടുള്ള സന്യാസ സഭകളിൽ പെടാത്തവരോ ആയ വിശ്വാസികളെയാണ് അല്മായർ എന്ന് വിവക്ഷിക്കുന്നത്. ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലും രാജത്വത്തിലും സ്വകീയമായ രീതിയിൽ അവർ പങ്കുചേരുന്നു.

ഭൗതിക കാര്യങ്ങൾ ദൈവേഷ്ടപ്രകാരം നിർവ്വഹിക്കുകയും നിയന്ത്രിക്കുകയും ചെയ്യുക, ദൈവരാജ്യം അന്വേഷിക്കുക, അതുവഴി തങ്ങളുടെ വ്യക്തിജീവിതത്തിലും കുടുംബജീവിതത്തിലും, രാഷ്ട്രീയ-സാമൂഹിക ജീവിതത്തിലും ക്രിസ്തുവിന് സാക്ഷ്യം വഹിക്കുക, നീതി-നിയമപാലനത്തിന് പരിശ്രമിക്കുക, വിശ്വാസം, ശരണം, ഉപവി എന്നീ ദൈവിക പുണ്യങ്ങളിൽ വളർന്ന് പുളിമാവെന്നപോലെ ലോകത്തിന്റെ വിശുദ്ധീകരണത്തിനായി പ്രവർത്തിക്കുക എന്നീ ദൗത്യങ്ങൾ അല്മായർ നിർവ്വഹിക്കണം. വിവാഹവും കുടുംബജീവിതവും വഴി ദൈവജനത്തെ വളർത്തി കൊണ്ടുവരുന്ന ദൗത്യം അല്മായർ പ്രാധാന്യത്തോടെ ഏറ്റെടുക്കണം.

**സഭയിൽ അല്മായരുടെ പങ്ക്: ചരിത്ര വീക്ഷണം**

ആദിമസഭയുടെ കാലത്തുതന്നെ തീരുമാനങ്ങളിൽ ഭാഗഭാക്കാകുന്ന അല്മായസമൂഹത്തെ കാണാം. പുതിയ നിയമത്തിലെ അപ്പസ്തോല പ്രവർത്തനങ്ങളിലും പൗലോസിന്റെ ലേഖനങ്ങളിലും ഇതിനു ധാരാളം ഉദാഹരണങ്ങൾ കാണാം. (അപ്പ. 1:15-26, 6:1-6, 13:1, 15:1- 2, 15:4-6, റോമ. 12:4-8, 1 കൊറി. 12: 4-11, 12:28, തിത്തോ. 1:5).

വി. മത്തായിയുടെ സുവിശേഷത്തിൽ പരസ്പരം തിരുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഒരു സഹോദരൻ തെറ്റ് ചെയ്താൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ചും ക്രിസ്തു തന്നെ സൂചിപ്പിക്കുന്നു. (മത്താ. 18:15-17). ഈ നടപടിക്രമങ്ങളിൽ സഭാസമൂഹത്തിന്റെ കൂട്ടുത്തരവാദിത്വം നമുക്ക് കാണാവുന്നതാണ്. അപ്പസ്തോലിക സഭയുടെ ഭരണപ്രവർത്തനങ്ങളിൽ സഭ

പൊതുവായി പങ്കെടുത്തിരുന്നു. എല്ലാവരും സമന്മാരായി കണക്കാക്കപ്പെട്ടിരുന്നുവെങ്കിലും പ്രവർത്തനങ്ങളിൽ പ്രായോഗികമായ വ്യത്യാസങ്ങൾ നിലനിന്നിരുന്നു. പരിശുദ്ധാത്മാവിനാൽ തങ്ങൾക്കു കിട്ടിയ വരദാനങ്ങളനുസരിച്ച് വിശ്വാസിസമൂഹം തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റി പോന്നു. ജറുസലേം കൗൺസിൽ അല്മായസമൂഹം വഹിച്ചിരുന്ന പങ്കിനെ വ്യക്തമാക്കുന്നു. അപ്പസ്തോലന്മാർ ചേർന്ന് എല്ലാ സമുദായാംഗങ്ങളും ഉൾപ്പെടുന്ന ഒരു സഭ വിളിച്ചു ചേർക്കുന്നതും അതിൽനിന്ന് ഏഴു പേരെ ഡീക്കന്മാരായി നാമനിർദ്ദേശം ചെയ്യണമെന്ന് ആവശ്യപ്പെടുന്നതും അപ്പസ്തോലപ്രവർത്തനങ്ങളിൽ വിശദീകരിക്കുന്നുണ്ട്.

അല്മായ പ്രാതിനിധ്യത്തോടുകൂടി ഇടവക ഭരണം നടത്തിയിരുന്ന രീതി - ഒരുവിധത്തിൽ ആഗോള സഭക്കുപോലും അനുകരണീയമായ ഒരു പാരമ്പര്യം - വത്തിക്കാൻ കൗൺസിലിനും വളരെ മുമ്പുതന്നെ മാർത്തോമ ക്രിസ്ത്യാനികളുടെ ഇടയിൽ നിലനിന്നിരുന്ന സഭാ സംവിധാനമാണ് നമ്മുടെ പള്ളിയോഗങ്ങൾ. സഭാഭരണത്തിൽ അല്മായ പ്രാതിനിധ്യത്തിന് നിർണ്ണായകസ്ഥാനം കൊടുക്കുന്ന സംവിധാനം അതേ ചൈതന്യത്തിൽ നമ്മുടെ സഭയിൽ ഇപ്പോഴും തുടരുന്നു എന്നത് ശ്രദ്ധേയമാണ്.

രണ്ടാം വത്തിക്കാൻ കൗൺസിലോടുകൂടി അല്മായരെക്കുറിച്ചും അവരുടെ ദൗത്യത്തെക്കുറിച്ചും കാര്യമായ ചർച്ചകൾ നടക്കുകയും ധാരണകൾ തിരുത്തുകയും ചെയ്തു. അല്മായ സമൂഹത്തിന്റെ പ്രവർത്തനങ്ങളെയും പങ്കിനേയും കൃത്യമായി നിർവചിക്കുക വഴി സഭാ ചരിത്രത്തിലെ പ്രധാനപ്പെട്ട ഒരു സംഭവമായി രണ്ടാം വത്തിക്കാൻ കൗൺസിൽ വിലയിരുത്തപ്പെട്ടു. അല്മായ സമൂഹത്തിന്റെ സഭയിലും ലോകത്തിലുമുള്ള ദൗത്യങ്ങളെ വ്യക്തമാക്കുന്ന നാലു പ്രമാണരേഖകൾ വത്തിക്കാൻ കൗൺസിൽ പ്രസിദ്ധീകരിച്ചു. ഒന്ന്: തിരുസഭയെക്കുറിച്ചുള്ള ഡോഗ്മാറ്റിക് കോൺസ്റ്റിറ്റ്യൂഷൻ (LG). രണ്ട്: അല്മായരുടെ പ്രേഷിതപ്രവർത്തനത്തെ സംബന്ധിച്ച ഡിക്രി (AA). മൂന്ന്: സഭയുടെ പ്രേഷിത പ്രവർത്തനത്തെ സംബന്ധിച്ച ഡിക്രി (AG). നാല്: സഭ ആധുനികയുഗത്തിൽ എന്ന പാസ്റ്ററൽ കോൺസ്റ്റിറ്റ്യൂഷൻ (GS) എന്നീ നാലു പ്രമാണ രേഖകൾ അല്മായ സമൂഹത്തിന്റെ സഭയിലും ലോകത്തിലുമുള്ള ദൗത്യങ്ങളെക്കുറിച്ച് വ്യക്തമാക്കുന്നു.





രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം പോൾ ആറാമൻ മാർപാപ്പയുടെ സുവിശേഷം അറിയിക്കൽ (evangelium nuntiandi) എന്ന സിനഡാനന്തര ബോധന രേഖയിലും ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ അല്മായ ക്രിസ്തീയ വിശ്വാസികൾ (Christi fideles laici) എന്ന സിനഡാനന്തര പ്രചാരണ ദൗത്യ പ്രബോധന മേഖലയിലും അല്മായരുടെ സുവിശേഷ പ്രചരണ ദൗത്യത്തെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്.

സഭയിൽ അല്മായരുടെ ദൗത്യം ശുശ്രൂഷയുടേതാണ്. ദൈവരാജ്യ സ്ഥാപനത്തിൽ ശുശ്രൂഷാമാർഗ്ഗങ്ങളിലൂടെ തങ്ങളുടേതായ ദൗത്യം നിർവഹിക്കാനുള്ള വിളിയിലാണ് അത് പൂർത്തീകരിക്കപ്പെടുക. കോട്ടയം അതിരൂപതയിലെ അല്മായരുടെ പങ്കാളിത്തവും നേതൃത്വവും വിലയിരുത്തപ്പെടുന്നത് ഈ പശ്ചാത്തലത്തിലായിരിക്കണം. കോട്ടയം അതിരൂപത ക്നാനായ വംശീയർക്കു വേണ്ടിയുള്ള ഒരു അജപാലന സംവിധാനമാകയാൽ ക്നാനായ സമുദായത്തിന്റെ വൈകാരിക ഐക്യവും ഹൃദയബന്ധവും തനിമയും ഈ അതിരൂപതയുടെ ഒരു മുതൽക്കൂട്ടാണ്. 1911 ൽ തെക്കുംഭാഗർക്കുവേണ്ടി വിശുദ്ധ പത്താം പീയൂസിനാൽ അനുവദിക്കപ്പെട്ട കോട്ടയം വികാരിയാത്താണ് കോട്ടയം അതിരുപതയായി വളർന്നു വികസിച്ചത്. തങ്ങളുടെ വംശത്തിനുവേണ്ടി അനുവദിക്കപ്പെട്ട രൂപത എന്ന ചിന്തയുള്ളതിനാൽ രൂപതയുടെ വികാസപരിണാമങ്ങളിൽ സമുദായാംഗങ്ങളുടെ നിസ്വാർത്ഥമായ സഹകരണവും നേതൃത്വവും ഈ രൂപതയ്ക്ക് സുലഭമായി ലഭിച്ചിട്ടുണ്ട്. ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ ഇതര രൂപതകളെ അപേക്ഷിച്ച് ആത്മീയവും ഭൗതികവുമായ രംഗങ്ങളിൽ വലിയ പുരോഗതിയാണ് കോട്ടയം അതിരൂപത കൈവരിച്ചിട്ടുള്ളത്. ക്നാനായ സമുദായത്തിന്റെ തനിമയും പൈതൃകവും നിലനിർത്തുവാനും തങ്ങൾക്ക് ആത്മീയമായ ദിശാബോധം നൽകുന്ന കോട്ടയം അതിരൂപതയുടെ എല്ലാ ശുശ്രൂഷാ പ്രവർത്തനങ്ങളിലും ആത്മാർത്ഥമായ പിന്തുണയും സഹകരണവും നൽകുന്നു എന്നത് കോട്ടയം അതിരൂപതയിലെ അല്മായരുടെ ഒരനന്യതയാണ്. വിവിധ കാലഘട്ടങ്ങളിൽ അല്മായ നേതാക്കന്മാർ വിവിധ കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ച് രൂപതാധ്യക്ഷന്റെ സഹകരണത്തോടെ വിജയകരമായി നടപ്പിലാക്കിയത് ക്നാനായ സമുദായത്തിന്റെ ചരിത്രത്തിലുണ്ട്. 1943-ൽ നടന്ന രാജപുരം കുടിയേറ്റത്തിനും അലക്സ് നഗർ കുടിയേറ്റത്തിനും നേതൃത്വം നൽകിയത് പ്രൊഫ. വി.ജെ.

ജോസഫ് കണ്ടോത്തിന്റെ നേതൃത്വത്തിലുള്ള ഒരുകൂട്ടം അൽമായരാണെന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

കോട്ടയം അതിരൂപതയിൽ പുരുഷന്മാരുടെ അഥവാ കുടുംബനാഥന്മാരുടെ പങ്കാളിത്തം വിവിധ മണ്ഡലങ്ങളിൽ സജീവമാണ്. ഇടവകകളിലെ പ്രേഷിതരംഗങ്ങളിൽ പൂർവാധികം ഊർജ്ജസ്വലതയോടെയാണ് അവർ പ്രവർത്തിക്കുന്നത്. കൈക്കാരന്മാർ, കണക്കൻ, ദേവാലയ ശുശ്രൂഷി എന്നീ തസ്തികകളിൽ തികഞ്ഞ ശുശ്രൂഷാ മനോഭാവത്തോടും അർപ്പണ ബോധത്തോടും കൂടിയാണ് തൽസ്ഥാനത്തുള്ളവർ പ്രവർത്തിക്കുന്നത്. വിശ്വാസ പരിശീലന രംഗത്ത് കോട്ടയം അതിരൂപതയിൽ 90 ശതമാനത്തിനു മേലും അല്മായരായ അദ്ധ്യാപകരാണ് തികഞ്ഞ ശുഷ്കാന്തിയോടെ പ്രവർത്തിക്കുന്നത്. അതിരൂപതയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രിൻസിപ്പൽ, ഹെഡ്മാസ്റ്റർ തുടങ്ങിയ തസ്തികകളിൽ അധികവും നേതൃത്വം നൽകുന്നത് അല്മായരായ വിദ്യാഭ്യാസ വിചക്ഷണരാണ്. ഇടവകയുടെ പ്രവർത്തനങ്ങൾക്ക് നിയമപരമായ മാർഗ്ഗനിർദ്ദേശം നൽകുന്ന പാരീഷ് കൗൺസിൽ, പള്ളിയോഗം എന്നീ സമിതികളിലും പുരുഷന്മാരായ അല്മായർ തികഞ്ഞ ശുശ്രൂഷാ മനോഭാവത്തോടെ സഹകരിക്കുന്നതായി കാണാം. കൂടാരയോഗ പ്രവർത്തനങ്ങളിലും സാമാന്യം തൃപ്തികരമായി ഇവരുടെ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നു. വിൻസന്റ് ഡിപോൾ തുടങ്ങിയ ഭക്ത സംഘടനകളിലൂടെ സ്വയം സന്നദ്ധരായ പുരുഷന്മാർ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ വ്യാപൃതരാണ്. ക്നാനായ കത്തോലിക്കാ കോൺഗ്രസ് എന്ന സമുദായ സംഘടനയുടെ പ്രവർത്തനങ്ങൾ മിക്കവാറും എല്ലാ ഇടവകകളിലും സജീവമാണ്.

കോട്ടയം അതിരൂപതയിലെ സ്ത്രീകളുടെ ഇടയിൽ ഒരു ദശകമായി വർധിച്ച ശുശ്രൂഷാ പങ്കാളിത്തമാണ് കാണാൻ സാധിക്കുന്നത്. ഇടവകകളിൽ പാരീഷ് കൗൺസിൽ വനിതാ പ്രാതിനിധ്യം ഉറപ്പാക്കിയതിനാൽ വനിതാ പ്രതിനിധികൾ അതിൽ പങ്കെടുക്കുകയും തീരുമാനങ്ങളിൽ പങ്കാളികളാകുകയും ചെയ്യുന്നു. മതബോധന പരിശീലനത്തിലും അഭ്യസ്ത വിദ്യരായ വനിതകളുടെ പങ്കാളിത്തം വളരെ വലുതാണ്. ക്നാനായ വനിതാ കോൺഗ്രസ് ഇന്ന് എല്ലാ ഇടവകകളിലും സജീവമാണ്. വിവിധ പരിപാടികളാലും കൂട്ടായ്മകളാലും ആ സംഘടനയിലൂടെ ക്നാനായ വനിതകൾ അവരുടെ പങ്കാളിത്തവും നേതൃത്വവും സഫലമാക്കുന്നുണ്ട്. കൂടാരയോഗങ്ങളിൽ ഇന്ന് പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളാണ് കൂടുതൽ സജീവമായ ശുശ്രൂഷകൾ നൽകിക്കൊണ്ടിരിക്കുന്നത്.





യുവജന ശുശ്രൂഷാ മേഖലയിൽ കോട്ടയം അതിരൂപത എന്നും മുൻപന്തിയിലാണ് പ്രവർത്തിക്കുന്നത്. കേരളത്തിലെ ആദ്യത്തെ കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന് രൂപം നൽകാൻ കഴിഞ്ഞ കോട്ടയം അതിരൂപതയിലെ കെ.സി.വൈ.എൽ. എന്ന പ്രസ്ഥാനം എല്ലാ ഇടവകകളിലും പ്രവർത്തിക്കുന്നു. യുവജനങ്ങളുടെ ഭൗതികവും ആത്മീയവുമായ അഭിവൃദ്ധി ലക്ഷ്യം വച്ച് പ്രവർത്തിക്കുന്ന ഈ സംഘടന ധാരാളം സെമിനാറുകളും ക്യാമ്പുകളും സംഘടിപ്പിച്ച് യുവാക്കളുടെ സ്വഭാവ രൂപീകരണത്തിലും വ്യക്തിത്വ രൂപീകരണത്തിലും നിർണ്ണായകമായ പങ്കുവഹിച്ചുകൊണ്ടിരിക്കുന്നു.

അതിരൂപതാ തലത്തിൽ പാസ്റ്ററൽ കൗൺസിലിൽ തിരഞ്ഞെടുക്കപ്പെട്ട പുരുഷന്മാരും സ്ത്രീകളും യുവജനങ്ങളും അവരുടേതായ പങ്കുവഹിക്കുന്നു. ക്നാനായ കത്തോലിക്കാ കോൺഗ്രസും പോഷക സംഘടനകളും അതിരൂപതാ തലത്തിൽ അവരുടേതായ രീതിയിൽ പ്രവർത്തനങ്ങളിൽ സജീവമായി രംഗത്തുണ്ട്.

### അല്മായ ശുശ്രൂഷ കൂടുതൽ അർത്ഥപൂർണ്ണമാക്കുവാൻ

1. സുവിശേഷ പ്രഘോഷണത്തിലും പ്രാർത്ഥനാ ഗ്രൂപ്പുകളിലും അല്മായരുടെ നേതൃത്വവും പങ്കാളിത്തവും കൂടുതൽ ഉറപ്പാക്കണം.
2. മാതൃകാ കുടുംബജീവിതത്തിന്റെ പ്രാധാന്യം മനസ്സിലാക്കി അല്മായ ശുശ്രൂഷ സഫലമാക്കുവാൻ അല്മായരെ പ്രബുദ്ധരാക്കണം.
3. അല്മായ പങ്കാളിത്തം ശുശ്രൂഷയുടെ പങ്കാളിത്തമാണെന്നുള്ള തിരിച്ചറിവ് അല്മായരിൽ ഉണ്ടാക്കണം. രാഷ്ട്രീയത്തിന്റെ മാതൃകയിൽ മൂല്യരഹിതമായി സ്ഥാനമാനങ്ങൾ കൈവശപ്പെടുത്താനും പ്രസിദ്ധി നേടാനുമുള്ള വ്യഗ്രതയെ നിരുത്സാഹപ്പെടുത്തണം.
4. അല്മായർക്ക് ഇടവകയിലും സഭയിലും ശുശ്രൂഷാപങ്കാളിത്തമുണ്ടെന്നുള്ള, അവർ പ്രധാനപ്പെട്ടവരാണെന്നുള്ള തിരിച്ചറിവ് നൽകണം. തങ്ങൾ മാത്രമാണ് അധികാരികൾ എന്നുള്ള ചില വൈദികരുടെ എങ്കിലും മനോഭാവത്തിൽ മാറ്റം വരണം.
5. നിരീക്ഷകരായി നിൽക്കുന്ന ക്രീമിലയറിലുള്ള ഉദ്യോഗസ്ഥന്മാരെയും പ്രൊഫഷണൽസിനെയും കുറേക്കൂടെ കരുതലോടെ പരിഗണിച്ച് ചുമതലകൾ നൽകി മുഖ്യധാരയിൽ നിർത്തുവാൻ ശ്രമിക്കണം.
6. തുറവിയോടെ അഭിപ്രായങ്ങൾ പറയുന്നവരെ ഒറ്റപ്പെടുത്തി മുഖ്യധാരയിൽ നിന്ന് അകറ്റിനിർത്തി അവരെ മുൻവിധിയോടെ

കാണുന്ന പ്രവണത അവസാനിപ്പിച്ച് അവരെ സ്നേഹത്തോടെ പരിഗണിക്കുകയും റോളുകൾ നൽകി മുഖ്യധാരയിൽ കൊണ്ടുവരികയും ചെയ്യണം. ഒപ്പം എല്ലാ സ്ഥാനങ്ങളിലേക്കും നോമിനേഷൻ നടത്തുമ്പോൾ, ആയത് വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം.

7. സഭയുടെ സന്ദേശം സ്നേഹവും കരുതലുമാണ്. തിരസ്കരിക്കപ്പെട്ടവരെയും, അവഗണിക്കപ്പെട്ടവരെയും, വൃദ്ധന്മാരെയും, രോഗികളെയും സ്നേഹവും കരുതലും നൽകി സഭാഗാത്രത്തിൽ ഒന്നിച്ച് ചേർക്കാൻ അല്മായർക്ക് ചുമതല നൽകണം.
8. സ്ഥാനങ്ങളും പദവികളും സ്ഥിരമായികൊണ്ടുനടക്കാനുള്ള പ്രവണതയെ നിരുത്സാഹപ്പെടുത്തുകയും സ്ഥാനങ്ങൾ മാറി വരുന്നത് പ്രോത്സാഹിപ്പിക്കുകയും ചെയ്ത് ഗ്രൂപ്പുകളുടെയും ഉപജാപസംഘങ്ങളുടെയും പ്രവർത്തനത്തെ നിരുത്സാഹപ്പെടുത്തുവാൻ സാധിക്കണം.
9. അർഹതയും കഴിവുമുള്ള അല്മായർക്ക് സഭാസ്ഥാപനങ്ങളിൽ പദവികൾ വഹിക്കുവാനുള്ള അവസരം നൽകണം. അതിനുള്ള പരിശീലന പരിപാടികൾ അല്മായർക്കായി സംഘടിപ്പിക്കണം.
10. ദേവാലയശുശ്രൂഷ, പരിസ്ഥിതി സംരക്ഷണം, മാലിന്യ നിർമ്മാർജ്ജനം, ലളിത ജീവിതം തുടങ്ങിയ കാര്യങ്ങളിൽ യുവജനങ്ങൾ നേതൃത്വം കൊടുത്ത് ക്രൈസ്തവ സാക്ഷ്യത്തിന് അവസരമൊരുക്കണം.
11. കുടുംബ പ്രാർത്ഥന, ലളിത ജീവിതം, മൂല്യങ്ങൾ പാലിക്കുന്നതിനുള്ള നിഷ്കർഷ, കമ്പ്യൂട്ടറും ഇന്റർനെറ്റും ഉപയോഗിക്കുന്നതിലുള്ള ജാഗ്രത, കുടുംബബന്ധങ്ങളിലെയും സാമൂഹ്യബന്ധങ്ങളിലെയും വഴക്കങ്ങൾ എന്നിവ പരിശീലിപ്പിക്കുന്നതിലുള്ള ശ്രദ്ധ, പെൺകുട്ടികളുടെയും സ്ത്രീകളുടെയും വസ്ത്രധാരണത്തിലെ മിതത്വം, പെരുമാറ്റശീലങ്ങൾ എന്നിവ പ്രായോഗികമാക്കുന്നതിന് സ്ത്രീകളുടെ നേതൃത്വവും പങ്കാളിത്തവും പ്രയോജനപ്പെടുത്തണം.

## ചോദ്യാങ്ങൾ

1. അതിരൂപതയിലെ വിവിധ ശുശ്രൂഷാപ്രവർത്തന മേഖലകളിൽ വൈദികർക്കൊപ്പം അൽമായർക്കുകൂടി പ്രാതിനിധ്യം നൽകുന്നതിനുള്ള നിർദ്ദേശങ്ങൾ എന്തെല്ലാം?





2. യുവജനങ്ങളുടെ പങ്കാളിത്തം കുറേക്കൂടി ക്രിസ്തീയമൂല്യങ്ങൾക്കനുസൃതമായി, കാലോചിതമായി വ്യാപകമാക്കാനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ?
3. കാലത്തിന്റെ വെല്ലുവിളികളെക്കുറിച്ച് ബോധവതികളാക്കി, കൂടുതൽ അർത്ഥവത്തായ പ്രവർത്തനങ്ങൾക്ക് വനിതകളെ ഒരുക്കാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക?
4. അതിരൂപതയിലെ അല്മായരെ വചനപ്രഘോഷണത്തിനും ബൈബിൾ പഠനത്തിനും പ്രോത്സാഹിപ്പിക്കുവാൻ ഉള്ള മാർഗങ്ങൾ?
5. കെ.സി.സി., കെ.സി.ഡബ്ലിയു.എ., കെ.സി.വൈ.എൽ. എന്നീ സംഘടനകളുടെ പ്രവർത്തനങ്ങൾ എങ്ങനെ ഇടവകകളിൽ സജീവമാക്കാം?

## ചർച്ചാനിർദ്ദേശങ്ങൾ

1. കുട്ടികളെ ക്രിസ്തീയ മൂല്യങ്ങളിൽ വളർത്തുന്നതിന് മാതാപിതാക്കൾ മാതൃകയാവണം.
2. സഭാനിയമങ്ങളെക്കുറിച്ചും പള്ളിയോഗങ്ങളെക്കുറിച്ചും പള്ളി നടത്തിപ്പിനെക്കുറിച്ചും ദൈവജനത്തിന് അവബോധം നൽകണം.
3. അതിരൂപതയിലെ ധ്യാന കേന്ദ്രങ്ങൾ കുറേക്കൂടി പ്രവർത്തനനിരതമാകണം. രൂപതയിലെ ധ്യാനകേന്ദ്രങ്ങളിൽപ്പോയി ധ്യാനിക്കുവാൻ രൂപതയിലെ ആളുകൾക്ക് പ്രോത്സാഹനം നൽകണം.
4. പെൺകുട്ടികളും ഉദ്യോഗസ്ഥകളായ വനിതകളും ചതിക്കുഴികളിൽ പെടാതിരിക്കുവാനുള്ള മുന്നറിയിപ്പ് അവർക്കു നൽകണം. അമ്മമാരും പെൺകുട്ടികളും തമ്മിൽ കൂടുതൽ തുറന്നു സംസാരിക്കുവാനുള്ള അന്തരീക്ഷം വീട്ടിലൊരുക്കണം.
5. ക്നാനായ സമുദായത്തിലെ പെൺകുട്ടികൾക്കും വനിതകൾക്കും കൂടുതലായി സമുദായ ബോധവൽക്കരണം നൽകണം.
6. ഭവനങ്ങൾ, പള്ളികൾ, സന്യസ്തസ്ഥാപനങ്ങൾ, വൈദിക മന്ദിരങ്ങൾ എന്നിവയുടെ നിർമ്മാണങ്ങളിൽ അലങ്കാരങ്ങളും ആർഭാടങ്ങളും ഒഴിവാക്കുക. ആഘോഷങ്ങളിലെ ആഡംബരത്തിന്റെ അതിപ്രസരത്തെക്കുറിച്ച് ആളുകൾക്ക് ബോധവൽക്കരണം നടത്തുക.
7. തിരുനാളാഘോഷങ്ങൾ ലളിതസുന്ദരവും ഭക്തിപൂർവ്വകവുമാക്കുക. വെടിക്കെട്ട്, അലങ്കാരം, സദ്യ, കലാപരിപാടികൾ

എന്നിവയ്ക്കുവേണ്ടി അമിതമായി പണം ചെലവഴിക്കുന്നത് നിയന്ത്രിക്കുക.

8. രൂപതയിൽ പള്ളികൾ പണിയുമ്പോൾ ഇടവകക്കാരുടെ എണ്ണം, സാമ്പത്തിക സ്ഥിതി എന്നിവ പരിഗണിച്ചായിരിക്കണം പള്ളിയുടെ വലിപ്പവും ചെലവും നിർണ്ണയിക്കേണ്ടത്.
9. സഭയുടെ സ്ഥാപനങ്ങളിൽ ജോലി ലഭിച്ചവരേയും ആനുകൂല്യം ലഭിച്ചവരെയും സഭയോടു ചേർത്തുനിർത്തി കൂടുതൽ നന്മകൾ സഭാസമൂഹത്തിന് ഉണ്ടാക്കുവാൻ ശ്രമിക്കുക.
10. കെ.സി.വൈ.എൽ. പ്രവർത്തനങ്ങളിൽ യുവജനങ്ങളുടെ പങ്കാളിത്തവും നേതൃത്വവും ഉറപ്പുവരുത്തുക. പ്രവാസികളായ യുവജനങ്ങളുടെ കൂട്ടായ്മയ്ക്ക് പ്രത്യേകമായ ശ്രദ്ധവേണം.
11. യുവജനങ്ങളുമായി സംവാദങ്ങൾ നടത്തി അതിൽനിന്നും ഉരിത്തിരിഞ്ഞു വരുന്ന ആശയങ്ങൾ സഭയ്ക്കും ഇടവടകയ്ക്കും നല്ലതാണെങ്കിൽ നടപ്പിലാക്കുക.
12. ഇടവക പൊതുയോഗത്തിൽ യുവജനങ്ങൾക്ക് കൂടുതൽ പങ്കാളിത്തം നൽകുക.
13. ജോലിയിൽ നിന്ന് വിരമിച്ചവരെയും വിശ്രമജീവിതം നയിക്കുന്നവരെയും കേന്ദ്രീകരിച്ച് ബൈബിൾ പഠനങ്ങളുടെ ധ്യാനങ്ങളും സംഘടിപ്പിക്കുക.
14. യുവജന ധ്യാനങ്ങൾക്കും ജീസസ്സ് യൂത്ത് പരിപാടികൾക്കും പ്രാധാന്യം നൽകണം. കെ.സി.വൈ.എല്ലിന്റെ പരിപാടികളിൽ പ്രാർത്ഥനയ്ക്കും ആത്മീയ പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകുക.
15. ദേവാലയ ശുശ്രൂഷയിൽ അൾത്താര ബാലന്മാരെപ്പോലെ ബാലികമാർക്കും അവസരം നൽകുക.
16. കുടുംബ ഭദ്രതയും കുട്ടികളുടെ സുരക്ഷിതത്വവും നഷ്ടപ്പെടുത്തുന്ന തരത്തിൽ അമ്മമാരെ വിദേശത്തു ജോലിക്കു വിടുന്ന പ്രവണത നിരുത്സാഹപ്പെടുത്തണം.
17. ഇടവകകളിൽ അനുരഞ്ജന സമിതികൾ കാര്യക്ഷമമാക്കുക.
18. ത്രിതല പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ കഴിവുള്ള ക്നാനായക്കാരെ കണ്ടെത്തി പരിശീലനം നൽകണം.
19. യുവജനങ്ങൾക്ക് പാരീഷ് കൗൺസിൽ, പാസ്റ്ററൽ കൗൺസിൽ, കമ്മീഷനുകൾ എന്നിവയിൽ കൂടുതൽ പ്രാധിനിധ്യം നൽകണം.
20. കൂടാരയോഗങ്ങളിൽ വചനപ്രഘോഷണം നടത്തുവാൻ അൽമായർക്ക് അവസരം നൽകണം.





21. മറ്റുള്ളവർക്കും അവസരം കിട്ടത്തക്കവിധത്തിൽ രൂപതയിലെ വിവിധ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്നവരുടെ കാലാവധി നിജപ്പെടുത്തണം.
22. രൂപതയിലെ സേവനങ്ങളിലും സംഘടനാപ്രവർത്തനങ്ങളിലും കഴിവു തെളിയിക്കുന്നവർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകുക. ഉദ്യോഗകാര്യങ്ങളിലും മറ്റും അവർക്കു നൽകാവുന്ന ആനുകൂല്യങ്ങളും മുൻഗണനകളും മുൻകൂട്ടി പ്രഖ്യാപിച്ച് നടപ്പിലാക്കണം.
23. രൂപതയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൂടുതൽ ഹോസ്റ്റൽ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും മലബാർ-ഹൈറേഞ്ച് മേഖലയിൽ നിന്നുള്ളവർക്ക് ഹോസ്റ്റൽ ഫീസിൽ ഇളവ് നൽകുകയും വേണം.
24. കത്തോലിക്കാ വിശ്വാസ ജീവിതത്തിൽ നിന്നും കൂദാശാ ജീവിതത്തിൽ നിന്നും അകന്നു നിൽക്കുന്ന രൂപതാംഗങ്ങളെ കണ്ടെത്തി അവരെ തിരികെ കൊണ്ടുവരുവാൻ പദ്ധതികൾ നടപ്പിലാക്കണം.
25. അൽമായർക്ക് തിയോളജി, ചാക്രികലേഖനങ്ങൾ, സഭാ പ്രബോധനങ്ങൾ, സഭാ പഠനങ്ങൾ മതബോധനം എന്നിവയെക്കുറിച്ച് അറിവു നൽകാനുള്ള പരിപാടികൾ ആവിഷ്കരിക്കുക.
26. പ്രീ മാര്യേജ് കോഴ്സ് കൊണ്ട് അവസാനിപ്പിക്കാതെ അത് ഓൺ ഗോയിംഗ് ഫോർമേഷനായി നൽകണം.
27. പെൺകുട്ടികൾക്ക് പാചകം, ആരോഗ്യം, ശുചിത്വം എന്നിവയിൽ പരിശീലനം നൽകാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കണം.
28. കൂടാരയോഗങ്ങളിൽ മാതൃകാപരമായ ജീവിതം നയിച്ചവരുടെ അനുഭവ സാക്ഷ്യങ്ങൾ പങ്കുവയ്ക്കുന്നത് ഇളംതലമുറയ്ക്ക് പ്രചോദനമായിരിക്കും.
29. അതിരൂപതാംഗങ്ങളിൽ സാമൂഹ്യ പ്രതിബദ്ധത വളർത്തണം. ഗ്രാമസഭകളിലും മറ്റും അതിരൂപതാംഗങ്ങൾ പങ്കെടുക്കണം.
30. സോഷ്യൽ മീഡിയാകളിലൂടെ ഇടവകകളുടെ വിശേഷങ്ങളും വാർത്തകളും ജനങ്ങളിലെത്തിക്കുക. ഇതിനായി ഓരോ ഇടവകയും സ്വന്തമായി വെബ്സൈറ്റ് തുടങ്ങുക. യുവജനങ്ങൾക്ക് ഇതിൽ കൂടുതൽ പങ്കാളിത്തം നൽകുക.

# V. മലബാർ കുടിയേറ്റ പ്ലാറ്റിനം ജൂബിലി

**ആമുഖം**

ക്നാനായ സമുദായം അടിസ്ഥാനപരമായി ഒരു കുടിയേറ്റ സമൂഹമാണ്. പുറപ്പാടിന്റെ പുസ്തകത്തിൽ ഇസ്രായേൽ ജനം മോശയുടെ നേതൃത്വത്തിൽ കാനാൻ ദേശത്തേക്ക് നടത്തിയ കുടിയേറ്റം വിവരിക്കുന്നുണ്ട്. എ.ഡി. 345 ൽ ക്നായി തോമായുടെയും ഉറഹാ മാർ യൗസേപ്പിന്റെയും നേതൃത്വത്തിൽ കേരളത്തിലേക്കുള്ള കുടിയേറ്റവും വിശ്വാസ ചൈതന്യത്തിലുള്ള കൂട്ടായ്മയും പ്രേഷിത യാത്രയുമായിരുന്നു. കോട്ടയം രൂപതയുടെ ആവിർഭാവത്തിനു ശേഷം ക്നാനായ സമുദായ അംഗങ്ങളുടെ സർവ്വതോന്മുഖമായ വളർച്ച ലക്ഷ്യം വെച്ചുകൊണ്ടാണ് ഭാഗ്യസ്മരണാർഹനായ മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ പിതാവിന്റെ അനുഗ്രഹാശ്ശിസ്സുകളോടെ ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റായിരുന്ന ഷെവലിയാർ പ്രൊഫ. വി.ജെ. ജോസഫിന്റെയും ഫാ. മാത്യു ചെറുശ്ശേരിയുടെയും നേതൃത്വത്തിൽ ആദ്യ ക്നാനായ മലബാർ കുടിയേറ്റം വിഭാവനം ചെയ്തത്. മലബാറിലേക്കുള്ള ആദ്യ സംഘടിത കുടിയേറ്റം മലബാർ ക്നാനായ കുടിയേറ്റമായിരുന്നു. 1943 ഫെബ്രുവരി രണ്ടാം തീയതി കോട്ടയത്തു നിന്നും പുറപ്പെട്ട് നാലാം തീയതി കാസർഗോഡ് ജില്ലയിലെ രാജപുരത്ത് എത്തിച്ചേർന്ന ആദ്യകുടിയേറ്റവും, 1943 മെയ് ആറാം തീയതി പുറപ്പെട്ട് എട്ടാം തീയതി കണ്ണൂർ ജില്ലയിലെ മടമ്പത്ത് എത്തിച്ചേർന്ന രണ്ടാമത്തെ കുടിയേറ്റവും (അലക്സ് നഗർ കുടിയേറ്റം), 1970 ജനുവരി 26-ാം തീയതി പുറപ്പെട്ട് 27-ാം തീയതി കാസർഗോഡ് ജില്ലയിലെ റാണിപുരത്ത് എത്തിച്ചേർന്ന മൂന്നാമത്തെ കുടിയേറ്റവും സംഘടിത കുടിയേറ്റങ്ങളിൽപ്പെടുന്നു. ഈ സംഘടിത കുടിയേറ്റങ്ങൾക്ക് മുമ്പും അതിന് ശേഷവുമായി മലബാറിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് തനിച്ചും ചെറുസംഘങ്ങളായും ക്നാനായ കുടുംബാംഗങ്ങൾ കുടിയേറുകയും സ്വന്തമായി സ്ഥലങ്ങൾ വാങ്ങി താമസമാരംഭിക്കുകയും ചെയ്തു. ഇന്ന് മലബാറിന്റെ വിവിധ ഭാഗങ്ങളിലായി ഏകദേശം 5500 ക്നാനായ കുടുംബങ്ങൾ താമസിക്കുന്നു. 2018 ഫെബ്രുവരി മാസത്തിൽ ആദ്യ സംഘടിത കുടിയേറ്റം നടന്നിട്ട് 75 വർഷങ്ങൾ പൂർത്തിയാവുകയാണ്. ലേവ്യരുടെ പുസ്തകം 25-ാം അദ്ധ്യായം 12 മുതലുള്ള വാക്യങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ ദൈവിക പരി





പാലനയ്ക്ക് നന്ദി പറയുവാനും പരാജയങ്ങളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊള്ളാനും വ്യക്തമായ കാര്യപരിപാടികൾ ആസൂത്രണം ചെയ്യുവാനും വേണ്ടി മലബാർ ക്നാനായ കുടിയേറ്റ പ്ലാറ്റിനം ജൂബിലിയ്ക്കു വേണ്ടി നാം തയ്യാറെടുപ്പുകൾ തുടങ്ങേണ്ട സമയമായി.

**ഉദ്ദേശ്യ ലക്ഷ്യങ്ങൾ**

മലബാർ ക്നാനായ കുടിയേറ്റത്തിന്റെ പ്ലാറ്റിനം ജൂബിലിക്കു വേണ്ടി ഒരുങ്ങുന്നതും ബന്ധപ്പെട്ട പരിപാടികൾ സംഘടിപ്പിക്കുന്നതും പ്രധാനമായും താഴെ പറയുന്ന ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനും വേണ്ടിയായിരിക്കും.

1. സംഘടിത കുടിയേറ്റങ്ങൾക്കും അസംഘടിത കുടിയേറ്റങ്ങൾക്കും പ്രേരകമായ പ്രശ്നങ്ങളും ആവശ്യങ്ങളും പരിഹരിക്കുന്നതിന് നമുക്ക് എത്രമാത്രം സാധിച്ചു എന്ന വിലയിരുത്തൽ.
2. ഒരു വിശ്വാസ സമൂഹമെന്ന നിലയിൽ കഴിഞ്ഞ 75 വർഷക്കാലത്തെ നമ്മുടെ ക്രിസ്തീയ വളർച്ച തൃപ്തികരമായ തലത്തിൽ എത്തിയോ എന്ന പരിശോധന.
3. ക്നാനായ സമുദായം എന്ന നിലയിൽ മലബാറിലെ കുടിയേറ്റ ജനതയുടെ വളർച്ചയും നേരിടുന്ന പ്രശ്നങ്ങളും വിശകലനം ചെയ്യൽ.
4. കുടിയേറ്റ സമൂഹത്തിന് സാമൂഹിക-സാംസ്കാരിക-സാമ്പത്തിക-വിദ്യാഭ്യാസ മേഖലകളിൽ ആവശ്യമായ മുന്നേറ്റം സാധ്യമായിട്ടുണ്ടോ എന്ന് വിശകലനം ചെയ്യൽ.
5. മലബാറിലെ ക്നാനായ സമൂഹ അംഗങ്ങൾക്കുവേണ്ടി പുതിയ രൂപത ലഭ്യമാക്കാനുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തൽ.
6. മേൽപ്പറഞ്ഞ എല്ലാ മേഖലകളിലും അനുഭവിക്കുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും പരിഹരിക്കാൻ സമയ ബന്ധിതവും കാര്യക്ഷമവുമായ പദ്ധതികളുടെ ആസൂത്രണം.

**വിശ്വാസതലം**

വ്യക്തികളും കുടുംബങ്ങളും നേരിടുന്ന പ്രശ്നങ്ങളെയും പ്രതിസന്ധികളെയും അഭിമുഖീകരിക്കാൻ ആവശ്യമായ വിശ്വാസ ചൈതന്യവും ആത്മീയ പക്വതയും പകർന്നുകൊടുക്കാൻ കുടിയേറ്റത്തിന്റെ ആദ്യഘട്ടങ്ങളിൽ നമുക്ക് കഴിഞ്ഞിരുന്നു. എന്നാൽ നാളുകൾ പിന്നിട്ടപ്പോൾ നമ്മുടെ വിശ്വാസ ദർശനങ്ങൾക്കും സുവിശേഷ സാക്ഷ്യത്തിനും മങ്ങലേറ്റിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മലബാറിലെ ക്നാനായ കുടുംബങ്ങളിലും ഇടവകകളിലും വിശ്വാസ

പരിശീലനത്തിനും സുവിശേഷ ബന്ധിയായ ജീവിതത്തിനും കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടത് ആവശ്യമാണ്. വിശ്വാസ പരിശീലനം കുട്ടികൾക്കു മാത്രമല്ല യുവജനങ്ങൾക്കും ദമ്പതികൾക്കും ആവശ്യമാണ്.

1. ആകർഷകമായ രീതികളിൽ യുവജനങ്ങൾക്കും ദമ്പതികൾക്കും വിശുദ്ധ ഗ്രന്ഥത്തിന്റെയും സഭാ പ്രബോധനത്തിന്റെയും അടിസ്ഥാനത്തിലുള്ള ഹ്രസ്വകാല കോഴ്സുകൾ ക്രമീകരിക്കുക. ആധുനിക സാമൂഹ്യ മാധ്യമങ്ങൾ ഇതിനായി ഉപയോഗിക്കുക.
2. തിരഞ്ഞെടുക്കപ്പെടുന്ന യുവജനങ്ങൾക്കും അല്മായർക്കും വിവിധ സ്ഥലങ്ങളിൽ സംഘടിപ്പിക്കുന്ന ബൈബിൾ-ദൈവശാസ്ത്ര കോഴ്സുകളിൽ പങ്കെടുക്കാൻ സൗകര്യമൊരുക്കുക.
3. ഫൊറോനാ തലത്തിൽ ആളുകൾക്കു വേണ്ടി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
4. ഇടവകകളിലെ കുട്ടികൾക്കുള്ള വിശ്വാസ പരിശീലന പദ്ധതിയിൽ മൂല്യബോധത്തിലും പ്രാർത്ഥനാ ജീവിതത്തിലും വളരാൻ സഹായിക്കുന്ന കാര്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുക.
5. വികാരിമാരും സിസ്റ്റേഴ്സും ഭവന സന്ദർശനത്തിന് കൂടുതൽ പ്രാധാന്യം കൊടുക്കുക.
6. എല്ലാ ഫൊറോനയിലും ആത്മീയ മാർഗ്ഗദർശനം (Spiritual direction) നൽകാനും കൗൺസിലിംഗ് നൽകാനും സംവിധാനമൊരുക്കുക.
7. ഇടവകകളിലും ഫൊറോനകളിലും അനുരഞ്ജന സമിതികൾ രൂപീകരിച്ച് കുടുംബാംഗങ്ങൾ തമ്മിലും മറ്റുള്ളവരുമായുമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സൗകര്യമൊരുക്കുക.
8. കുട്ടികളുടെ വിശ്വാസ പരിശീലനത്തിന് നേതൃത്വം കൊടുക്കാൻ തിരഞ്ഞെടുക്കപ്പെടുന്ന അദ്ധ്യാപകർക്ക് അക്കാദമിക് യോഗ്യതയെക്കാൾ വിശ്വാസ ചൈതന്യവും സുവിശേഷ മൂല്യങ്ങളിൽ അടിയുറച്ച ജീവിതവും ഉള്ളവരാണെന്ന് ഉറപ്പാക്കുക.

**സമുദായ തലം**

ക്നാനായ സമുദായത്തിന്റെ പാരമ്പര്യങ്ങളും ആചാരങ്ങളും സംരക്ഷിക്കുന്നതിനായി ഒട്ടേറെ ശ്രമങ്ങൾ അതിരൂപതയുടെയും വിവിധ സംഘടനകളുടെയും ആഭിമുഖ്യത്തിൽ നടന്നുവരുന്നുണ്ട്.





എങ്കിലും വേണ്ടത്ര അവബോധം ഇന്നത്തെ തലമുറയ്ക്ക് ഉണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മലബാറിൽ പൊതുവിലും അസംഘടിത കുടിയേറ്റ മേഖലകളിൽ പ്രത്യേകിച്ചും ക്നാനായ സമുദായ അംഗങ്ങൾ ചെറിയ ന്യൂനപക്ഷമാണ്. രൂപതാംഗങ്ങളല്ലാത്ത ക്രൈസ്തവരുടെയും ഇതര മത വിഭാഗങ്ങളുടെയും ഇടയിൽ ഒറ്റപ്പെട്ട കുടുംബങ്ങളായി കഴിയുന്നവർക്ക് സമുദായ നിലപാടുകളും ആചാരങ്ങളും ശക്തമായി ഉയർത്തിപ്പിടിക്കുന്നതിന് പലപ്പോഴും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. അനുയോജ്യരായ ജീവിത പങ്കാളികളെ കണ്ടെത്തുന്നതിൽ മലബാർ മേഖലയിലുള്ള യുവജനങ്ങൾക്ക് പല ബുദ്ധിമുട്ടുകളും ഉണ്ട്.

**കർമ്മ പരിപാടികൾ**

1. ക്നാനായ സമുദായ ചരിത്രവും ആചാരാനുഷ്ഠാനങ്ങളും അഞ്ചാം ക്ലാസു മുതൽ വിശ്വാസപരിശീലന പരിപാടിയുടെ ഭാഗമായി കുട്ടികളെ പഠിപ്പിക്കണം.
2. സമുദായ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നതിന് ആകർഷകമായ പഠനസാമഗ്രികൾ തയ്യാറാക്കുകയും റിസോഴ്സ് ടീമിന് പരിശീലനം നൽകുകയും ചെയ്യുക.
3. ക്നാനായ ആചാരാനുഷ്ഠാനങ്ങൾ അനുസരിച്ച് കൃത്യതയും വ്യക്തതയും നൽകിക്കൊണ്ടുള്ള പുസ്തകങ്ങൾ തയ്യാറാക്കി എല്ലാ കുടുംബങ്ങളിലും വിതരണം ചെയ്യുക.
4. ഫൊറോനതലത്തിലും മലബാർ റീജയണൽ തലത്തിലും അതിരൂപതാ തലത്തിലും മാര്യേജ് ബ്യൂറോ ഫലപ്രദമായി കൈകാര്യം ചെയ്യുക.
5. ജോലിക്കും പഠനത്തിനുമായി വിവിധ കേന്ദ്രങ്ങളിൽ കഴിയുന്ന ക്നാനായക്കാരുമായി ബന്ധപ്പെടുന്നതിന് സംവിധാനങ്ങൾ ഒരുക്കുക.
6. ക്നാനായ റിസർച്ച് ആന്റ് കൾച്ചറൽ സെന്റർ ആരംഭിക്കുക.
7. ക്നാനായ പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും അവാർഡുകൾ നൽകുകയും ചെയ്യുക.
8. സർക്കാർ-അർദ്ധസർക്കാർ ജോലികൾ ലഭിക്കാൻ യുവജനങ്ങളെ സഹായിക്കുന്നതിനായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.

9. ത്രിതല പഞ്ചായത്ത്, സഹകരണ സംഘം തുടങ്ങിയ അധി കാര കേന്ദ്രങ്ങളിൽ ക്നാനായക്കാരുടെ സാന്നിദ്ധ്യം ഉറപ്പാ ക്കുന്നതിനായി പദ്ധതികൾ ആവിഷ്ക്കരിക്കുക.
10. ക്നാനായ സ്റ്റാർസ് പദ്ധതി ഗുണപ്രദവും കാര്യക്ഷമവുമാക്കുക.
11. മലബാറിൽ ഒരു ക്നാനായ മ്യൂസിയം ആരംഭിച്ച് ചരിത്രരേഖ കളും മറ്റും അവിടെ സൂക്ഷിക്കുക.
12. ക്നാനായ മലബാർ കുടിയേറ്റം സംബന്ധിച്ച ആധികാരിക ഗ്രന്ഥം തയ്യാറാക്കുക.
13. തിരുവിതാംകൂറിലെ ഇടവകകളുടെയും സംഘടനകളുടെയും ആഭിമുഖ്യത്തിൽ മലബാറിലേയ്ക്ക് സൗഹൃദയാത്രകൾ സംഘ ടിപ്പിക്കുക.
14. അത്മായ നേതൃത്വനിര വളർത്തിയെടുക്കാൻ കെ.സി.സി., കെ. സി.ഡബ്ല്യു.എ., കെ.സി.വൈ.എൽ. എന്നീ സംഘടനകളുടെ ആഭിമുഖ്യത്തിൽ ശാസ്ത്രീയവും സമഗ്രവുമായ പരിശീലന ങ്ങൾ സംഘടിപ്പിക്കുക.
15. വിജിലൻസ് കമ്മീഷൻ ഫൊറോനാ തലത്തിലും മലബാർ റീജിയണൽ തലത്തിലും സജീവമാക്കുക.
16. കൂടുതൽ അംഗങ്ങളുള്ള ക്നാനായ കുടുംബങ്ങളെ ആദരി ക്കുക.
17. ഒറ്റപ്പെട്ടു കിടക്കുന്ന ക്നാനായ കുടുംബങ്ങളെ നമ്മുടെ ഇടവ കകളുമായി ബന്ധപ്പെട്ട് ജീവിക്കുന്നതിന് സാധിക്കുന്ന രീതി യിൽ ചെറുകിട ക്നാനായ കുടിയേറ്റങ്ങളോ, ഭവനപദ്ധതികളോ തയ്യാറാക്കുക.
18. കുടിയേറ്റ ദിനം എല്ലാ വർഷവും എല്ലാ ഫൊറോനകളിലും സമുചിതമായി ആചരിക്കുക.
19. രാജപുരത്ത് ക്നാനായ കുടിയേറ്റ സ്മാരകം നിർമ്മിക്കുക.

**സാമൂഹിക വികസന തലം**

മലബാർ ക്നാനായ കുടിയേറ്റത്തെ തുടർന്ന് വിവിധ മേഖലക ളിൽ നമുക്ക് വളർച്ച ഉണ്ടായിട്ടുണ്ട്. എന്നാൽ നാം ആഗ്രഹിച്ചത്ര വളർച്ചയും വികസനവും പല മേഖലകളിലും ഉണ്ടായിട്ടില്ല. നമ്മുടെ പിതാക്കന്മാർ മലബാറിലേക്ക് കുടിയേറിയത് ദാരിദ്ര്യത്തിൽ നിന്നും മോചനം നേടി തങ്ങളുടെ കുടുംബങ്ങൾക്കും ഭാവി തലമുറകൾക്കും സുരക്ഷിത ജീവിതവും വികസനവും ഉണ്ടാകണമെന്ന ലക്ഷ്യം വെച്ചുകൊണ്ടുകൂടിയാണ്. മലബാറിലെ കുടുംബങ്ങളുടെ സാമൂഹി





ക-സാമ്പത്തിക തലങ്ങളെ സമഗ്രമായി പരിശോധിക്കാൻ ഉതകുന്ന വിധത്തിൽ ശാസ്ത്രീയമായ സർവ്വെ നടത്തി ലഭിക്കുന്ന വിവരങ്ങ ളുടെ അടിസ്ഥാനത്തിലായിരിക്കണം സാമൂഹിക വികസന പദ്ധ തികൾക്ക് രൂപം നൽകേണ്ടത്.

**a) അടിസ്ഥാന ജീവിത സൗകര്യങ്ങൾ**

1. 2018 ന് മുമ്പ് മലബാറിലെ എല്ലാ കുടുംബങ്ങൾക്കും വാസ യോഗ്യമായ വീട് ഉണ്ടെന്ന് ഉറപ്പാക്കുക.
2. കക്കൂസുകൾ, വൈദ്യുതി കണക്ഷൻ, കുടിവെള്ളം, റോഡ് എന്നിവ ഇല്ലാത്തവർക്ക് അവ ലഭിക്കുവാനുള്ള പദ്ധതികൾ തയ്യാറാക്കുക.

**b) വിദ്യാഭ്യാസ സൗകര്യങ്ങൾ**

1. വിദ്യാഭ്യാസത്തിൽ പിന്നോക്കാവസ്ഥ അനുഭവിക്കുന്ന മലബാ റിലെ വിവിധ മേഖലകളിൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഒരുക്കുക.
2. അതിരൂപതയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളോടനുബന്ധിച്ച് ആൺകുട്ടികൾക്കു വേണ്ടി ഹോസ്റ്റൽ സൗകര്യം സജ്ജീകരിക്കുക.
3. മലബാർ മേഖലയിൽ നിന്നും പ്രഗത്ഭരായ കുട്ടികൾ ചെറുപ്പ ത്തിലേ കണ്ടെത്തി ഒരു റസിഡൻഷ്യൽ സ്ക്കൂളിന്റെ സൗകര്യം ഉപയോഗിച്ച് വിദഗ്ധ പരിശീലനം നൽകുക.
4. ഉന്നത പഠനത്തിനു വേണ്ടി കൂടുതൽ വിദ്യാഭ്യാസ സഹായ പദ്ധതികൾ ആവിഷ്കരിക്കുക.
5. കലാ-കായിക മേഖലയിലെ പ്രതിഭകളെ ആദരിക്കുകയും പരി ശീലനത്തിന് സഹായിക്കുകയും ചെയ്യുക.

**c) ആരോഗ്യ മേഖല**

1. പയ്യാവൂർ മേഴ്സി ഹോസ്പിറ്റൽ വികസിപ്പിക്കുക.
2. മദ്യപാനം, മയക്കു മരുന്ന്, പുകവലി തുടങ്ങിയ ശീലങ്ങൾക്കെ തിരെ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ആശുപത്രികളോടനുബന്ധിച്ച് ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്യുക.
3. മാനസിക രോഗികളെ പുനരധിവസിപ്പിക്കുവാൻ സ്ഥാപന ങ്ങൾ ആരംഭിക്കുക.
4. വൃദ്ധ മാതാപിതാക്കളുടെ സംരക്ഷണത്തിനായി പകൽ വീടു കൾ എല്ലാ മേഖലകളിലും ആരംഭിക്കുക.

5. ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ എല്ലാ കുടുംബങ്ങളും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കുക.

**d) കാർഷിക-തൊഴിൽ മേഖല**

1. ശാസ്ത്രീയ കൃഷി പരിശീലനം
2. മികച്ച കർഷകരെ ആദരിക്കുക.
3. കാർഷിക സുരക്ഷാ പദ്ധതികൾ ആവിഷ്ക്കരിക്കുക.
4. ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സഹായിക്കുക.
5. വിവിധ മേഖലകളെ ബന്ധിപ്പിച്ച് കാർഷിക ഉത്പ്പന്നങ്ങൾക്ക് മാർക്കറ്റിംഗ് സൗകര്യം വികസിപ്പിക്കുക.

**സാമ്പത്തിക സമാഹരണം**

1. മലബാർ കുടിയേറ്റ മേഖലകളുടെ വികസനം അതിരൂപതയുടെ മുഴുവൻ ഉത്തരവാദിത്വമാണ്.
2. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന തിരുവിതാംകൂറിലെ ഇടവകകളുമായി മലബാറിലെ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ഇടവകകളെ ബന്ധിപ്പിക്കുക. (Twinning)
3. സാമൂഹ്യ സേവന സംഘടനകളിലൂടെ ഗുണപരമായ പ്രോജക്ടുകൾ തയ്യാറാക്കി ഏജൻസികൾക്കു നൽകി വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് സ്വരൂപിക്കുക.
4. സഹകരണ മേഖലയെ പ്രോത്സാഹിപ്പിക്കുകയും ഓഹരി പങ്കാളിത്തവും ഭരണ പങ്കാളിത്തവും നൽകി സ്ഥാപനങ്ങൾക്ക് ഫണ്ട് കണ്ടെത്തുകയും ചെയ്യുക.
5. സർക്കാർ-അർദ്ധ സർക്കാർ സഹായങ്ങളും ആനുകൂല്യങ്ങളും പരമാവധി പ്രയോജനപ്പെടുത്തുക.

മലബാറിലെ വിവിധ പ്രദേശങ്ങളിൽ അടിസ്ഥാന ജീവിത സൗകര്യങ്ങൾ ഇനിയും മെച്ചപ്പെടേണ്ടതായിട്ടുണ്ട്. നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഭൗതീക സൗകര്യവും ഗുണനിലവാരവും മെച്ചപ്പെടുത്തി വിദ്യാഭ്യാസത്തിലൂടെ ഉണ്ടാകുന്ന സമഗ്രമായ പുരോഗതിയെക്കുറിച്ച് ജനങ്ങളെ നാം ബോധവാന്മാരാക്കണം. ആരോഗ്യപരിപാലനത്തിൽ ശ്രദ്ധിക്കുന്നതോടൊപ്പം വ്യക്തി ജീവിതത്തിലും കുടുംബജീവിതത്തിലും ഉണ്ടാകുന്ന വർദ്ധിച്ചുവരുന്ന താളപ്പിഴകൾക്ക് കുടുംബ പ്രേക്ഷിതത്വത്തിലൂടെ പരിഹാരം കണ്ടെത്തണം. കാർഷികമേഖലയിൽ നിന്നും സാമ്പത്തീക നഷ്ടം മൂലം





നമ്മുടെ ആളുകൾ മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജീവിതസന്താരണത്തിനായുള്ള ഒരു കാർഷിക സംസ്ക്കാരം നാം വളർത്തിയെടുക്കേണ്ടതുണ്ട്.

**മലബാറിന് പുതിയ ക്നാനായ രൂപത**

കോട്ടയം അതിരൂപതാ കേന്ദ്രത്തിൽ നിന്നും ഏറെ ദൂരത്ത് കഴിയുന്ന മലബാറിലെ ക്നാനായക്കാർക്ക് അജപാലന ശുശ്രൂഷ ഫലപ്രദമായി നിർവ്വഹിക്കാനും വിശ്വാസപരവും സാമുദായികവും സാമൂഹികവുമായ വളർച്ചയ്ക്ക് നേതൃത്വം നൽകാനും ശക്തമായ അത്മായ നേതൃത്വം വളർത്താനും വൈദിക-അത്മായ-സന്യാസ കൂട്ടായ്മ ശക്തിപ്പെടുത്താനും കോട്ടയം അതിരൂപതയുടെ സാമന്ത രൂപതയായി കണ്ണൂർ കേന്ദ്രമായി പുതിയ രൂപത അംഗീകരിച്ച് കിട്ടുന്നതിന് തീവ്രശ്രമം നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

# VI. അതിരൂപതാതിർത്തിക്ക് വെളിയിലുള്ള ക്നാനായക്കാരുടെ അജപാലന ശുശ്രൂഷ – വെല്ലുവിളികൾ, പരിഹാരമാർഗ്ഗം, ഡി.കെ.സി.സിയും വിവിധ രാജ്യങ്ങളിലെ ക്നാനായ സംഘടനകളുടെ ഏകോപനവും

## ആമുഖം

മാർത്തോമ്മാ ശ്ലീഹാ കേരളത്തിൽ സ്ഥാപിച്ച ക്രിസ്തീയ സഭയ്ക്ക് നാലാം നൂറ്റാണ്ടായപ്പോൾ അന്ന് മേല്പട്ടക്കാരും വൈദികശുശ്രൂഷികളും ഇല്ലാതായതിനാൽ അതിനെ ശക്തിപ്പെടുത്തുവാനായി സെലുക്യസ്റ്റെസിഫോണിലെ പൗരസ്ത്യ കത്തോലിക്കാബാവ ആവിഷ്കരിച്ച ഒരു പ്രേഷിത കുടിയേറ്റമായിരുന്നു ക്നായി തോമ്മായുടെ നേതൃത്വത്തിലുള്ള ക്രൈസ്തവകുടിയേറ്റം. കുടിയേറ്റ ക്രൈസ്തവ സമൂഹം എസ്രാ പ്രവാചകന്റെ കാലം മുതലേ വംശീയ തനിമ നിലനിറുത്തുവാനായി സ്വസമുദായ വിവാഹനിഷ്ഠ പാലിച്ചു പോന്നിരുന്നു. (നിയ 7:3 എസ്ര 9:12). ദക്ഷിണമെസോപ്പൊട്ടെമിയൻ പ്രദേശങ്ങളിൽ നിന്നാണ് തെക്കുംഭാഗ പൂർവ്വികർ കൊടുങ്ങല്ലൂരിൽ കുടിയേറിയത്. അതിനാൽ അവർ പ്രാദേശീക ക്രിസ്ത്യാനികളുമായി വിവാഹബന്ധത്തിലേർപ്പെട്ടിട്ടില്ല. ആരെങ്കിലും സ്വന്തം സമൂഹത്തിനു പുറമെ നിന്നു വിവാഹം ചെയ്യുവാൻ ഇടയായാൽ അയാൾ അതിനാൽ തന്നെ ക്നാനായ സമുദായത്തിലെ അംഗത്വം സ്വയം ഉപേക്ഷിക്കുന്നതായി പരിഗണിച്ചിരുന്നു. അങ്ങനെ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിൽ ക്നാനായക്കാർ സ്വവംശ വിവാഹനിഷ്ഠയുള്ള സമുദായമായി നിലനിന്നു.

പൗരസ്ത്യ കത്തോലിക്കാ ബാവ നിയമിച്ച മേൽപട്ടക്കാരന്റെ അധികാരത്തിൻ കീഴ് തെക്കുഭാഗർക്കും വടക്കുംഭാഗർക്കും സ്വന്തം പള്ളികളും പട്ടക്കാരും ഉണ്ടായിരുന്നു. അതായത് ഒരേ വൈദിക മേലദ്ധ്യക്ഷന്റെ അധികാരത്തിൻ കീഴ് ഇരു കൂട്ടർക്കും സ്വന്തമായി വ്യക്തിഗത അജപാലനാധികാരമുള്ള സഭാ ഘടകങ്ങൾ ഉണ്ടായിരുന്നു. 1524 ലെ യുദ്ധത്തിൽ കൊടുങ്ങല്ലൂരെ ക്നാനായ പള്ളികൾ അഗ്നിക്കിരയാക്കിയശേഷം 16-ാം നൂറ്റാണ്ടിൽ ക്നാനായ സമുദായത്തിന് അഞ്ചരപ്പള്ളികളാണ് ഉണ്ടായിരുന്നത്. കടുത്തുരുത്തി, ഉദയംപേരൂർ, കോട്ടയം, കല്ലിശ്ശേരി, ചുങ്കം എന്നീ 5 അഞ്ചുപള്ളി





കളും ചെമ്പിൽ, പിറവം, തൃപ്പൂണിത്തുറ, പാലാ, ചേർപ്പുങ്കൽ, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി മുതലായ സ്ഥലങ്ങളിൽ അരപ്പള്ളികളും.

പതിനഞ്ചര നൂറ്റാണ്ടുകളിലൂടെ സ്വന്തമായി കാത്തു സൂക്ഷിച്ച സഭാ ഘടകത്തിന്റെ പദവി ഉയർത്തണമെന്ന് ആഗ്രഹവും പരിശ്രമവുമാണ് 1889 മാക്കിൽ മത്തായി കത്തനാരെ തെക്കുംഭാഗർക്കു വേണ്ടിയുള്ള വികാരി ജനറാളായി നിയമിച്ചതും 1911 ൽ തെക്കുംഭാഗർക്ക് മാത്രമായി കോട്ടയം വികാരിയത്ത് അനുവദിച്ചു നല്കിയതും. 1923-ൽ 11-ാം പീയൂസ് മാർപാപ്പ "റൊമാനി പൊന്തിഫച്ചേസ്" എന്ന തിരുവെഴുത്തുവഴി കോട്ടയം വികാരിയത്തിനെ രൂപതയാക്കി. ക്നാനായക്കാർക്കുവേണ്ടി മാത്രം സ്ഥാപിക്കപ്പെട്ട കോട്ടയം വികാരിയാത്തിലെ അംഗത്വത്തിലുള്ള യോഗ്യത ക്നാനായക്കാരനായിരിക്കു എന്നുള്ളതാണ്. ക്നാനായക്കാരായ മാതാപിതാക്കൾക്കു ജനിക്കുന്നതിലൂടെ ക്നാനായക്കാരനാകുന്ന ഒരാൾ മാമ്മോദീസായിലൂടെ കോട്ടയം അതിരൂപതയിലെ അംഗത്വത്തിന് അർഹനാകുന്നു. 1955 ൽ കോട്ടയം രൂപതയുടെ മെത്രാന് തെക്കുഭാഗജനത്തിന്റെ മേലുള്ള അജപാലനാധികാരം സീറോ മലബാർ സഭയുടെ അതിർത്തിമുഴുവനുമായി വ്യാപിപ്പിക്കുകയും 2005 ൽ കോട്ടയത്തെ അതിരൂപതയാക്കി ഉയർത്തുകയും ചെയ്തു. മേല്പറഞ്ഞ ഉയർച്ചകൾക്ക് സ്വസമുദായവിവാഹനിഷ്ഠ ഒരു തടസ്സമായി പരിഗണിച്ചിട്ടില്ല. സീറോ മലബാർ സഭയുടെ ക്ളിപ്താധികാര പരിധിക്കുള്ളിൽ ക്നാനായ സമുദായത്തിന് സ്വസമുദായ വിവാഹനിഷ്ഠ ഇന്നും ഒരു തടസ്സമല്ല.

### അജപാലന പ്രശ്നങ്ങൾ

ക്നാനായ സമുദായത്തിന്റെ അടിസ്ഥാന സ്വഭാവം അവർ എവിടെ വസിച്ചാലും ഒന്നും തന്നെയാണ്. ക്നാനായ കത്തോലിക്കർ കോട്ടയം അതിരൂപതാദ്ധ്യക്ഷന്റെ അധികാര പരിധിക്കു പുറത്ത് താമസിക്കുന്നവരാണെങ്കിലും മേൽപറഞ്ഞ പാരമ്പര്യവും നയവും അവർക്കും ബാധകമായിരിക്കുമെന്ന നിലപാടാണ് കോട്ടയം അതിരൂപതാധികാരികൾ എന്നും കൈക്കൊണ്ടിട്ടുള്ളത്. പ്രവാസി ക്നാനായക്കാർക്കും കോട്ടയം അതിരൂപതയിൽ താമസിക്കുന്നവർക്ക് ലഭിക്കുന്നതുപോലെയുള്ള അജപാലനാവകാശം സ്വസമുദായ അംഗങ്ങളായ വൈദികരിലൂടെ ലഭിക്കണം എന്നു തന്നെയാണ് നാമെല്ലാവരും ആഗ്രഹിക്കുന്നത്. സ്വയാധികാരപരിധിക്കു പുറമേ ഏതെങ്കിലും പ്രദേശത്ത് ക്നാനായക്കാർ ഉണ്ടായിരിക്കുയും

അജപാലനത്തിനുവേണ്ടി പാശ്ചാത്യരോ പൗരസ്ത്യരോ ആയ സ്ഥലമേലദ്ധ്യക്ഷന്മാരുടെ കീഴിൽ വ്യക്തിഗത ഇടവകകൾ അല്ലെങ്കിൽ മിഷനുകൾ സ്ഥാപിക്കുമ്പോൾ കോട്ടയം അതിരൂപതയുടെ ക്ലിപ്ത അധികാരപരിധിക്കുള്ളിലുള്ള ക്നാനായ ഇടവകകളിൽ നിന്ന് വ്യത്യസ്ഥമാകാതിരിക്കുന്നതാണ്. ക്നാനായ സമുദായത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും അഭികാമ്യം.

ക്നാനായ സമുദായംഗങ്ങളിൽ വിശ്വാസവും പാരമ്പര്യങ്ങളും ഇഴുകി ചേർന്നിരിക്കുന്നു. അതുകൊണ്ട് ക്നാനായക്കാർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ അവരുടെ പാരമ്പര്യങ്ങളും സംരക്ഷിക്കപ്പെടണം എന്ന് അവർ ആഗ്രഹിക്കുകയും അവരുടെ തന്നെ മെത്രാന്മാരിൽ നിന്നും വൈദികരിൽ നിന്നും അജപാലനശുശ്രൂഷ ലഭിക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു. 1975 മുതൽ വിദേശരാജ്യങ്ങളിലേക്കുള്ള കുടിയേറ്റങ്ങൾ ആരംഭിച്ചപ്പോൾ ക്നാനായക്കാർ അതാത് സ്ഥലങ്ങളിലുള്ള കത്തോലിക്കാ സഭാസംവിധാനവുമായി സമുദായവുമായി ഇഴുകിചേർന്ന് ആത്മീയ കാര്യങ്ങൾ നടത്തിപോന്നിരുന്നു. എങ്കിലും വിവാഹം, മാമ്മോദീസാ മുതലായ കാര്യങ്ങൾക്ക് മുഖ്യമായും അവരവരുടെ ഇടവകകളെ ആശ്രയിക്കുകയും നാട്ടിൽ വരുന്ന സമയങ്ങളിൽ കൂദാശകൾ പരികർമ്മം ചെയ്യാൻ ശ്രദ്ധിക്കുകയും ചെയ്തിരുന്നു. എന്നാൽ അവരുടെ പിൻതലമുറക്കാർക്ക് പ്രത്യേകിച്ചും വടക്കേ അമേരിക്കയിൽ ജനിച്ചു വളർന്ന കുട്ടികൾ തങ്ങളുടെ ജന്മനാട്ടിലെ സംസ്കാരവും ഭാഷയും ആരാധനാക്രമവും മറ്റു ഭാഷകളേക്കാളും, ആരാധനാക്രമത്തേക്കാളും സ്വീകാര്യമായി തോന്നി. അങ്ങനെ ക്നാനായ ജനം പാലിച്ചു പോന്നിരുന്ന ആരാധനാക്രമത്തോടും പാരമ്പര്യത്തോടും വിമുഖതയും താല്പര്യക്കുറവും ഉളവായി. എങ്കിലും തങ്ങളുടെ പാരമ്പര്യങ്ങളും ആരാധനാക്രമവും അജപാലന ശുശ്രൂഷയും സ്വന്തം വൈദികരിൽ നിന്നും ലഭിക്കുന്നതിനുവേണ്ടി ക്നാനായ സംഘടനകൾ നിരന്തരം കോട്ടയം മെത്രാനുമായി ബന്ധപ്പെട്ട് തങ്ങളുടെ അജപാലന ശുശ്രൂഷകൾ സ്വന്തം റീത്തിലും സ്വന്തം വൈദികരിൽ നിന്നും ലഭിക്കുന്നതിനുവേണ്ടി പരിശ്രമിച്ചു. കോട്ടയം അതിരൂപതാതിർത്തിക്ക് പുറത്ത് താമസിക്കുന്ന ക്നാനായക്കാരുടെ ആദ്ധ്യാത്മികവും സഭാപരവും സാമൂഹ്യവും സാമുദായികവുമായ പുരോഗതിക്കുവേണ്ടി സാധിക്കുന്നിടങ്ങളിലെല്ലാം അവർക്കായി പ്രത്യേക പള്ളികളും ഇടവകകളും ഉണ്ടാകണമെന്ന് നാം ആഗ്രഹിക്കുകയും





അതിനായി പരിശ്രമിക്കുകയും ചെയ്തു വരുന്നു. അങ്ങനെ കേരളത്തിന് വെളിയിൽ ബാംഗ്ലൂരും ഇന്ത്യക്ക് വെളിയിൽ അമേരിക്ക, ഇംഗ്ലണ്ട്, ആസ്ത്രേലിയ തുടങ്ങിയ രാജ്യങ്ങളിലും ക്നാനായക്കാർക്ക് സ്വന്തമായോ ലത്തീൻ മെത്രാന്റെ ഭരണത്തിൻ കീഴിലോ സംഭാസംവിധാനങ്ങൾ ഉണ്ടായി.

പ്രവാസി ക്നാനായക്കാരുടെ ക്നാനായ ഇടവകാംഗത്വത്തെ സംബന്ധിച്ച വിവാദവും, അധികാരികളിൽ നിന്നു പ്രതികൂല പ്രതികരണവും ആദ്യം ഉണ്ടായത് ഷിക്കോഗോയിലാണ്. കേരളത്തിൽ വച്ച് സമുദായം മാറി വിവാഹം ചെയ്ത ആളുകളിൽ ഏതാനും ചിലർ 1984 മുതൽ ചിക്കാഗോ ക്നാനായ മിഷനിൽ അംഗത്വത്തിനു നിർബന്ധം പിടിച്ചു. അവരുടെ നിരന്തര പരാതിയുടെ വെളിച്ചത്തിൽ 1986 ജനുവരി 30 ന് പരിശുദ്ധ തിരുസംഘത്തിന്റെ പ്രീഫെക്ട് കാർഡിൽ ലൂർദ് സ്വാമി ഷിക്കോഗോ ആർച്ച് ബിഷപ്പ് കാർഡിനാൽ ബെർനാർഡിനു നല്കിയ നിർദ്ദേശവും (Prot. N. 124/83) 2001 നവംബർ 21 നു ഷിക്കാഗോ സീറോ മലബാർ രൂപതാദ്ധ്യക്ഷൻ മാർ ജേക്കബ് അങ്ങാടിയാത്തിനു പൗരസ്ത്യ തിരുസംഘം നല്കിയ നിർദ്ദേശവും ക്നാനായ മിഷനുകളും ഇടവകകളും സ്ഥാപിക്കുന്നതിന് അനുകൂല സാഹചര്യമൊരുക്കിയെങ്കിലും കോട്ടയം രൂപതയിലെ അതേ അവസ്ഥയിൽ ഉള്ളികൾ സ്ഥാപിക്കുന്നതിനു തടസ്സമായി. എങ്കിലും ഷിക്കാഗോ രൂപതയിൽ 2001 ഒക്ടോബർ 3 നു രണ്ടു വികാരി ജനറാളന്മാരെ നിയമിച്ചപ്പോൾ, നമ്മുടെ താല്പര്യം മാനിച്ച് അവരിൽ ഒരാൾ ക്നാനായക്കാരുടെ ചുമതലയുള്ള ക്നാനായ വികാരി ജനറാളായിരുന്നു. 2006 ഏപ്രിൽ 30 നു ക്നാനായ മിഷനുകളേയും ക്നാനായ മിഷനുകൾ ഇല്ലാത്ത സ്ഥലങ്ങളിലെ ക്നാനായക്കാരേയും ഉൾപ്പെടുത്തി ക്നാനായ റീജിയൺ സ്ഥാപിച്ച് ക്നാനായ വികാരി ജനറാളെ റീജിയൺ ഡയറക്ടറായി മാർ ജേക്കബ് അങ്ങായിയാത്ത് നിയമിച്ചു. ഷിക്കാഗോ രൂപത സ്ഥാപിതമായപ്പോൾ നിലവിലുണ്ടായിരുന്ന എട്ടു ക്നാനായ മിഷനുകൾ സീറോ മലബാർ രൂപതയുടെ ഭാഗമായി പുനഃസ്ഥാപിക്കുകയും 12 പുതിയ ക്നാനായ മിഷനുകൾ കൂടി ക്രമേണ സ്ഥാപിക്കുകയും ചെയ്തു. അങ്ങനെയുണ്ടായ 20 ക്നാനായ മിഷനുകളിൽ 11 എണ്ണം സ്വന്തം പള്ളികൾ വാങ്ങി ഇടവകകളായി വളർന്നു വന്നു. ക്നാനായ ഇടവക സംവിധാനം നിലവിൽ വന്നതോടുകൂടി അമേരിക്കയിലെ ക്നാനായക്കാരുടെ മതപരിശീലനത്തിലും

ആദ്ധ്യാത്മിക വളർച്ചയിലും, മറ്റ് അജാപലന വികസനത്തിലും പ്രശംസനീയ പുരോഗതി കൈവരിക്കാൻ സഹായകമായി.

അമേരിക്കയിലെ ക്നാനായക്കാർക്കായി സ്ഥാപിച്ച ഇടവകകളും മിഷനുകളും കോട്ടയം അതിരൂപതയിലെ പള്ളികൾ പോലെ പ്രവർത്തിക്കുവാൻ ശ്രമിക്കുന്നുണ്ടെങ്കിലും പൗരസ്ത്യ തിരുസംഘത്തിൽ നിന്നുള്ള മേൽപറഞ്ഞ നിർദ്ദേശം അംഗത്വസംബന്ധമായ അവ്യക്തത നിലനിർത്തുന്നു. അംഗത്വത്തിന്റെ പേരിൽ നമുക്കു ലഭിക്കാവുന്ന സഭാസംവിധാനത്തെ ഒഴിവാക്കിയാൽ അമേരിക്കയിൽ കുടിയേറിയ 3500 ഓളം ക്നാനായ കുടുംബങ്ങളുടേയും, തുടർന്ന് കുടിയേറാനിരിക്കുന്നവരുടേയും, അജപാലന ശുശ്രൂഷയും സാമുദായിക വികസനവുമാണ് നാം ഇല്ലാതാക്കുക. അതിനാൽ 1986 ലെ റെസ്ക്രിപ്റ്റ് മാറ്റികിട്ടുവാൻ നാം പരിശ്രമിക്കുന്നതോടൊപ്പം നമ്മുടെ സമുദായാംഗങ്ങളുടെ താൽപര്യവും ആവശ്യവും പരിഗണിച്ച് അജപാലന വിവേകത്തോടെ സഭയ്ക്കും സമുദായത്തിനും കോട്ടം വരാത്തവിധം അമേരിക്കയിലെ ക്നാനായ ഇടവകകളും മിഷനുകളും പ്രവർത്തിക്കുന്നു.

മറ്റു സ്ഥലങ്ങളിൽ ക്നാനായക്കാർ അതാത് സ്ഥലത്തെ ലത്തീൻ ഭരണത്തിൻ കീഴിലാണ് നിലവിൽ ആത്മീയ കാര്യങ്ങൾ നടത്തുന്നത്. ബാംഗ്ലൂരിൽ ഡോ. അൽഫോൻസ് മത്തിയാസ് വാക്കാൽ നല്കിയ അനുവാദത്തോടെ സ്വർഗ്ഗറാണിയിൽ ക്നാനായ ദൈവാലയം സ്ഥാപിക്കപ്പെട്ടെങ്കിലും നമ്മുടേതായ ഇടവകകൾ ഇതുവരെയും ലഭിച്ചിട്ടില്ല. ലോകത്തിന്റെ ഏതു കോണിൽ താമസിച്ചാലും ക്നാനായക്കാർ തങ്ങളുടെ പൈതൃകവും പാരമ്പര്യവും പാലിച്ചുപോരുന്നുണ്ട്. അവരെയെല്ലാം കോർത്തിണക്കുന്ന ആദ്ധ്യാത്മിക നേതൃത്വം കോട്ടയം അതിരൂപതാദ്ധ്യക്ഷൻ ആയിരിക്കണം. ക്നാനായക്കാർ ഏതു രൂപതയുടെ ഭാഗമായി വന്നാലും സമുദായം എന്ന നിലയിൽ അവരുടെ ഉന്നമനത്തിനും ഏകീകരണത്തിനും ശ്രദ്ധിക്കേണ്ട വ്യക്തി കോട്ടയം അതിരൂപതാദ്ധ്യക്ഷനായിരിക്കണം എന്ന വൈകാരിക ബന്ധം ക്നാനായ ജനത്തിന് ഉണ്ടാകണം. കോട്ടയം അതിരൂപതയ്ക്ക് വെളിയിലും ക്നാനായക്കാർ ഒരേ തനിമയും പൈതൃകവും കാത്തുസൂക്ഷിക്കുന്നതിനാൽ ഇംഗ്ലണ്ടിലും യൂറോപ്പിലെ മറ്റ് സ്ഥലങ്ങളിലും, ആസ്ത്രേലിയായിലും സീറോ മലബാർ സഭയുടെ അതിർത്തിക്കുള്ളിലുള്ള എല്ലാ അവകാശങ്ങളും കിട്ടണം എന്നതാണ് നമ്മുടെ ആവശ്യം,





**വെല്ലുവിളികൾ**

ഏതൊരു സമൂഹത്തിന്റെയും വിശ്വാസം നിലനിർത്തുന്നത് പിൻതലമുറകളിലേക്ക് അത് പകർന്നു കൊടുക്കുമ്പോഴാണ്. ക്നാനായക്കാരായ പ്രവാസികൾ അവരുടെ വിശ്വാസവും പൈതൃകവും പരസ്പരം കോർത്തിണക്കി കൊണ്ടുപോകുന്നതിന് കാലാകാലങ്ങളിൽ ശ്രമങ്ങൾ ഉണ്ടായിരുന്നു. എങ്കിലും തങ്ങൾ അധിവസിക്കുന്ന സ്ഥലത്തിന്റെ പ്രാദേശിക സ്വഭാവം മനസ്സിലാക്കി സ്വദേശത്തു ലഭിക്കുന്ന തരത്തിലുള്ള വിശ്വാസ പൈതൃക പാരമ്പര്യങ്ങൾ തുടർന്ന് കൊണ്ടുപോകുവാൻ തടസ്സങ്ങൾ ഉണ്ടാകുന്നു. സ്വന്തം സമുദായത്തിൽപെട്ട വൈദികരിൽ നിന്ന് ആത്മീയ ശുശ്രൂഷയും കൂദാശകളും ലഭിക്കുന്നതിനുള്ള അവകാശം നിഷേധിക്കപ്പെടുന്നു. പതിനാറര നൂറ്റാണ്ടുകളായി പുലർത്തി പോരുന്ന പാരമ്പര്യം ഉപേക്ഷിക്കുന്നതിന് വൈകാരികമായി ബുദ്ധിമുട്ടുണ്ട്. ജന്മം കൊണ്ട് ക്നാനായക്കാരല്ലാത്ത ജീവിത പങ്കാളിക്കോ കുടുംബത്തിനോ ക്നാനായ ഇടവകയിൽ അംഗത്വം നൽകാൻ ഒരിക്കലും സാദ്ധ്യമല്ലെന്ന നിലപാടിൽ അമേരിക്കയിലെ ക്നാനായ സമൂഹം ഉറച്ചുനിൽക്കുന്നു. ക്നാനായക്കാരായ വൈദികരെ അജപാലന ശുശ്രൂഷയ്ക്കായി വിദേശരാജ്യങ്ങളിലേക്ക് വിടുന്നതിന് തടസ്സങ്ങൾ ഉണ്ടാകുന്നു. സ്വന്തം വൈദികരെ ലഭിക്കാതെ അതാത് സ്ഥലത്തെ ക്നാനായേതര ഇടവകയുടെ/മിഷൻ ലത്തീൻ പള്ളികളുടെ ഭാഗമായി നിലനിന്നുവരുന്ന പക്ഷം ഈ സമുദായം കാത്തു സൂക്ഷിക്കുന്ന പാരമ്പര്യങ്ങൾ പാലിച്ചുകൊണ്ടുപോകുവാൻ ബുദ്ധിമുട്ട് ഉണ്ടാകുന്നുവെന്ന് കല്യാൺ രൂപതയ്ക്കുള്ളിൽ താമസിക്കുന്ന ക്നാനായക്കാരുടെ അനുഭവം സാക്ഷ്യപ്പെടുത്തുന്നു.

ക്നാനായ ജനത കുടിയേറ്റ ജനതയായതിനാൽ വിവിധ രാജ്യങ്ങളിലേക്ക് കാലാകാലങ്ങളിൽ കുടിയേറ്റം നടത്തുകയും തങ്ങളുടെ തന്നെ മിഷനുകളോ ഇടവകകളോ കുടാരയോഗങ്ങളോ, അസ്സോസിയേഷനുകളെ, സംഘടിപ്പിച്ച് അജപാലന കാര്യങ്ങൾക്ക് നേതൃത്വം നൽകി വരുന്നു. തങ്ങൾ പാലിച്ചുപോകുന്ന സഭാ പാരമ്പര്യവും പൈതൃകവും വിട്ടുപോകുന്നതിനോ അതിന് മാറ്റം വരുത്തി മുമ്പോട്ടു പോകുന്നതിനോ ജനം ഒരിക്കലും തയ്യാറാകുന്നില്ല. തങ്ങളുടെ വൈദികരാലും മെത്രന്മാരാലും നയിക്കപ്പെടുന്നതിനും ശുശ്രൂഷിക്കപ്പെടുന്നതിനും അവർക്കുള്ള അവകാശം നിഷേധിക്കുന്നത് ഒരിക്കലും സ്വീകാര്യമല്ല. കൂടുതൽ ക്നാനായ വൈദി

കരെ വിവിധ രാജ്യങ്ങളിലേക്ക് അയയ്ക്കുന്നതിന് സീറോമലബാർ സഭാനേതൃത്വം താല്പര്യം എടുക്കാത്ത പക്ഷം തങ്ങളുടെ പൈതൃകം എങ്ങനെ സംരക്ഷിക്കപ്പെടും എന്ന ആശങ്ക ക്നാനായ സമൂഹത്തിന് ഉണ്ട്. സീറോ മലബാർ സഭയുടെ അധികാര പരിധിയ്ക്കു പുറത്തുള്ള സഭാംഗങ്ങളുടെ അജപാലന കാര്യങ്ങൾക്കായി കൂടുതൽ പരിശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ അതിന്റെ ഭാഗമായി നിലകൊള്ളുന്ന ക്നാനായ സമുദായത്തിന്റെയും, കോട്ടയം അതിരൂപതയുടെയും പ്രത്യേകതകൾ ഉൾക്കൊണ്ടുകൊണ്ടുള്ള സഭാ സംവിധാനങ്ങൾ നമുക്ക് ലഭിക്കേണ്ടിയിരിക്കുന്നു.

**പരിഹാരമാർഗ്ഗം**

പ്രവാസികളായി കഴിയുന്ന ക്നാനായ ജനതയ്ക്ക് തങ്ങളുടെ പാരമ്പര്യങ്ങളും പൈതൃകവും വിശ്വാസവും പാലിച്ചുകൊണ്ടുപോകുന്നതിന് സംവിധാനം ഉണ്ടാകണം. കോട്ടയം മെത്രാന് ലോകമെമ്പാടുമുള്ള ക്നാനായ ജനതയുടെ മേൽ അധികാരവകാശം അനുവദിച്ചു നല്കുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ ക്നാനായക്കാരുടെ സഭാപാരമ്പര്യങ്ങൾ സംരക്ഷിക്കപ്പെട്ടുകൊള്ളും. ലോകമെമ്പാടുമുള്ള ക്നാനായക്കാരെ ഒരുമിച്ചു നിറുത്തുന്നത് സമുദായ താല്പര്യമാണ്. ഓരോ സഭയുടെയും ആരാധനാക്രമവും വിശ്വാസ പൈതൃകവും സംരക്ഷിക്കപ്പെടണം എന്നാണ് സഭ ആഗ്രഹിക്കുന്നതെങ്കിൽ സീറോമലബാർ സഭയ്ക്ക് സംവിധാനം ഉണ്ടാകുന്നതു പോലെ തന്നെ ക്നാനായ സമുദായത്തിന് തനതായ സംവിധാനങ്ങൾ ഉണ്ടാക്കുക വഴി സമുദായ താല്പര്യവും സഭാ താല്പര്യവും സംരക്ഷിക്കപ്പെടും. സ്വവംശവിവാഹ നിഷ്ഠ പാലിക്കണം എന്നത് ഈ സമുദായത്തിന്റെ നിലനില്പിന്റെ തന്നെ അടിസ്ഥാന തത്വമാണ്. അതിന് തടസ്സം ഉണ്ടായാൽ ക്നാനായ സഭാസമൂഹം തന്നെ ഇല്ലാതെ വരുകയും സഭാഘടകത്തിന്റെ അസ്തിത്വം തകർന്നു പോവുകയും ചെയ്യും.

സഭയോടു ചേർന്ന് വളരുകയും സഭയെ വളർത്തുകയും ചെയ്യുന്ന പാരമ്പര്യമാണ് ക്നാനായ സമുദായത്തിനുള്ളത്. സീറോ മലബാർ സഭയ്ക്ക് അതിർത്തിക്കു വെളിയിൽ രൂപതകൾ ഉണ്ടാകുമ്പോൾ ക്നാനായക്കാരുടെ പ്രത്യേകതകൾ കൂടി പരിഗണിച്ച് സഭാ സംവിധാനങ്ങൾ നൽകുമ്പോൾ ക്നാനായ സമുദായത്തിന്റെ വളർച്ച മാത്രമല്ല, സീറോ മലബാർ സഭയുടെ വളർച്ചത





ന്നെയാണ് പൂർണ്ണമാകുന്നത്. ക്നാനായ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ മിഷനുകളും, ഇടവകകളും, അസോസിയേഷനുകളും സഹകരിച്ച് പ്രവർത്തിക്കുന്നതോടൊപ്പം കൂടുതൽ ഇടവകകളും മിഷനുകളും അജപാലനകാര്യങ്ങൾക്കായി സ്ഥാപിക്കുകയും വേണം. ചിക്കാഗോ രൂപതയിലെ ക്നാനായ ഇടവകകളിലെ അംഗത്വം സംബന്ധിച്ച് നമുക്ക് പൂർണ്ണമായും സ്വീകാര്യമായ നയം വ്യക്തമായി ലഭിച്ചില്ലെങ്കിലും ക്നാനായ ഇടവകകൾ പോലുള്ള സഭാസംവിധാനങ്ങൾ വേണ്ടെന്നു വയ്ക്കുന്നത് വിവേകപൂർവ്വകമായ തീരുമാനമായിരിക്കുകയില്ല. കാരണം ക്നാനായ ഇടവകകളിലൂടെ നമുക്ക് ലഭിക്കാവുന്ന സഭാ-സാമുദായിക വളർച്ച അത്ര വലുതാണെന്ന് ഇതുവരെയുള്ള അനുഭവം തെളിയിക്കുന്നു.

സഭാ കാര്യങ്ങളിൽ കേരളത്തിൽ ലഭിക്കുന്ന എല്ലാ അവകാശങ്ങളും സാധ്യതകളും കേരളത്തിന് വെളിയിൽ ലഭിക്കും എന്ന ഉറപ്പ് ഉണ്ടാകുമ്പോൾ ലോകമെമ്പാടും ഉള്ള ക്നാനായക്കാർക്ക് സ്വന്തം ഇടവകകളും മെത്രാനും ഉണ്ടാകുക എന്ന സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയായിരിക്കും ചെയ്യുക. അങ്ങനെയുള്ള ഒരു നല്ല നാളെയാണ് ക്നാനായ സമുദായം കാത്തിരിക്കുന്നത്. നിലവിലുള്ള അവസ്ഥ താല്ക്കാലികമായ ഒരു സംവിധാനമായി കണ്ട് നല്ല നാളേക്ക് വേണ്ടി പ്രതീക്ഷയോടെ കാത്തിരിക്കുകയും നാം ആഗ്രഹിക്കുന്ന സഭാസംവിധാനത്തിനുവേണ്ടി പരിശ്രമിക്കുകയും വേണം.

**DKCC യും വിവിധ രാജ്യങ്ങളിലെ സംഘടനകളുടെ ഏകീകരണവും**

പ്രവാസി ക്നാനായക്കാർ പാർക്കുന്ന സ്ഥലങ്ങളിൽ സമുദായ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ക്നാനായ അസോസിയേഷനുകൾ സ്വാഭാവികമായി രൂപപ്പെട്ടുവന്നു. അസോസിയേഷനുകളുടെ മേൽനോട്ടത്തിൽ ആദ്യകാലങ്ങളിൽ വൈദികരെ ആത്മീയ കാര്യങ്ങൾക്കായി കോട്ടയം രൂപതാദ്ധ്യക്ഷൻ അയച്ചിരുന്നു. ആത്മീയ കാര്യങ്ങളുടെ നിർവഹണത്തെക്കാൾ ഏറെ മുൻതൂക്കം സാംസ്കാരികവും സാമുദായികവുമായ കൂട്ടായ്മയ്ക്ക് നല്കിയപ്പോൾ ഇടവക രൂപീകരണം നടക്കാതെ വന്നു. എന്നാൽ ആത്മീയ കാര്യങ്ങൾക്ക് ഇടവകകളും മിഷനുകളും ആവശ്യമാണെന്നുള്ള തിരിച്ചറവും സമുദായ സംഘടന (അസോസിയേഷൻ) സാംസ്കാരിക കാര്യങ്ങൾക്ക് മാത്രം നേതൃത്വം നല്കുന്നതിനുവേണ്ടിയുള്ളതാണെന്ന വസ്തുതയും മനസ്സിലാക്കിയപ്പോൾ കൂടുതൽ ഇടവകകളും

മിഷനുകളും ഉണ്ടായി. ഓരോ സ്ഥലത്തും അസോസിയേഷനുകൾ കാര്യമായി പ്രവർത്തിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതോടൊപ്പം ആഗോളതലത്തിലുള്ള ഒരു സംവിധാനം കാലഘട്ടത്തിന്റെ ആവശ്യമായി വന്നു. ലോകമെമ്പാടുമുള്ള ക്നാനായ ജനതയെ കോർത്തിണക്കുന്ന കോർഡിനേറ്റർ ഗോത്രപിതാവായ കോട്ടയം അതിരൂപതാദ്ധ്യക്ഷൻ ആയിരിക്കണം. അദ്ദേഹം നല്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ക്നാനായ ജനതയുടെ ഏകീകരണം നടക്കണം. അങ്ങനെ ക്നാനായ സമുദായം കത്തോലിക്കാ വിശ്വാസവും ക്നാനായ തനിമയും ഒന്നുപോലെ കാത്തുസൂക്ഷിക്കുന്ന സമൂഹമായി മാറും. എന്നാൽ ആഗോള തലത്തിലുള്ള സംഘടന ഉണ്ടാവുകയും അതിന്റെ ഏകീകരണം കോട്ടയം രൂപതാദ്ധ്യക്ഷന്റെ കീഴിൽ വരികയും ചെയ്യുന്നുവെങ്കിൽ ക്നാനായ സമുദായത്തിന്റെ വളർച്ച മറ്റേതൊരു സമുദായത്തിന്റേയും വളർച്ച പോലെ വലുതായിരിക്കും എന്നതിൽ സംശയമില്ല. കേരളത്തിലുള്ള കത്തോലിക്കാ കോൺഗ്രസ്സിന്റെ ഭാഗമായി ഡയാസ്പറയിലുള്ള സംഘടനകൾ വളരുന്നതു വഴി നമ്മുടെ തനിമയും പൈതൃകവും സംരക്ഷിക്കുമെന്ന് നമുക്ക് ഉറപ്പു ഉണ്ടാകും. കോട്ടയം അതിരൂപതാദ്ധ്യക്ഷന്റെ പേട്രൻഷിപ്പിൽ (patronship) ആഗോളതലത്തിൽ DKCC ശക്തിപ്പെട്ടുവരുന്നതോടൊപ്പം ഓരോ പ്രാദേശിക അസ്സോസിയേഷനും വളരുകയും ക്നാനായ തനിമയും പാരമ്പര്യവും സംരക്ഷിക്കുന്നതിന് ആവശ്യകമായ സാഹചര്യം ഒരുക്കുകയും വേണം. കേരളത്തിനു വെളിയിൽ താമസിക്കുന്ന എല്ലാ ക്നാനായക്കാരെയും കോർത്തിളക്കുന്ന കണ്ണിയായിരിക്കണംDKCC. സമുദായംഗങ്ങൾ തമ്മിൽ ആരോഗ്യപരമായ ബന്ധങ്ങൾ വളർത്തി പൊതുനന്മയ്ക്കായി പരിശ്രമിക്കണം. ക്നാനായ സമുദായത്തിലെ അംഗങ്ങൾ കുറഞ്ഞു പോകാതെ സൂര്യചന്ദ്രന്മാർ ഉള്ള കാലമെത്രയും വളർന്ന് വരുവാൻ ഈ സംവിധാനങ്ങൾ സഹായകമാവട്ടെ.